
# ശബാബ് വാരിക


1999 ജനുവരി 29 വെള്ളി | പുസ്തകം 22 | ലക്കം 23



3 ജനു. 17 ലെ മാസപ്പിറവി അസംഭാവ്യമെന്ന് വാനനിരീക്ഷണ കേന്ദ്രത്തലവൻ

4 ഇസ്‌ലാമിക ഐക്യത്തിന്റെ ആധാരശിലയും ഐക്യനാട്യക്കാരുടെ പാപ്പരത്തവും

6 ശവ്വാൽ മാസപ്പിറവി

7 മാസപ്പിറവി: പ്രശ്നത്തിന്റെ മർമവും മതവിധിയും

8 മാസപ്പിറവിയും ലോകാവസാനവും

9 ചങ്ങലീരി: സംഭവിച്ചതെന്ത്?

10 11 ഖാസിമാരുടെ മാസപ്പിറവി നിർണയം 97ലും 99ലും


## മാസപ്പിറവി

# മാസപ്പിറവി വിവാദം എന്തിന് ?

## ഈദുൽ ഫിത്്ർ 19 നു ചൊവ്വാഴ്ച

'കോഴിക്കോട്: ജനുവരി 17 നു ഞായറാഴ്ച സൂര്യൻ അസ്തമിക്കുന്നതിന് 10 മിനുട്ട് മുമ്പ് കാസർക്കോട്, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ചന്ദ്രൻ അസ്തമിക്കുന്നതിനാൽ അന്നു കേരളത്തിലൊരിടത്തും മാസപ്പിറവി കാണുവാൻ സാധ്യമല്ല ആയതിനാൽ 18ാം തിയ്യതി തിങ്കളാഴ്ച റമദാൻ 30 പൂർത്തീകരിച്ച് ഈദുൽഫിത്്ർ 19 ാം തിയ്യതി ചൊവ്വാഴ്ചയായിരിക്കുമെന്ന് കേരള ഹിലാൽ കമ്മിറ്റി ചെയർമാൻ കെ എൻ ഇബ്റാഹീം മൗലവി അറിയിച്ചു.'

(ശബാബ്: 99 ജനുവരി 15)

എന്നാൽ, കോഴിക്കോട് കാപ്പാട് ബീച്ചിലും കൊയിലാണ്ടി കൊല്ലത്തും താനൂരിലും ഒരുകൂട്ടം ആളുകൾ മാസപ്പിറവി കണ്ടുവെന്ന് പറഞ്ഞതിനാൽ തിങ്കളാഴ്ച ഈദുൽഫിത്്ർ ആയിരിക്കുമെന്ന് ചിലർ പ്രഖ്യാപിച്ചു. ഇതേതുടർന്ന് പെരുന്നാൾ രണ്ടായി.

ഖണ്ഡിതമായ കണക്കും അസംഭവ്യമായ കാഴ്ചയുമാണ് ഈ വശങ്ങളിലായി ഉള്ളത്. ഗോളശാസ്ത്ര കണക്ക് തെറ്റിയിരിക്കുന്നുവെന്നാണ് തിങ്കളാഴ്ച ഈദുൽഫിത്്ർ ആഘോഷിച്ചവർ പറയുന്നത്. ഗോളശാസ്ത്ര കണക്ക് മുസ്ലിംകളുടെതല്ല. ഇതിന്റെ ഗവേഷണ നിരീക്ഷണത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്. ഹിലാൽ കമ്മിറ്റി അവലംബിച്ച കണക്ക് ഈ സ്ഥാപനങ്ങളെല്ലാം ശരിവെക്കുന്നു. എന്നിരിക്കേ, കാഴ്ച സ്ഥിരീകരിച്ചവർക്ക് വിശദീകരണം നൽകേണ്ട ബാധ്യതയുണ്ട്. മുസ്ലിംകളുടെ ഒരു നോമ്പ് നഷ്ടപ്പെടുത്തുകയും ഇതര സമൂഹങ്ങൾക്കിടയിൽ മുസ്ലിംകളെ വിലയിടിച്ചു കാണിക്കുകയും ചെയ്തതിനു വിശദീകരണം ലഭിക്കേണ്ടതുണ്ട്. വസ്തുതകളെ കൂട്ടത്തോടെ നിരാകരിക്കുന്ന ഒരു സമൂഹത്തിന് കണക്കെന്നല്ല എല്ലാ നേരുകളും വിഷമായി അനുഭവപ്പെടും.

മാസപ്പിറവി വിവാദം മർമത്തിൽ നിന്നകലവേ കേരള ഹിലാൽ കമ്മിറ്റി മലയാളത്തിലെ പ്രമുഖ പത്രങ്ങളിൽ ജനുവരി 21 നു ഒരു പരസ്യം നൽകി. ഈ പരസ്യം ഇപ്പോഴും ശബ്ദിച്ചുകൊണ്ടിരിക്കുന്നു.

## കേരള ഹിലാൽ കമ്മിറ്റി അറിയിപ്പ്

മാന്യരേ,

ആധുനിക ഗോളശാസ്ത്ര കണക്കിന്റെ അടിസ്ഥാനത്തിൽ '99 ജനുവരി 17 നു സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് ചന്ദ്രൻ അസ്തമിക്കുന്നു എന്ന് ഉറപ്പായതിനാൽ 18നു തിങ്കളാഴ്ച പെരുന്നാളാവുകയില്ലെന്ന് ഞങ്ങൾ അറിയിച്ചിരുന്നു. കേരളത്തിലെ പ്രസക്തമായ കലണ്ടറുകളും പഞ്ചാംഗങ്ങളും ഇതു തന്നെ രേഖപ്പെടുത്തുന്നു. കേരളത്തിലെ ഒബ്സർവേറ്ററി, പ്ലാനറ്റേറിയം തുടങ്ങിയ സ്ഥാപനങ്ങളും ഇതു ശരിവെച്ചതായാണറിവ്. ഇതിനെതിരിൽ ആരും പ്രതികരിച്ചതായി കണ്ടിട്ടില്ല. എന്നാൽ 17നു മലബാറിൽ ചിലയിടങ്ങളിൽ മാസപ്പിറവി കണ്ടതായി ചിലർ അവകാശപ്പെട്ടിരിക്കുകയാണല്ലോ.

ഞങ്ങളുടെ കണക്ക് തീർത്തും ശരിയായിരുന്നുവെന്ന് തുടർന്നുള്ള ദിവങ്ങളിലെ ചന്ദ്രാസ്തമയ സമയങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ 17 ാം തിയ്യതി കേരളത്തിലെന്നല്ല; കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ലക്ഷദ്വീപ് സമൂഹമടക്കം ഇന്ത്യയിലെവിടെയെങ്കിലും ചക്രവാളത്തിൽ സൂര്യാസ്തമയത്തിനു ശേഷം ചന്ദ്രൻ അവശേഷിച്ചിരുന്നതായി ഗോളശാസ്ത്ര കണക്കുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും രേഖ ഇനിയും നൽകാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ ആയതു ഞങ്ങൾ സ്വാഗതംചെയ്യുന്നു.

സെക്രട്ടറി, കേരള ഹിലാൽ കമ്മിറ്റി.

10 11 ഖാസിമാരുടെ മാസപ്പിറവി നിർണയം 97ലും 99ലും

12 അമ്പിളിക്കലയിലെ അമ്പ്

13 പിറക്കാത്ത മാസത്തിലെ ഒടുങ്ങാത്ത പ്രശ്നങ്ങൾ

14 ഇവർ സമുദായത്തെ വഞ്ചിക്കുകയാണ്

15 താനൂരിലെ മാസപ്പിറവി ദർശനവും ഗോളശാസ്ത്രം പരിഗണിച്ച ജമാഅത്തുകാരനും

16 കാപ്പാട്ടെയും, കൊല്ലത്തെയും മാസപ്പിറവി

17 സുറത്ത്കൽ കലാപം: ഫാസിസ്റ്റുകളുടെ ഗൂഢതന്ത്രം

ആഘോഷങ്ങളുടെ ഭാഗമായി ഐ എസ് എം സംസ്ഥാന സമിതി കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ രോഗികൾക്കും ജീവനക്കാർക്കും പെരുന്നാൾ സദ്യ നൽകി.

പാളയം പള്ളി ഇമാം പ്രൊഫ. ഹുസൈൻ മടവൂർ സദ്യയുടെ വിതരണം നിർവഹിച്ചു. കോമ്പൗണ്ടിൽ നിന്നുതന്നെ ഭക്ഷണം തയ്യാറാക്കി സെല്ലുകളിൽ വിതരണം ചെയ്യുകയായിരുന്നു. ലാബ് പരിശോധനയ്ക്കു ശേഷമാണ് അന്തേവാസികൾക്ക് ഭക്ഷണം നൽകിയത്. ഓണത്തിനും വിഷുവിനും ക്രിസ്മസിനും ആശുപ പെരുന്നാളിന് ആദ്യമായാണ് സദ്യ.

സംസ്ഥാന സെക്രട്ടറി കെ പി സക്കരിയ, ജില്ലാ സെക്രട്ടറി അനസ് കടലുണ്ടി, സെക്രട്ടറി കെ പി അബ്ദുൽഹയ്യ്, ട്രഷറർ എം എം അബ്ദുറസാഖ്, പ്രോഗ്രാം കൺവീനർ അബ്ദുറഹ്മാൻ പന്നിയങ്കര, ആർ എം ഒ ഡോ. സി കെ ഗോപാലൻ, ഡോ. സി ഗീത, ഡോ. ഇ പ്രകാശൻ, ഡോ. സി സോമസുന്ദരൻ, ഡോ. കെ ശ്രീകുമാർ, നഴ്സിങ് സുപ്രണ്ട് കെ രാധ, ഹെഡ് നഴ്സ് സി കെ സരോജിനി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



ഈദുൽഫിത്വ്ർ ആഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ സദ്യവിതരണം ഹുസൈൻ മടവൂർ നിർവഹിക്കുന്നു

## എം എസ് എം ദക്ഷിണ മേഖല പ്രതിനിധി സമ്മേളനം: മേഖല കൺവൻഷനുകൾ

കോഴിക്കോട്: എം എസ് എം ദക്ഷിണമേഖല പ്രതിനിധി സമ്മേളനത്തിന്റെ പ്രചാരണാർഥം 99 ജനുവരി 31, ഫെബ്രുവരി 1,2 തിയ്യതികളിൽ നടക്കുന്ന മേഖലാ പരിപാടികൾക്ക് അന്തിമ രൂപം നൽകി. 31ാം തിയ്യതി 2മണി മുതൽ 4.30 വരെ മേഖലകൾ തോറും കെ എൻ എം, ഐ എസ് എം, എം എസ് എം സംയുക്ത കൺവൻഷനുകൾ നടക്കും. തുടർന്ന് എം എസ് എം മേഖല തസ്കിയ്യത്ത് ക്യാമ്പും നടക്കും. ഇതിൽ വെച്ച് ഫിബ്രു 1,2 തിയ്യതികളിൽ നടക്കുന്ന കേമ്പസ് ദഅ്വാ സ്ക്വാഡുകൾക്ക് നിർദേശങ്ങൾ നൽകും. മേഖല കൺവൻഷനും തസ്കിയ്യത്ത് ക്യാമ്പും നടക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. കൺവൻഷനുകളിൽ എല്ലാ കെ എൻ എം, ഐ എസ് എം, എം എസ് എം പ്രവർത്തകരും പങ്കെടുക്കണമെന്ന് എം എസ് എം സംസ്ഥാന ജനറൽ സെക്രട്ടറി റശീദ് ഒളവണ്ണ അറിയിച്ചു.

എറണാകുളം - പുല്ലേപടി ദാറുൽ ഉലൂം, കൊച്ചി - എം എം ഒ എച്ച് എസ്, ഫോർട്ട് കൊച്ചി,ആലുവ പെരുമ്പാവൂർ - മദീന കോളെജ് പെരുമ്പാവൂർ, ആലപ്പുഴ- അൽഫലാഹ് അറബിക്കോളെജ്, നദ്‌വത്ത് നഗർ- നദ്‌വത്ത് നഗർ യതീംഖാന കരുനാഗപള്ളി- പുത്തൻതെരുവ് സലഫി സെന്റർ, പുനലൂർ- വെഞ്ചേമ്പ് മുജാഹിദ് മദ്റസ, കണിയാപുരം- കണിയാപുരം, തിരുവനന്തപുരം- അറബിക് അക്കാദമി, ഈരാറ്റുപേട്ട- ഈരാറ്റുപേട്ട മുജാഹിദ് മദ്റസ

റഹ്മാൻ, അൽ അമീൻ (ട്രാൻസ്പോർട്ടിംഗ്), ആമിന, , നൂറാ (വിദ്യാർഥിനി സമ്മേളനം), ആരിഫ് സമാൻ, സുൽഫീക്കർ (രജിസ്ട്രേഷൻ), അനീസ് ഖരീം, അബ്ദുസ്സമദ് (കാമ്പസ് ദഅ്വ)

**കൊല്ലം:** ഡോ. മൻസൂർ (ചെയർമാൻ), ഇർഷാദ് സ്വലാഹി (ജന. കൺവീനർ), അബ്ദുസ്സലാം മദനി (കൺവീനർ), ഡി വൈ സാദിഖ് (ഫിനാൻസ്), ഷാജി പണിക്കത്ത് (ഫുഡ് & അക്കമഡേഷൻ)

## വിജയികളെ പ്രഖ്യാപിച്ചു

കോഴിക്കോട്: ഐ എസ് എം കോഴിക്കോട് സൗത്ത് ജില്ലാ 'ഖുർആൻ പ്രശ്നോത്തരി' വിജയികളെ പ്രഖ്യാപിച്ചു. ഇക്കഴിഞ്ഞ റമദാനിൽ സംഘടിപ്പിക്കപ്പെട്ട പ്രശ്നോത്തരിയിൽ രണ്ടായിരത്തോളം എൻട്രികൾ ലഭിച്ചിരുന്നു. 586 എൻട്രികൾ ശരിയായതിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയികളെ നിശ്ചയിച്ചത്. വിജയികൾ: അബൂബക്കർ കെ കടലുണ്ടി, അമീർ എം കെ തൃക്കളയൂർ, ജംഷീർ വി ടി തിരൂർ, റഫീഖ് കെ പി പട്ടേൽതാഴം, അബ്ബാസലി പി കമ്മനം, ഷാദിയവഹാബ് കല്ലായി, റസിയാബി ഇ എ കടലുണ്ടി, ഇസ്മാഈൽ ഇ നാദാപുരം, അബ്ദുൽ ജബ്ബാർ പി ഉഗ്രപുരം, മിനിക്കത്ത് എം കെ വാണിയമ്പലം.

ഐ എസ് എം ജന. സെക്രട്ടറി മുസ്തഫ ഫാറൂഖി, സെക്രട്ടറി കെ പി സക്കരിയ്യ, അബ്ദുൽ അസീസ് എന്നിവർ നറുക്കെടുപ്പ് ചടങ്ങിൽ സംബന്ധിച്ചു. ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടിയിൽ സമ്മാനങ്ങൾ വിതരണം ചെയ്യുമെന്ന് ഭാരവാഹികൾ അറിയിച്ചു


**WANTED**

Efficient male office secretary, proficient in English and Malayalam, with Compurter knowledge to work in an Islamic Organisation at Ernakulam.

*Apply with photograph.*

***Box No: 697***
***C/o Shabab Weekly***
***R.M Road, Calicut - 2***


*വിരോധത്താൽ തള്ളുന്നത് ഖുർആനെയാണെന്ന തിരിച്ചറിവു നേടുന്നവർ അവരിൽ നിന്നുതന്നെ ഉണ്ടാവാതിരിക്കില്ല.*

*മുജാഹിദുകളിൽ ഭിന്നിപ്പും പ്രതീക്ഷിച്ച് അസംബന്ധങ്ങളെ അടയിരുന്ന് വിരിയിച്ചെടുത്തവർക്ക് പെട്ടി വെച്ചത് നഷ്ടമായി. ഈദ് ഗാഹുകളും പള്ളികളും മുൻവർഷങ്ങളെക്കാൾ സജീവം. ഈ ഇടവേള വിശ്രമമില്ലാത്ത ബോധവത്കരണ പ്രവർത്തനങ്ങൾക്കാക്കുക. നമുക്കിത് വീണുകിട്ടിയ സന്ദർഭമാണെന്ന് മറക്കാതിരിക്കുക.*

*തൗഹീദ് പ്രസ്ഥാനത്തിന്റെ സ്വീകാര്യത വ്യാപകമാകുന്നതിൽ അരിശംകൊള്ളുന്ന യാഥാസ്ഥിതിക ഗ്രൂപ്പുകൾ മുജാഹിദുകൾക്കെതിരെ ഉൻമൂലന നടപടി സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. 'അരിയും തിന്ന്, ആശാരിച്ചിയെയും കടിച്ച്.....' എന്ന മട്ടിലാണ് കാര്യങ്ങളുടെ പോക്ക്. ചങ്ങലീരി സംഭവം വേദനാ നിർഭരമാണ്. നമ്മിൽ നിന്നു പിരിഞ്ഞ പ്രവർത്തകൻ തൗഹീദിന്റെ മാർഗത്തിലെ രക്തസാക്ഷിയാണ്. അക്രമം ആസൂത്രണം ചെയ്തു നടപ്പിലാക്കിയവർ പ്രസംഗം പ്രകോപനപരമായിരുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. ഐക്യ സംരംഭക്കാർ പ്രശ്നം മാസപ്പിറവിയായതിനാലാണ് 'കുഴപ്പ'മുണ്ടായതെന്ന വാദക്കാരാണ്. സകരിയ്യ സ്വലാഹി പ്രസംഗിക്കുന്നതിനു മുമ്പു തന്നെ കല്ലേറു തുടങ്ങിയവർ എന്തു കാരണത്താലാണ് പ്രകോപിതരായത്? തങ്ങൾക്കു ഭൂരിപക്ഷമുള്ള പ്രദേശത്ത് 'ന്യൂനപക്ഷമായ' മുജാഹിദുകൾ പ്രസംഗിക്കുന്നുവെന്നതാണ് അവരെ 'പ്രകോപിപ്പിക്കുന്ന'ത്. ഇതാണ് പ്രകോപനമെങ്കിൽ ഇക്കാരണത്താൽ പ്രകോപിതരാകുന്നവരെ അടക്കിയിരുത്തിയേ മതിയാവൂ. മുജാഹിദുകൾ ഭൂരിപക്ഷത്തിന്റെ വികാരം മനസ്സിലാക്കി പ്രവർത്തിക്കണമെന്ന് ഒരു മുസ്‌ലിയാർ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. നടുറോഡിലും സമൂഹമധ്യത്തിലുമൊന്നും പ്രകടിപ്പിക്കാൻ പാടില്ലാത്ത അനേകം വികാരങ്ങൾ മനുഷ്യർക്കുണ്ടെന്ന് ഇയാൾക്കു നേരത്തെ തന്നെ അറിയില്ല! അഹങ്കാരത്തിന്റെ കൊടുമുടിയിൽ കയറി പൗരോഹിത്യം വിഷം ചീറ്റുകയാണ്.*

*'സമാധാനകാംക്ഷി'കളായ ഐക്യവാദികളും അവരുടെ മെഗാഫോണുകളും ഒറ്റക്കായും സംയുക്തമായുമുള്ള പ്രസ്താവനയുമായി സാധാരണപോലെ ഇറങ്ങിയിട്ടുണ്ട്. വീടു തകർത്തതും സ്റ്റേജു തകർത്തതും പ്രവർത്തകരെ കല്ലെറിഞ്ഞതും ജീവഹാനിവരെ ഏല്പിച്ചതുമായ അക്രമ പരമ്പരയിൽ ഇവർക്കൊരു പ്രതിഷേധവുമില്ല. മയ്യിത്തിനു വിലപേശാനാണ് ഇവർക്കു തിടുക്കം. ഇവർക്കിണങ്ങുന്ന വിശേഷണത്തിനു മുമ്പിൽ ആരുടെയും ഭാഷാ പരിജ്ഞാനം തോൽക്കാതിരിക്കില്ല. സമാധാനം 'പുനഃസ്ഥാപി'ക്കാനുള്ള ആഹ്വാനവുമായി ഇറങ്ങിത്തിരിച്ചിരിക്കുകയാണവർ. ശാന്തി തീരങ്ങളിൽ അശാന്തി വാരിയെറിയുന്ന പ്രകോപന പ്രസ്താവനകൾ കുത്സിതത്വത്തിന്റെ പ്രത്യക്ഷ തെളിവാണ്.*

*മുജാഹിദുകൾക്കെതിരെ എല്ലാവരും ഒന്നിക്കുന്നുവെന്നത് നമ്മെ കൂടുതൽ കൂടുതൽ വിനീതരാക്കുന്നു; നാം സത്യമാർഗത്തിലാണെന്ന് നമുക്ക് വീണ്ടും വീണ്ടും ഉറപ്പാകുന്നു. യുവ പ്രവർത്തകർ ഈ അനുഭവപ്പെടലിന്റെ മുൻനിരയിലാണ്. അല്ലാഹുവിന്റെ കലവറയില്ലാത്ത സഹായം നമുക്ക് ലഭിക്കുന്നതും അക്കാരണത്താലാണെന്ന് മറക്കാതിരിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.*

***അബൂബക്കർ കാരക്കുന്ന്***
*(പ്രസിഡന്റ്, ഐ എസ് എം കേരള)*

# ജനുവരി 17 ലെ മാസപ്പിറവി അസംഭാവ്യമെന്ന് വാനനിരീക്ഷണകേന്ദ്രത്തലവൻ

**കോഴിക്കോട്ടെ പ്ലാനറ്റേറിയത്തിന്റെയും നക്ഷത്ര നിരീക്ഷണാലയത്തിന്റെയും തലവൻ ശ്രീ. വി എസ് രാമചന്ദ്രനെ, ജനുവരി 17 ന് കേരളത്തിലെ പലയിടങ്ങളിലും 'മാസപ്പിറവി' ദൃശ്യമായി എന്ന് പലരും പ്രചരിപ്പിച്ചിരുന്ന കാര്യം ധരിപ്പിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു: "തീർത്തും അസംഭാവ്യമാണത്; ശുദ്ധ അസംബന്ധവും!" അല്പം നർമം കലർന്ന സ്വരത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു: "മതത്തിന്റെ ചക്രവാളത്തിൽ എന്തും ഉദിക്കാം; അസ്തമിക്കാം. അങ്ങനെ പലതും നടക്കുന്നുണ്ടല്ലോ. ശാസ്ത്രലോകത്ത് പക്ഷെ, അതു വയ്യ. ഇവിടെ അർധരാത്രി സൂര്യനുദിച്ചു എന്നു പറഞ്ഞാൽപോലും വിശ്വസിക്കുന്നവരെ കണ്ടേക്കാം. എന്നാൽ ഒന്നുണ്ട്: ശാസ്ത്രത്തിന്റെ മികച്ച ഗണനകൾ കൃത്യതയാർന്നതല്ലെന്നു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഏതൊരു സമൂഹവും പ്രബുദ്ധമല്ല - അവർ സ്വയം എത്രമേൽ ഉത്പതിഷ്ണുക്കളാണെന്ന് അവകാശപ്പെട്ടാലും.**

'ശബാബി'നു വേണ്ടി <u>ടി പി എം റാഫി</u>

നടത്തിയ അഭിമുഖം.

"ജനുവരി 17 ഞായറാഴ്ചത്തെ വിചിത്രമായ 'ശവ്വാൽ മാസപ്പിറവി' പലരെയും ആശയക്കുഴ

ഉത്തരം: ആദ്യമേ പറയട്ടെ. ഞങ്ങൾ ശുദ്ധ ശാസ്ത്രത്തെ സ്നേഹിക്കുന്നവരാണ്; ഗവേഷണ നിരീ

റിപ്പോർട്ട് കണ്ടല്ലോ. താങ്കളുടെ പ്രതികരണം?

ഉ: ശാസ്ത്രത്തിന്റെ മികച്ച ഗണനകൾ കൃത്യതയാർന്നതല്ലെന്നു വിശ്വസിക്കുന്ന ഏതൊരു സമൂഹവും പ്രബുദ്ധമല്ല. അല്പമെങ്കിലും ശാസ്ത്ര സാക്ഷരതയുള്ളവർ ഈ ഭീമാബദ്ധം കൊണ്ടു നടക്കുകയില്ലെന്ന് എനിക്കുറപ്പുണ്ട്.

ചോ: വളരെ കൗതുകവും നർമവും ഉണർത്തുന്ന ഒരു വസ്തുതയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ചന്ദ്രന്റെ ഉദയാസ്തമയ ഗണനകൾ അവിശ്വസിക്കുന്ന പലരും പക്ഷേ, സൂര്യന്റെ സാപേക്ഷസ്ഥാനങ്ങളും അസ്തമയവും ആശ്രയിച്ചുള്ള മുസ്‌ലിം നമസ്കാര സമയങ്ങൾ നിർണയിക്കാൻ കലണ്ടറിൽ മുൻകൂട്ടി എഴുതി തയ്യാറാക്കിയ ഗണനകൾ നൂറുശതമാനവും അവലംബിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഇതു വൈരുദ്ധ്യമല്ലേ?

ഉ: ചന്ദ്രന്റെ ഗണന മാത്രം തെറ്റാണെന്നോ? സൂര്യന്റെ സാപേക്ഷ സ്ഥാനങ്ങൾ നിർണയിക്കുന്നതിൽ ബഹിരാകാശ ശാസ്ത്രത്തിന്നു തെറ്റുപറ്റുന്നില്ലെന്ന് ഉത്പതിഷ്ണുക്കളല്ലാത്ത മുസ്‌ലിംകളും വിശ്വസിക്കുന്നു എന്നാണല്ലോ താങ്കൾ സൂചിപ്പിച്ചത്. അത്രയും നല്ലത്. എനിക്ക് ഇതിന്റെ ചരിത്ര പശ്ചാത്തലമറിയില്ല. ഒന്നാമതായി ഞാനീ നാട്ടുകാരനല്ല. ഇത്തരം വിവാദങ്ങളും വാഗ്വാദങ്ങളും അവിടെ പതിവില്ല. ഇവിടത്തേക്കാൾ സാക്ഷരത കുറവാണ് ലർത്തുന്നത് പരിഹാസ്യമാണ്; വൈപരീത്യവും. പിഴയ്ക്കുമെങ്കിൽ രണ്ടും പിഴയ്ക്കണം. അതൊരിക്കലും സംഭവിക്കുകയില്ലെന്ന് പ്രബുദ്ധ കേരളത്തിനറിയാം. എന്റെ നാട്ടുകാരേക്കാൾ ധിഷണാശാലികളാണ് ശരാശരി മലയാളികൾ.

ചോ: സൂര്യചലനത്തേക്കാൾ (ഭൂമി സൂര്യനെ ചുറ്റുകയാണെന്നാണ് പറയേണ്ടതെങ്കിലും പ്രത്യക്ഷാനുഭവത്തിൽ സങ്കല്പിക്കുകയാണ്) സങ്കീർണമാണ് ചന്ദ്രന്റെ പ്രദക്ഷിണം, അതുകൊണ്ട് പിഴയ്ക്കാൻ സാധ്യതയേറുമെന്നാണ് ചിലർ വാദിക്കുന്നത്. ഇതിലെന്തെങ്കിലും കഴമ്പുണ്ടോ?

ഉ: സൂര്യചലനത്തേക്കാൾ സങ്കീർണമാണ് ചന്ദ്രന്റേതെന്നതു ശരിയാണ്. സങ്കീർണത അകൃത്യതയ്ക്കു നിമിത്തമാകുന്നതെങ്ങനെ? സംഖ്യകൾ കൂട്ടുന്നതിനേക്കാളും കിഴിക്കുന്നതിനേക്കാളും ശ്രമകരവും വിഷമകരവുമാണ് ഹരണവും ഗുണനവും പോലുള്ള ക്രിയകൾ. എന്നുവെച്ച് അതിൽ അകൃത്യതയ്ക്കു സ്ഥാനമെവിടെ? ഒരു ഗണനയുടെ ഫലം അകൃത്യമാകുന്നത് അതിലുപയോഗിക്കുന്ന അടിസ്ഥാന ചരങ്ങളുടെ അകൃത്യത നിമിത്തമത്രെ. ഈ മേഖലയിൽ ആ വാദത്തിന്ന് ഒട്ടും പ്രസക്തിയില്ല. സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും കൃത്യമായി പ്രവചിക്കുന്നതു കണ്ടിട്ടില്ലേ. അവ തെറ്റിയിട്ടുണ്ടോ, എന്നെങ്കിലും? അതു വിശ്വസിക്കുവാൻ പലർക്കും പ്രയാസമില്ല എന്നത് ഒരു തമാശയാണ്. പ്രസിദ്ധീകരിച്ച വസ്തുനിഷ്ഠവും വിശ്വസനീയവുമായ ഖഗോള പട്ടികയിൽ കോഴിക്കോട്ടെന്നല്ല കേരളത്തിലെവിടെയും ജനുവരി 17 ന് സൂര്യാസ്തമനത്തിന് 10 മിനുട്ട് മുമ്പ് (6.13ന്) ചന്ദ്രൻ അസ്തമിക്കുന്നു എന്നാണ് രേഖപ്പെടുത്തിയത്. ഇത് അനിഷേധ്യ വസ്തുതയാണ്. ആർക്കാണ് ഈ ജ്യോതിശാസ്ത്ര പരമാർഥത്തെ എതിർക്കാൻ കരുത്തുള്ളത്? അന്ന് സൂര്യാസ്തമനം 6.23 ന് ആയിരുന്നല്ലോ. അക്കാര്യം കലണ്ടറിൽ നോക്കി വിശ്വസിക്കാൻ പലരും തയ്യാറാവുന്നു! അതേ കൃത്യതയോടെ തന്നെ നിർണയിച്ചതാണ് അന്നത്തെ ചന്ദ്രാസ്തമയവും. അല്പമെങ്കിലും ശാസ്ത്രബോധമുള്ള നിഷ്പക്ഷമതികളായ ആർക്കും ഈ വസ്തുതകളെ നിഷേധിക്കാനാവില്ല. അപ്പോൾ അന്നേദിവസം സൂര്യാസ്തമനത്തിനുശേഷം ചന്ദ്രനെ അന്വേഷിച്ചു പുറപ്പെടുന്നത് ശാസ്ത്രത്തോടും അറിവിനോടും പുറം തിരിഞ്ഞിരിക്കലാണ്.

ഞങ്ങളെപ്പോലുള്ളവർക്ക് ഇത് നിഷ്പ്രയാസം തെളിയിക്കാനും ബോധ്യപ്പെടുത്താനും സാധിക്കും. എങ്ങനെയെന്നല്ലേ? പൊസിഷണൽ ആസ്ട്രോണമി സെന്റർ പ്രസിദ്ധീകരിച്ച മുൻചൊന്ന പട്ടികപ്രകാരമുള്ള കോഴിക്കോട്ടെ മറ്റു ദിവസങ്ങളിലെ ചന്ദ്രാസ്തമയ സമയങ്ങൾ ശ്രദ്ധിക്കുക. ജനുവരി 18 ന് 7.06 ന്, 19 ന് 8.01ന് 20 ന് 8.55ന്, 21ന് 9.49ന്,

നടത്തിയ അഭിമുഖം.

“ജനുവരി 17 ഞായറാഴ്ചത്തെ വിചിത്രമായ ‘ശവ്വാൽ മാസപ്പിറവി’ പലരെയും ആശയക്കുഴപ്പത്തിലാക്കുകയും പരിശുദ്ധ റമളാനിലെ ഒരു നോമ്പ് മുറിക്കാൻ അബദ്ധവശാൽ അവർ നിർബന്ധിതരാവുകയും ചെയ്ത വേദനാജനകമായ സാഹചര്യമാണ് ഈ ലേഖകനു കോഴിക്കോട്ടെ റീജ്യണൽ സയൻസ് സെന്ററിലെ വാനനിരീക്ഷണാലയത്തിലേക്ക് ആകാംക്ഷയോടെയും അന്വേഷണതൃഷ്ണയോടെയും ചെല്ലാൻ പ്രേരണയായത്. അന്നു കേരളത്തിലെവിടെയെങ്കിലും പടിഞ്ഞാറെ ചക്രവാളസീമയിൽ ശവ്വാൽ പിറവി ഉണ്ടാകാൻ നേരിയ സാധ്യതയെങ്കിലും ഉണ്ടായിരുന്നോ? അന്നു ‘കണ്ട’ മാസം നേരായിരുന്നോ ഇതിന്റെ നിജസ്ഥിതി ആധികാരികമായി പറയാൻ അർഹതയുള്ളവരിൽ നിന്നുതന്നെ ജനങ്ങളെ അറിയിക്കണം എന്ന ആഗ്രഹമാണ്, പ്ലാനറ്റേറിയം ആന്റ് ഒബ്സർവേറ്ററി പ്രോജക്ട് കോ–ഓർഡിനേറ്റർ കൂടിയായ ശാസ്ത്രവിഭാഗം തലവൻ തമിഴ്നാട്ടിലെ തഞ്ചാവൂർ സ്വദേശി ശ്രീ. വി എസ് രാചന്ദ്രനെ *‘ശബാബി’*നുവേണ്ടി ഒരഭിമുഖത്തിന്നു കിട്ടയപ്പോൾ, എന്റെ മനസ്സു നിറയെ.

ചോദ്യം: കോഴിക്കോട്ടെന്നല്ല, കേരളത്തിലെ പലയിടങ്ങളിലും ജനുവരി 17 ന് സന്ധ്യയ്ക്ക് ചന്ദ്രപ്പിറവി ദൃശ്യമായെന്നും അതിനെ ആധാരമാക്കി ഒരു വിഭാഗം മുസ്ലിംകൾ പിറ്റേന്ന് പെരുന്നാൾ ആഘോഷിച്ചുവെന്നുമുള്ള വാർത്ത പത്രങ്ങളിൽ വായിച്ചിരിക്കുമല്ലോ. അന്നു ചന്ദ്രപ്പിറവിക്ക് വല്ല വിദൂര സാധ്യതയെങ്കിലും ഉണ്ടായിരുന്നോ? അതോ, ഇതൊരു വിചിത്ര പ്രതിഭാസമായി തോന്നുന്നുവോ?

ഉത്തരം: ആദ്യമേ പറയട്ടെ. ഞങ്ങൾ ശുദ്ധ ശാസ്ത്രത്തെ സ്നേഹിക്കുന്നവരാണ്; ഗവേഷണ നിരീക്ഷണങ്ങളിൽ നിന്നു ലഭിക്കുന്ന വസ്തുനിഷ്ഠമായ യാഥാർഥ്യങ്ങളിൽ താത്പര്യം കാട്ടുന്നവരും. മതാത്മക വീക്ഷണങ്ങളിൽ പലപ്പോഴും യുക്തിയ്ക്കും ചിന്തയ്ക്കും ശാസ്ത്രത്തിനുമെല്ലാം ദ്വിതീയ പരിഗണനയേ കിട്ടാറുള്ളൂ. അതുകൊണ്ട് ദയവ് ചെയ്ത് ഞങ്ങളെ വിവാദങ്ങളിലേക്ക് വലിച്ചിഴക്കരുത്. എന്നാൽ ഒരു ശാസ്ത്ര സത്യം ആർക്കും എപ്പോഴും തുറന്നു പറയാം. ജനുവരി 17 ലെ പലയിടത്തും ദൃശ്യമായി എന്നു പ്രചരിപ്പിക്കപ്പെട്ട മാസപ്പിറവി തീർത്തും അസംഭവ്യമാണ്.

ചോ: മുസ്‌ലിം സമുദായത്തിലെ സാക്ഷരരും പുരോഗമന വാദികളും എന്നവകാശപ്പെടുന്നവർപോലും അന്നത്തെ ‘മാസപ്പിറവി’യിൽ വിശ്വസിച്ചു എന്ന് പത്ര

നല്ലത്. എനിക്ക് ഇതിന്റെ ചരിത്ര പശ്ചാത്തലമറിയില്ല. ഒന്നാമതായി ഞാനീ നാട്ടുകാരനല്ല. ഇത്തരം വിവാദങ്ങളും വാഗ്വാദങ്ങളും അവിടെ പതിവില്ല. ഇവിടത്തേക്കാൾ സാക്ഷരത കുറവാണ് എന്നത് കൊണ്ടായിരിക്കാം. ഒരു പക്ഷെ, സൂര്യസ്ഥാന നിർണയത്തിന് കണക്കും കലണ്ടറും ആശ്രയിക്കാൻ ആരംഭിച്ചിരുന്ന കാലത്ത് സന്ദേഹങ്ങളും വിവാദങ്ങളും ഉടലെടുത്തിരുന്നിരിക്കണം. ഇന്നു ജനങ്ങൾ കുറേക്കൂടി പ്രബുദ്ധമായപ്പോൾ അജ്ഞത അറിവിനു വഴിമാറിക്കൊടുത്തതായിരിക്കാം.

ഈ സൗരയൂഥത്തിലെ മറ്റൊരു ഗോളമാണ് ഭൂമിയുടെ ഉപഗ്രഹം കൂടിയായ ചന്ദ്രൻ. സൂര്യന്റെ സാപേക്ഷ സ്ഥാനങ്ങളും ചലനങ്ങളും നിർണയിക്കുന്ന ജ്യോതിശാസ്ത്രജ്ഞർ തന്നെയാണ് ചന്ദ്രന്റെ ഉദയവും അസ്തമയവും ന്യൂമൂണുമെല്ലാം കൃത്യമായി രേഖപ്പെടുത്തിവെക്കുന്നതും. ഒരു കണക്കിനോട് വിധേയത്വവും മറ്റേതിനോട് വിരോധവും വെച്ചുപു

ക്തിയില്ല. സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും കൃത്യമായി പ്രവചിക്കുന്നതു കണ്ടിട്ടില്ലേ. അവ തെറ്റിയിട്ടുണ്ടോ, എന്നെങ്കിലും? അതു വിശ്വസിക്കുവാൻ പലർക്കും പ്രയാസമില്ല എന്നത് ഒരു തമാശയാണ്. എന്നാൽ ഒന്നു ചോദിക്കട്ടെ. സൂര്യഗ്രഹണത്തിന്റെ കാര്യമെടുക്കുക. സൂര്യൻ മാത്രം വിചാരിച്ചാൽ മതിയോ അതു സംഭവിക്കാൻ ? ചന്ദ്രനും കൂടി സഹകരിക്കേണ്ടേ? ചന്ദ്രന്റെ ചലനത്തിൽ അനിശ്ചിതത്വവും അപ്രവചനീയതയും ഉണ്ടെങ്കിൽ തീർച്ചയായും അത് ഗ്രഹണ നിർണയത്തിന്റെ ഗണനയിൽ പ്രതിഫലിക്കും; അങ്ങനെ അബദ്ധം പിണയുകയും ചെയ്യും. അതൊരിക്കലും സംഭവിക്കാറേയില്ലെന്നതു മതിയായ തെളിവല്ലേ?

ചോദ്യം: ജനുവരി 17 ലെ മാസപ്പിറവി വിവാദത്തിലേക്കു തന്നെ നമുക്ക് മടങ്ങിവരാം. അന്ന് എന്താണ് സംഭവിച്ചത് എന്നു വിശദമാക്കാമോ?

ഉ: കൽക്കത്തയിലെ പൊസിഷണൽ ആസ്ട്രോണമി സെന്റർ സെന്റർ പ്രസിദ്ധീകരിച്ച മുൻ ചൊന്ന പട്ടികപ്രകാരമുള്ള കോഴിക്കോട്ടെ മറ്റു ദിവസങ്ങളിലെ ചന്ദ്രാസ്തമയ സമയങ്ങൾ ശ്രദ്ധിക്കുക. ജനുവരി 18 ന് 7.06 ന്, 19 ന് 8.01ന് 20 ന് 8.55ന്, 21ന് 9.49ന്, 22 ന് 10.43 ന്, 23 ന് 11.37 ന് എന്നിങ്ങനെ. അതുപോലെ ജനുവരി 24 ാം തിയ്യതി രാത്രി 12 മണിവരെ ചന്ദ്രൻ അസ്തമിക്കുന്നില്ലെന്നും പട്ടിക വ്യക്തമാക്കുന്നു. ജനുവരി 25 ആരംഭിക്കുമ്പോൾ തന്നെ ചന്ദ്രൻ അസ്തമിക്കുന്നതായും (സമയം 00.33 a m) പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നുവെച്ചാൽ ഏതു ദിവസത്തെയും ചന്ദ്രന്റെ ഉദയാസ്തമനങ്ങൾ കണിശതയോടെ രേഖപ്പെടുത്തിയിട്ടുണ്ട് എന്നർഥം. ജനുവരി 17 ന് സൂര്യാസ്തമനത്തിനു മുമ്പായി ചന്ദ്രൻ അസ്തമിക്കുന്നു എന്ന കണക്ക് തെറ്റിയിരുന്നെങ്കിൽ തുടർന്നുള്ള ദിവസങ്ങളിലെ കണക്കുകളും ഭീമാബദ്ധമായേനെ! അതു സംഭവിച്ചിട്ടേയില്ലെന്നു ഞങ്ങൾ നിർവിശങ്കം ബോധ്യപ്പെടുത്തിത്തരാം. നക്ഷത്ര ബംഗ്ലാവിലേക്ക് വരൂ. ഓരോ ദിവസവും പട്ടികപ്രകാരമുള്ള അസ്തമന സമയത്തിന് ഒരു നിമിഷം മുമ്പോ പിമ്പോ ആയി ചന്ദ്രൻ അസ്തമിക്കുന്നില്ലെന്ന് ദൂരദർശനിയുടെ സഹായത്തോടെ എളുപ്പം മനസ്സിലാക്കാം. ഇതു തന്നെ മതിയായ തെളിവല്ലേ, ജനുവരി 17 ന് 6.13 ന് ചന്ദ്രൻ അസ്തമിച്ചിരുന്നു എന്നതിന്?

ഈ ജ്യോതിർഗോള പ്രതിഭാസങ്ങൾ ഒരു പകിടകളിയല്ല. ലോകത്തിന്റെ നാനാഭാഗത്തുമുള്ള പതിനായിരക്കണക്കിനു ശാസ്ത്രജ്ഞർ അനുനിമിഷം ബഹിരാകാശത്തെ നിരീക്ഷിച്ച് അരിച്ചുപെറുക്കുകയാണെന്ന വസ്തുത നമ്മൾ അറിയണം. അവർ നിങ്ങളിൽ പലരെയും പോലെ വർഷത്തിൽ

( *ശേഷം 4 ൽ*)



കോഴിക്കോട്ടെ റീജ്യണൽ സയൻസ് സെന്ററിലെ വാനനിരീക്ഷണ കേന്ദ്രത്തലവൻ വി എസ് രാമചന്ദ്രനുമായി പ്ലാനറ്റേറിയത്തിൽ വെച്ച് ലേഖകൻ അഭിമുഖം നടത്തുന്നു.

الشباب
جريدة إسلامية أسبوعية
تصدر عن إدارة الصحافة والنشر
باتحاد الشبان المجاهدين بكيرالا، الهند

1419 ശവ്വാൽ 11 വെള്ളി

# ഇസ്‌ലാമിക ഐക്യത്തിന്റെ ആധാരശിലയും ഐക്യനാട്യക്കാരുടെ പാപ്പരത്തവും

**മു**സ്‌ലിം ഐക്യത്തിന്റെ പ്രാധാന്യം ആർക്കും അവഗണിച്ചു തള്ളാനാവില്ല. കടുത്ത ശത്രുതയിലും അനൈക്യത്തിലും കഴിഞ്ഞിരുന്ന അറബികളെ ഇസ്‌ലാം ഏകീകരിക്കുകയും സാഹോദര്യത്തിലേക്ക് നയിക്കുകയും ചെയ്ത കാര്യം വിശുദ്ധഖുർആൻ പ്രാധാന്യപൂർവം പരാമർശിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് അറബികൾക്ക് ഇസ്‌ലാമിനുമുമ്പ് ഐക്യപ്പെടാൻ കഴിയാതെ പോയത്? ഇസ്‌ലാം എങ്ങനെ അവർക്കിടയിൽ തികഞ്ഞ ഐക്യമുണ്ടാക്കി? ഏകീകരണത്തിന് പര്യാപ്തമായ ഒരാദർശം ഇല്ലാതിരുന്നതുകൊണ്ടാണ്, വിവിധ ഗോത്രക്കാരായ അറബികൾക്ക് ആദ്യത്തിൽ ഐക്യപ്പെടാൻ കഴിയാതെ പോയത്. കണിശമായ ഏകദൈവവിശ്വാസവും, ഏകദൈവത്തെ മാത്രം ആരാധിക്കുകയും പ്രാർഥിക്കുകയും അവന്റെ അധ്യാപനങ്ങൾ കണിശമായി അനുസരിക്കുകയും ചെയ്യുന്ന സമൂഹമെന്ന നിലയിലുള്ള മനപ്പൊരുത്തവുമാണ് പിന്നീട് അവരെ തികഞ്ഞ ഐക്യത്തിലേക്ക് നയിച്ചത്. പിൽക്കാലത്ത് മുസ്‌ലിം സമൂഹത്തിൽ എന്തുകൊണ്ട് ഭിന്നതകൾ വളർന്നുവെന്ന് പരിശോധിച്ചാൽ അതിന്റെയൊക്കെ കാരണം അവരുടെ ആദർശവ്യതിയാനമായിരുന്നു എന്നു വ്യക്തമാകും. ഏകദൈവത്വത്തിന് നിരക്കാത്ത വ്യക്തിപൂജയും അന്ധവിശ്വാസങ്ങളും സമൂഹത്തിൽ നുഴഞ്ഞുകയറി. വിശുദ്ധഖുർആനിനും സ്ഥിരപ്പെട്ട നബിചര്യയ്ക്കും വിരുദ്ധമായ അനാചാരങ്ങളും ദുഷ്പ്രവണതകളും സമൂഹത്തിൽ വ്യാപിച്ചു. നബി(സ)യെക്കാൾ കൂടുതൽ സ്ഥാനം സിദ്ധൻമാർക്കും ശൈഖുമാർക്കും കൽപിക്കാൻ തുടങ്ങി. പ്രമാണങ്ങളുടെ പിൻബലമുള്ളതേ ഇസ്‌ലാമിന്റെ കണക്കിൽ ചേർക്കാൻ പാടുള്ളൂ എന്ന് വല്ലവരും പറഞ്ഞാൽ പുരോഹിതൻമാരും പാമരൻമാരും ചേർന്ന് അവരെ എതിർക്കുകയും ദ്രോഹിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. നബി(സ)യുടെ കാലത്ത് ഇബ്റാഹീമീ ഉമ്മത്തിനെ ഗ്രസിച്ചിരുന്നതുപോലുള്ള ജീർണത തന്നെ മുഹമ്മദ്

വരുടെ കൃത്രിമ ഐക്യത്തിന് നേരെയും ഇത്തരം നിലപാട് തന്നെയാണ് സലഫികൾ സ്വീകരിച്ചത്, സത്യത്തിനും പ്രമാണത്തിനും ആൾക്കൂട്ടത്തിന്റെ ഇംഗിതത്തെക്കാൾ വിലകൽപിക്കുന്ന ഈ നിലപാടിൽ സലഫികൾ ഒരിക്കലും മാറ്റം വരുത്തിയിട്ടില്ല. അതുകൊണ്ട് സത്യത്തിന്റെ ശത്രുക്കൾ ശക്തിയായി എതിർത്തിട്ടുണ്ട്. ഇപ്പോഴും അത് തുടരുകയും ചെയ്യുന്നു.

സലഫികളെ ഐക്യത്തിന്റെ ശത്രുക്കളായും പിളർപ്പൻമാരായും ചിത്രീകരിക്കാൻ എതിരാളികൾ സംഘടിതമായി ശ്രമിക്കുമ്പോഴെല്ലാം സലഫീമാർഗത്തിന്റെ യാഥാർഥ്യം നിഷ്പക്ഷമതികൾക്ക് ബോധ്യമായിക്കൊണ്ടിരിക്കുന്നു. പ്രമാണ നിബദ്ധമായ ഇസ്‌ലാമിനോട് പ്രതിബദ്ധത പുലർത്താൻ അവർ സന്നദ്ധരായിക്കൊണ്ടിരിക്കുന്നു. എന്നാൽ വിമർശകരുടെ അവസ്ഥ ഇതല്ല. അവർ വാദങ്ങളും വാക്കുകളും മാറ്റി മാറ്റിപ്പറഞ്ഞ് വിവരമുള്ളവരുടെ മുമ്പിൽ ഇളിഭ്യരാകുന്നു. ഇവിടത്തെ യാഥാസ്ഥിതികർ അല്ലാഹുവോട് മാത്രമേ പ്രാർഥിക്കാവൂ എന്ന് ചിലപ്പോൾ എഴുതുകയും പറയുകയും ചെയ്തത് 'ശബാബ്' ഉദ്ധരിച്ചിട്ടുണ്ട്. അല്ലാഹുവോട് മാത്രമേ പ്രാർഥിക്കാവൂ എന്നത് ഇബ്‌ലീസിന്റെ വാദമാണെന്ന് അവർ തന്നെ പറഞ്ഞതും ഉദ്ധരിച്ചിട്ടുണ്ട്. ഖബ്റാരാധനയെ സലഫികൾ എതിർക്കുന്നതിനെ 'ശ്മശാന വിപ്ലവം' എന്ന് പറഞ്ഞ് ജമാഅത്തുകാർ ധാരാളമായി അപഹസിച്ചിട്ടുണ്ട്. പിന്നീട് അവർ തന്നെ ശവകുടീരങ്ങളിലെ ദുരാചാരങ്ങൾക്കെതിരിൽ കാമ്പയിൻ നടത്തിയിട്ടുമുണ്ട്. ഖണ്ഡിതമായ കണക്കനുസരിച്ച് മാസപ്പിറവി ദൃശ്യമാകാൻ സാധ്യതയില്ലാത്ത ദിവസങ്ങളിൽ കണ്ടുവെന്ന് പറയുന്ന സാക്ഷികളെ വിശ്വസിക്കരുതെന്ന് രണ്ടുകൊല്ലം മുമ്പ് കോഴിക്കോട് ഖാദിമാർ പറഞ്ഞിട്ടുണ്ട്. ഇതേ ആശയം തന്നെ ജമാഅത്തുകാർ 'മാധ്യമ'ത്തിലും 'പ്രബോധന'ത്തിലും എഴുതിയിട്ടുണ്ട്. 99ലെ 'പ്രബോധന'ത്തിലും അവരത് ആവർത്തിച്ചിട്ടുണ്ട്. എന്നിട്ടും അതേ ആശയം പറയുന്ന മുജാഹിദുകളെ ഭിന്നിപ്പുകാരായി ചിത്രീകരിക്കാൻ വേണ്ടി അവർ 'അമാവാസിപ്പെരുന്നാളി'നെ ഐക്യത്തിന്റെ മാർഗമായി അവതരിപ്പിക്കുന്നു.

താനൂരിൽ ഗോളശാസ്ത്രമറിയുന്ന ജമാഅത്തുകാരനായ അധ്യാപകൻ അമാവാസിപ്പെരുന്നാളിൽ നിന്ന് മാറിനിന്നതിനെയും പിളർപ്പൻ പ്രവർത്തനമായി അവർ ചിത്രീകരിക്കുമോ എന്നറിഞ്ഞുകൂടാ. അരീക്കോട്ട് ചൊവ്വാഴ്ചയും തൊട്ടടുത്ത മുജാഹിദ് ഭൂരിപക്ഷ പ്രദേശമായ കുനിയിൽ തിങ്കളാഴ്ചയും കാസർക്കോട് ജില്ലയിൽ ചൊവ്വാഴ്ചയും പെരുന്നാൾ ആഘോഷിച്ച ജമാഅത്തുകാരിൽ ആരൊക്കെയാണ് ഐക്യവിരുദ്ധരെന്ന് അവർ വ്യക്തമാക്കുമോ എന്നും അറിഞ്ഞുകൂടാ. ഓരോ ഗ്രാമത്തിലും പെരുന്നാൾ പോളിസി മാറ്റുന്ന, ചിലേടത്ത് ഭൂരിപക്ഷത്തോടൊപ്പവും മറ്റു ചിലയിടങ്ങളിൽ ന്യൂനപക്ഷത്തോടൊപ്പവും പെരുന്നാൾ ആഘോഷിക്കുന്ന ജമാഅത്തുകാർ ഐക്യപ്പെരുന്നാളിനെക്കുറിച്ച് പുലർത്തുന്നത് എന്തൊരു വിചിത്രധാരണയാണെന്ന് അവരൊഴികെയുള്ളവർക്കെല്ലാം ഇതിനകം ബോധ്യമായിട്ടുണ്ട്. എന്നിട്ടും അചഞ്ചലമായ നിലപാട് പുലർത്തുന്ന സലഫികളെ തേജോവധം ചെയ്യാൻ വേണ്ടി അച്ച് നിരത്തുന്ന ജമാഅത്ത് പ്രസിദ്ധീകരണങ്ങൾ സഹതാപം മാത്രമേ

രാത്രി 2മണിക്ക് ന്യൂമൂൺ അരങ്ങേറുന്നുവെന്ന് സങ്കല്പിക്കുക. ഒരു പ്രദേശത്തെ പിറ്റേന്നത്തെ സൂര്യാസ്തമനം വൈകുന്നേരം 6 മണിക്കാണെന്നും കരുതുക. എന്നു വെച്ചാൽ ന്യൂമൂണിന് 16 മണിക്കൂർ ശേഷം സൂര്യൻ അസ്തമിക്കുന്നുവെന്ന്. ഇതിനിടയിൽ ചന്ദ്രൻ മണിക്കൂറിൽ അരഡിഗ്രി എന്ന തോതിൽ 8 ഡിഗ്രി കിഴക്കോട്ട് നീങ്ങിയിരിക്കുമല്ലോ. ഈ എട്ടു ഡിഗ്രി ഭൂമി കിഴക്കോട്ടു തിരിഞ്ഞ് ചന്ദ്രനെ അസ്തമിപ്പിക്കാൻ 32 മിനുട്ട് എടുക്കും. 24 മണിക്കൂർ കൊണ്ട് ഭൂമി 360 ഡിഗ്രിയാണല്ലോ കറങ്ങുന്നത്. അപ്പോൾ ഒരു ഡിഗ്രി തിരിയാൻ 4 മിനുട്ട്. പറഞ്ഞുവരുന്നത്, ഈ സാഹചര്യത്തിൽ സൂര്യനസ്തമിച്ച് 32 മിനുട്ട് നമുക്ക് അമ്പിളിക്കല ദൃശ്യമാകും എന്നാണ്.

ഈ ജനുവരി 17 ന് 6.23 ന് മാത്രമേ സൂര്യനസ്തമിക്കുന്നുള്ളൂ. ചന്ദ്രൻ അതിനുമുമ്പ് (6.13ന്) ചക്രവാളത്തിന് രണ്ടു ഡിഗ്രി അപ്പുറം എത്തിയിരിക്കും. അതായത് ന്യൂമൂൺ നടക്കുന്നതു തന്നെ അന്നു രാത്രിയാണെന്നർഥം -- 9.16 ന്. എന്നുവെച്ചാൽ, മാസപ്പിറവി പിറ്റേന്നു മാത്രമേ നടക്കൂ എന്ന് അസന്ദിഗ്ധമായി ബോധ്യപ്പെടുന്നു.

ചോദ്യം: മാസപ്പിറവിയുടെ വിവാദച്ചുഴിയിലേക്ക് വലിച്ചിഴയ്ക്കപ്പെട്ട മുസ്‌ലിം കേരളത്തെ ഭാവിയിലെങ്കിലും രക്ഷിക്കാൻ താങ്കൾക്ക് എന്തെങ്കിലും നിർദ്ദേശിക്കാനുണ്ടോ?

ഉ: ഉറങ്ങിക്കിടക്കുന്നവരെ ഉണർത്താം. പക്ഷേ, ഉറക്കം നടിക്കുന്നവരെയോ? ഒരു അസത്യം പല കണ്ഠങ്ങളിലൂടെ അനേകം തവണ ആവർത്തിച്ചു കേൾപ്പിച്ചാൽ അതു പരമസത്യമായി പ്രതിഷ്ഠിക്കപ്പെടുന്ന ദുരവസ്ഥയാണ് ഇന്നുള്ളത്. എന്നിരുന്നാലും ഒരു കാര്യം നിങ്ങൾക്കു ചെയ്തുതരാം. വെറും നിർദേശമല്ല. ഞങ്ങളുടെ ഭാഗത്തുനിന്നുള്ള സഹായം.

ഖബ്റുപൂജകർക്കും കൽപിക്കാൻ തുടങ്ങി. പ്രമാണങ്ങളുടെ പിൻബലമുള്ളതേ ഇസ്‌ലാമിന്റെ കണക്കിൽ ചേർക്കാൻ പാടുള്ളൂ എന്ന് വല്ലവരും പറഞ്ഞാൽ പുരോഹിതൻമാരും പാമരൻമാരും ചേർന്ന് അവരെ എതിർക്കുകയും ദ്രോഹിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. നബി(സ)യുടെ കാലത്ത് ഇബ്റാഹീമീ ഉമ്മത്തിനെ ഗ്രസിച്ചിരുന്നതുപോലുള്ള ജീർണത തന്നെ മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിനെയും ഗ്രസിച്ചു.

സകല ജീർണതകളും വികല ധാരണകളും നിലനിർത്തിക്കൊണ്ട് ഒരു സമുഹത്തിൽ യഥാർഥ ഐക്യമുണ്ടാക്കുക സാധ്യമല്ല. പരിശുദ്ധ കഅ്ബ പടുത്തുയർത്തിയ ഇബ്റാഹീം നബി (അ)യുടെയും ഇസ്മാഈൽ നബി (അ)യുടെയും വിഗ്രഹങ്ങൾ അറബികൾ അവിടെ പ്രതിഷ്ഠിച്ചിരുന്നു. ആ വിഗ്രഹങ്ങളെ ആരാധിക്കുകയും അവയോട് ഭാഗ്യം തേടുകയും ചെയ്യുന്ന കാര്യത്തിൽ മക്കയിലെ അറബികൾ ഏകോപിച്ചിരുന്നു. ചന്ദ്രവർഷത്തെ സൂര്യവർഷവുമായി പൊരുത്തപ്പെടുത്തുകയും, യുദ്ധം നിഷിദ്ധമാക്കിയ മാസങ്ങൾ ഒരേ കാലാവസ്ഥയിൽ തന്നെ വരുന്ന അവസ്ഥ ഉളവാക്കുകയും ചെയ്തിരുന്നു അവർ. ഇബ്റാഹീമീ മാർഗത്തിൽ വേറെയും ഗുരുതരമായ മാറ്റങ്ങൾ അവർ വരുത്തി. ഈ വ്യതിയാനങ്ങൾ ഒക്കെ ഉണ്ടായിരിക്കെ തന്നെ അവർക്കിടയിൽ പല കാര്യങ്ങളിലും ഐക്യമുണ്ടായിരുന്നു. അവരുടെ വികല വിശ്വാസങ്ങളെയും ദുരാചാരങ്ങളെയും എതിർത്ത നബി(സ) അവർക്കിടയിൽ അനൈക്യമുണ്ടാക്കുകയാണെന്ന് അവർ മുറവിളി കൂട്ടിയിരുന്നു. പക്ഷെ, അടിസ്ഥാനരഹിതമായ വിശ്വാസാചാരങ്ങളെ ആധാരമാക്കിയുള്ള കൃത്രിമ ഐക്യത്തിന് നബി(സ) ഒട്ടും വില കൽപിച്ചില്ല. കുറ്റമറ്റ വിശ്വാസവും ധർമബോധവും കാലഗണനയും മറ്റും സ്വീകരിക്കുന്ന ഒരു വിഭാഗത്തെ ആ കൂട്ടത്തിൽ നിന്ന് വളർത്തിയെടുത്ത് അവർക്കിടയിൽ യഥാർഥ ഐക്യം നിലവിൽ വരുത്തുകയും ക്രമേണ അവരുടെ വൃത്തം വിപുലപ്പെടുത്തിക്കൊണ്ടു വരികയുമാണ് നബി(സ) ചെയ്തത്. വീരാരാധനക്കാരുടെയും അനാചാരക്കാരുടെയും ഐക്യം അപകടത്തിലാക്കുന്ന കാര്യത്തിൽ അവിടുന്ന് ഒട്ടും ഉത്കണ്ഠപ്പെട്ടില്ല.

ഇതേ നിലപാടാണ് ജീർണിച്ച മുസ്‌ലിം സമൂഹങ്ങളിൽ നവീകരണം നടത്തുന്ന സലഫികളും സ്വീകരിക്കുന്നത്. ഖബ്റാരാധനയെ എതിർത്താൽ പല മഹല്ലുകളിലും കുടുംബങ്ങളിലും ഭിന്നതയുണ്ടാകുമെന്ന് ഉറപ്പായിരുന്നു. പക്ഷെ, ആ ഭിന്നതയെ സലഫികൾ സാരമാക്കിയില്ല. അല്ലാഹുവല്ലാത്ത ആരെയും ആരാധിക്കുകയോ പ്രാർഥിക്കുകയോ ചെയ്യാത്ത ഒരു കൊച്ചു ആൾക്കൂട്ടമെങ്കിലും രൂപപ്പെടുത്താൻ കഴിയുമെങ്കിൽ അതിന്റെ പേരിൽ ആരൊക്കെ ഭിന്നിച്ചാലും കുഴപ്പമില്ല എന്ന് കരുതി. മാലമൗലിദ് റാത്തീബ് ഹോമങ്ങളുമായി രാജിയായാൽ മഹല്ലുകളിൽ കൃത്രിമ ഐക്യം ഉറപ്പിക്കാമായിരുന്നു. പക്ഷെ, സലഫികൾ ഊന്നൽ നൽകിയത്, ആരൊക്കെ പിണങ്ങിയാലും അനാചാരങ്ങളെ തള്ളിക്കളയുന്ന ഒരു കൊച്ചു സമൂഹമെങ്കിലും വളർത്തിയെടുക്കണം എന്ന ആശയത്തിനായിരുന്നു. കറുത്ത വാവ് ദിവസങ്ങളിൽ മാസപ്പിറവി കെട്ടിച്ചമയ്ക്കുന്ന അനുകാർ ഐക്യപ്പെരുന്നാളിനെക്കുറിച്ച് പുലർത്തുന്നത് എന്തൊരു വിചിത്രധാരണയാണെന്ന് അവരൊഴികെയുള്ളവർക്കെല്ലാം ഇതിനകം ബോധ്യമായിട്ടുണ്ട്. എന്നിട്ടും അചഞ്ചലമായ നിലപാട് പുലർത്തുന്ന സലഫികളെ തേജോവധം ചെയ്യാൻ വേണ്ടി അച്ച് നിരത്തുന്ന ജമാഅത്ത് പ്രസിദ്ധീകരണങ്ങൾ സഹതാപം മാത്രമേ അർഹിക്കുന്നുള്ളൂ. ജനങ്ങൾക്ക് സത്യം തിരിഞ്ഞാൽ ഐക്യം തകരുമെന്ന് ജല്പിക്കുന്ന അസ്മാദികളുടെ കാര്യവും തഥൈവ. ●

---

↳ (3 ൽനിന്ന് )

രണ്ടോ മൂന്നോ തവണയല്ല ആകാശത്തേക്കു മിഴി തുറക്കുന്നത്. സൗരയൂഥത്തിലെ ഏതെങ്കിലും ഗ്രഹത്തിനോ ഉപഗ്രഹത്തിനോ വല്ല നേർത്ത അപഭ്രംശവും വന്നിരുന്നുവെങ്കിൽ അത് തീർച്ചയായും റിപ്പോർട്ടു ചെയ്യപ്പെടും, വമ്പിച്ച വാർത്താ പ്രാധാന്യത്തോടെ. കോഴിക്കോട്ടും മറ്റും സംഭവിച്ചത് മതരംഗത്തു മാത്രമുള്ള 'മിറാക്കിൾ' ആയതുകൊണ്ട് ശാസ്ത്രലോകത്ത് വില കല്പിക്കാറില്ല. നിങ്ങളുടെ വിശ്വാസം ചന്ദ്രചലനത്തിലെ കൃത്യതയ്ക്ക് ഒരിക്കലും കോട്ടം വരുത്തില്ലല്ലോ!

ചോദ്യം: ന്യൂമൂണും മാസപ്പിറവിയും വിശദമാക്കാമോ?

ഉത്തരം: ഭൂമിയുടെ സ്വയംഭ്രമണം നിമിത്തമത്രെ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളുമെല്ലാം കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി നമുക്കനുഭവപ്പെടുന്നത്. ഭൂമിക്ക് സ്വയം ഭ്രമണം ഇല്ലെന്നു സങ്കല്പിച്ചു നോക്കൂ. എന്തായിരിക്കും അനുഭവം? സൂര്യൻ പടിഞ്ഞാറുദിച്ച്, വളരെ സാവധാനം നീങ്ങി ആറുമാസം കൊണ്ട് കിഴക്ക് അസ്തമിക്കുന്നതായി കാണാം. അതുപോലെ ചന്ദ്രനും പടിഞ്ഞാറുദിച്ച് താരതമ്യേന കൂടുതൽ വേഗത്തിൽ കിഴക്കോട്ട് നീങ്ങി പതിമൂന്നര ദിവസം കൊണ്ട് അസ്തമിക്കും. ഭൂമി സ്വയം കറങ്ങുമ്പോഴും ഇതൊക്കെ സംഭവിക്കുന്നുണ്ട്. മാസപ്പിറവിക്കുശേഷം ചന്ദ്രൻ പടിഞ്ഞാറെ ചക്രവാളത്തിൽ ദിവസം ചെല്ലുന്തോറും കൂടുതൽ ഉയരത്തിൽ പ്രത്യക്ഷപ്പെടുന്നത്, ചന്ദ്രൻ പടിഞ്ഞാറുനിന്ന് കിഴക്കോട്ട് നീങ്ങുന്നുവെന്നതിന്റെ സൂചനയാണ്.

ഭൂമിയെ ഒരിക്കൽ വലംവെയ്ക്കാൻ ചന്ദ്രൻ 27.321661 ദിവസവും ഭൂമിയുടെ സൂര്യപരിക്രമണത്തിന് 365.25636042 ദിവസവും എടുക്കുന്നു. ഭൂമി നിശ്ചലമാണെന്ന് സങ്കല്പിക്കുമ്പോൾ സൂര്യനും ചന്ദ്രനും നമുക്ക് ചുറ്റുമുള്ള ബഹിരാകാശ സമുദ്രത്തിൽ മത്സരിച്ചു നീന്തുന്നതായി തോന്നും. സൂര്യൻ ഒരു 'റൗണ്ട്' പൂർത്തിയാക്കുന്നതിനിടയിൽ ചന്ദ്രൻ അനേകം റൗണ്ടുകൾ നീന്തിത്തുടിച്ചുവരും. അതിനിടയ്ക്ക് ചന്ദ്രന് പല പ്രാവശ്യവും സൂര്യനെ മറികടക്കേണ്ടിവരുന്നു. ഈ മറികടക്കുന്ന നേർത്ത വേളയിൽ സൂര്യനും ചന്ദ്രനും ഒരേ ദിശയിലായിരിക്കും – ഇതാണ് ന്യൂമൂൺ. കറുത്തവാവ്, അമാവാസി എന്നൊക്കെപ്പറയുന്നതും മറ്റൊന്നല്ല. അടുത്ത നിമിഷം തൊട്ട് ചന്ദ്രൻ സൂര്യനിൽ നിന്ന് കിഴക്കോട്ട് നീങ്ങുകയായി. പുതുമാസം പിറക്കുന്നത് ന്യൂമൂണിനുശേഷമത്രെ.

ഒരു ന്യൂമൂൺ കഴിഞ്ഞ് ശരാശരി 29.530589 ദിവസം കഴിഞ്ഞു മാത്രമേ അടുത്ത ന്യൂമൂൺ സംഭവിക്കുന്നുള്ളൂ. ന്യൂമൂൺ കഴിഞ്ഞ് ഓരോ മണിക്കൂർ കഴിയുന്തോറും ചന്ദ്രൻ അര ഡിഗ്രി കിഴക്കോട്ട് യാത്രയാകുന്നു. ഒരു ഉദാഹരണത്തിലൂടെ ഇതു വ്യക്തമാക്കാം.

ഷ്ഠിക്കപ്പെടുന്ന ദുരവസ്ഥയാണ് ഇന്നുള്ളത്. എന്നിരുന്നാലും ഒരു കാര്യം നിങ്ങൾക്കു ചെയ്തുതരാം. വെറും നിർദേശമല്ല. ഞങ്ങളുടെ ഭാഗത്തുനിന്നുള്ള സഹായം. അടുത്ത വർഷം മുതൽ മാസപ്പിറവിക്ക് തീരെ സാധ്യതയില്ലാത്ത ദിവസവും തൊട്ടടുത്ത ന്യൂമൂണിനുശേഷമുള്ള സാധ്യതയുള്ള ദിവസവും (ഉറപ്പുള്ള ദിവസം എന്നേ പറയാവൂ) ഞങ്ങളുടെ ശക്തിമത്തായ ദൂരദർശിനി കോഴിക്കോട് കടപ്പുറത്ത് സ്ഥാപിച്ചുതരാം. അതിന് ആദ്യം വേണ്ടത് നിങ്ങളുടെയൊക്കെ ആത്മാർഥമായ സഹകരണമാണ്. മാസപ്പിറവി ആവശ്യമായി വരുന്ന അവസരങ്ങളിൽ, ഒരാഴ്ചമുമ്പായി, ഔദ്യോഗികമായി ഞങ്ങളെ അറിയിക്കുക. എങ്കിൽ സഹായിക്കാൻ തയ്യാർ. ദൂരദർശിനിയിൽ വേണ്ടുവോളം ഫോട്ടോഗ്രാഫിക് പ്ലേറ്റുകളും നിക്ഷേപിച്ചുതരാം. എങ്കിൽ നേരിട്ട് നോക്കി തൃപ്തിപ്പെടാനും തെളിവിനായി പ്രതിച്ഛായ പകർത്തിവെക്കാനും സാധിക്കും. എത്രനേരം അമ്പിളിക്കല ദൃശ്യമായെന്ന് സ്വമേധയാ പ്ലേറ്റിൽ രേഖപ്പെടുത്തുന്ന സംവിധാനവും ടെലസ്കോപ്പിലുണ്ട്. നഗ്നനേത്രങ്ങളെക്കാൾ സൂക്ഷ്മതയ്ക്ക് ഇതുപകരിക്കും. സൂര്യാസ്തമനത്തിനു മുമ്പ് ചന്ദ്രൻ അസ്തമിക്കുന്ന ദിവസങ്ങളിലും ദൂരദർശിനി നമ്മെ സഹായിക്കാനെത്തുന്നു. അസ്തമനത്തിനു ശേഷമുള്ള ചന്ദ്രൻ പിറക്കാത്ത ആകാശം നിരീക്ഷിച്ച് ഇല്ലെന്ന് ഉറപ്പ് വരുത്തുകയും ആകാം. ഇതൊക്കെ ഞങ്ങളുടെ സ്വന്തം ചെലവിൽ ചെയ്തു തരാൻ തയ്യാറാണെന്നും സന്തോഷപൂർവം അറിയിക്കട്ടെ. ഇനി, ദൂരദർശിനിക്കും തെറ്റുപറ്റിക്കൂടെന്നുണ്ടോ എന്നു മാത്രം പറയാതിരുന്നാൽ മതി! ●

# മുജാഹിദുകൾ ഇസ്‌ലാമിക ഭാരതത്തിനു വേണ്ടിയല്ലേ പ്രവർത്തിക്കേണ്ടത്?

*ചോ: ഇസ്‌ലാം, മതത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്മേളനമാണെന്ന മുൻകാല മുജാഹിദ് നേതാക്കളായ കെ എം മൗലവിയുടെയും മറ്റും വാദം ഇപ്പോഴും മുജാഹിദ് പ്രസ്ഥാനത്തിനുണ്ടോ? ഉണ്ടെങ്കിൽ പഴയകാല ഇസ്‌ലാമിക പ്രസ്ഥാനങ്ങളായിരുന്ന ഉത്തരേന്ത്യയിലെ വഹാബി പ്രസ്ഥാനം, സുഡാനിലെ മഹ്ദീ പ്രസ്ഥാനം, ലിബിയയിലെ സനൂസീ പ്രസ്ഥാനം മുതലായവയെപ്പോലെ മുജാഹിദ് പ്രസ്ഥാനവും ഒരേ സമയം മതസംഘടനയും രാഷ്ട്രീയ പ്രസ്ഥാനവും ആയിരിക്കേണ്ടതല്ലേ? അങ്ങനെയാണെങ്കിൽ കമ്യൂണിസത്തിന്റെ സംസ്ഥാപനമാഗ്രഹിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടികളിലും മുമ്പ് ഗാന്ധിസത്തിന്റെയും ഇപ്പോൾ ജീർണമുതലാളിത്തത്തിന്റെയും സംസ്ഥാപനമാഗ്രഹിക്കുന്ന കോൺഗ്രസിലും ഒരു പ്രത്യയശാസ്ത്രത്തോടും പ്രതിബദ്ധതയില്ലാത്ത അവസരവാദവും അഴിമതിയും മാത്രം കൈമുതലാക്കിയ മറ്റു ചില രാഷ്ട്രീയപ്പാർട്ടികളിലും മുജാഹിദ് പ്രവർത്തകർ സജീവമായി പ്രവർത്തിക്കുന്നത് ശരിയാണോ? ഈ പാർട്ടികളിൽ പ്രവർത്തിച്ചാൽ ഇസ്‌ലാമിക ഭാവനയിലുള്ള ഒരു ഭാരതത്തിനു പകരം ഇവയുടെ ഭാവനയിലുള്ള ഭാരതമല്ലേ പുലരുക? ഈ പാർട്ടികളിൽ പ്രവർത്തിക്കുന്ന ഒരു മുജാഹിദിന് മതവും രാഷ്ട്രവും സമ്മേളിക്കുന്ന, ഈ ലോകത്തും പരലോകത്തും ശാന്തി തരുന്ന ഇസ്‌ലാമിക വ്യവസ്ഥയെക്കുറിച്ച് പ്രബോധനം ചെയ്യാൻ അർഹതയുണ്ടോ?*

***ഉമർ, കൊടുവള്ളി***

ഉ: ഇസ്‌ലാം എന്നാൽ രാഷ്ട്രീയമാണെന്നും ദീൻ എന്നാൽ സ്റ്റെയ്റ്റാണെന്നും സയ്യിദ് മൗദൂദിയും ശിഷ്യൻമാരും പറയുന്നതുപോലെ കെ എം മൗലവിയെപ്പോലുള്ള മുജാഹിദ് നേതാക്കൾ ഒരിക്കലും പറഞ്ഞിട്ടില്ല. എന്നാൽ അല്ലാഹുവും റസൂലും(സ) പഠിപ്പിച്ച ദീനിൽ ഭരണവും രാഷ്ട്രീയവുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ ഉണ്ടെന്നും അതെല്ലാം കഴിവിന്റെ പരമാവധി പാലിക്കാൻ ഓരോ മുസ്‌ലിമും ബാധ്യസ്ഥനാണെന്നും മുജാഹിദ് പണ്ഡിതൻമാരെല്ലാം എക്കാലത്തും വ്യക്തമാക്കിയിട്ടുണ്ട്.

സുഡാനിൽ നിന്നും ലിബിയയിൽ നിന്നും വിഭജനത്തിന് മുമ്പത്തെ ഉത്തരേന്ത്യയിൽ നിന്നും ഏറെ വ്യത്യസ്തമാണ് സ്വതന്ത്ര ഇന്ത്യയുടെ അവസ്ഥ. മുസ്‌ലിംകൾ താരതമ്യേന ചെറിയ ഒരു ന്യൂനപക്ഷമായിട്ടുള്ളതും വിശ്വാസ ആരാധനാ പ്രബോധന സ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നതുമായ ജനാധിപത്യ മതനിരപേക്ഷ ഇന്ത്യയിൽ

നിർത്തിയാണ്. ഇത്തരം കക്ഷികൾക്ക് പുറമെ നിന്ന് പിന്തുണ നൽകുന്നത് തൗഹീദും അവയിൽ ചേർന്ന് പ്രവർത്തിക്കുന്നത് ശിർക്കുമാണെന്ന ജമാഅത്ത് വാദം ഒരു കുരുട്ടുവാദമായിട്ടേ 'മുസ്‌ലിം' കരുതുന്നുള്ളൂ. ഇന്ത്യൻ നിയമസഭകളിലും പാർലമെന്റിലും സുപ്രധാന രാഷ്ട്രീയ പദവികളിലും മുസ്‌ലിം പ്രാതിനിധ്യം വളരെ കുറഞ്ഞുപോയതിന്റെ പേരിൽ ഖത്തറിൽ പോയി വിലപിച്ച ജമാഅത്ത് നേതാവ് പരോക്ഷമായി സൂചിപ്പിച്ചത് മുസ്‌ലിംകൾ മതേതര രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയായിരുന്നു. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും മറ്റു നാട്ടുകാരുടെയും നൻമ ലാക്കാക്കി മതനിരപേക്ഷ രാഷ്ട്രീയത്തിൽ ഉചിതമായ പ്രവർത്തനങ്ങൾ നടത്തിയാൽ ഇഹലോകത്തോ പരലോകത്തോ അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുന്നതിന് അത് തടസ്സമാകുമെന്ന് 'മുസ്‌ലിം' കരുതുന്നില്ല.

## ആ നിയമം കർശനമാണോ?

*ചോ: നമസ്കരിക്കുന്ന പലരുടെയും വസ്ത്രം നെരിയാണിക്ക് താഴെയായിട്ടാണ് കാണുന്നത്; പ്രത്യേകിച്ച് യുവാക്കളുടെ. എന്നാൽ ചിലയാളുകൾ നമസ്കാരത്തിൽ പ്രവേശിക്കുന്നതിന് മുമ്പായി (പേന്റ്സ്) മടക്കി കയറ്റിവെക്കുന്നതായി കാണാം. ഇവർ നമസ്കാരം കഴിഞ്ഞാൽ പൂർവസ്ഥിതിയിലേക്ക് താഴ്ത്തിയിടുന്നതായും കാണാം. ഇതിനെക്കുറിച്ച് മിക്ക പണ്ഡിതരും*




*ശക്തമായ ഭാഷയിൽ താക്കീത് ചെയ്യുന്നതായി കാണുന്നില്ല. പുരുഷൻമാരുടെ വസ്ത്രം നെരിയാണിക്ക് മീതെ വരണമെന്നുള്ളത് കർശനമായ നിയമമാണോ?*

***[illegible]***

നിർദേശിച്ചതായി ഇമാം അഹ്മദ് ഉദ്ധരിച്ചിട്ടുണ്ട്. പലരുടെയും പാദങ്ങൾക്ക് നീള വ്യത്യാസം ഉണ്ടായിരിക്കും. അതിനാൽ കാലിന്റെ പെരുവിരലുകൾ ഒപ്പമാക്കിയാൽ ചുമലുകളും മുട്ടുകളും നെരിയാണികളും ഒപ്പമാവുകയില്ല. എന്നാൽ മടമ്പുകൾ ഒരേ നിരയിലാക്കിയാൽ ചുമലും മറ്റും ഒപ്പമാകും. അതിനാൽ മടമ്പുകൾ ഒപ്പമാക്കുന്നതാണ് പൂർണമായി നിരയൊക്കാൻ ഏറ്റവും അനുയോജ്യം.

## രണ്ടു ബാങ്ക് സുന്നത്തോ?

*ചോ: ഞങ്ങളുടെ പള്ളിയിൽ ജുമുഅ ദിവസം ആദ്യം മൈക്കിലൂടെ ഒരു ബാങ്കും അതിന് ശേഷം ഇമാം മിമ്പറിൽ കയറിക്കഴിഞ്ഞാൽ മറ്റൊരു ബാങ്ക് പതുക്കെയും വിളിക്കുന്നതായി കാണുന്നു. ഇത് നബിയുടെ കാലത്ത് ഉള്ളതല്ലെന്നും ഉസ്മാനി(റ)ന്റെ കാലം മുതലാണ് ഉണ്ടായതെന്നും ചിലർ വാദിക്കുന്നു. എന്നാൽ മുജാഹിദ് പള്ളികളിൽ ഒരു ബാങ്ക് മാത്രമേ ഉള്ളൂ. 'മുസ്‌ലിമി'ന്റെ അഭിപ്രായം?*

***കഹാർ തടിക്കാട്, കൊല്ലം***

ഉ: നബി(സ)യുടെയും ഖലീഫമാരായ അബൂബക്കർ(റ), ഉമർ(റ) എന്നിവരുടെയും കാലത്ത് ജുമുഅക്ക് ഒരു ബാങ്ക് (ഇമാം മിമ്പറിൽ ഇരുന്ന ശേഷം) മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് പ്രബലമായ ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആളുകളെ ജുമുഅക്ക് വിളിക്കുവാൻ വേണ്ടി, അതിന് മുമ്പായി മദീനയിലെ അങ്ങാടിയിൽ സൗറാഅ് എന്ന സ്ഥലത്ത് നിന്ന് ബാങ്ക് വിളിക്കാൻ മൂന്നാം ഖലീഫ ഉസ്മാൻ(റ) കല്പിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആദ്യത്തെ ബാങ്ക് നടപ്പാക്കിയത് ഹജ്ജാജ്, സിയാദ് എന്നീ ഭരണാധികാരികളാണെന്നാണ് ഫാകിഹാനി പറഞ്ഞിട്ടുള്ളത്. ഏതായാലും നബി(സ) അങ്ങനെയൊരു ബാങ്ക് നടപ്പാക്കാത്തതുകൊണ്ട് അത് സുന്നത്താണെന്ന് പറയാൻ ന്യായമില്ല. നബി(സ)യിൽ നിന്ന് സ്ഥിരപ്പെട്ട ചര്യ മാത്രം പിന്തുടരുക എന്ന നിലപാട് പ്രകാരമാണ് മുജാഹിദുകൾ ജുമുഅക്ക് ഒരു ബാങ്ക് മാത്രം വിളിക്കുന്നത്.

## കുലമഹിമയ്ക്കും രൂപഭംഗിക്കും മുൻഗണനയോ?

*ചോ: "ഇമാമായി നിൽക്കുവാൻ ഏറ്റവും അർഹൻ കൂടുതൽ വിവരമുള്ളവൻ- അഥവാ നമസ്കാരത്തിന്റെ വിവിധ മസ്അലകൾ അറിയുന്നവനാകുന്നു. പിന്നെ ഖുർആൻ കൂടുതൽ മനപ്പാഠമുള്ളവൻ, സൂക്ഷ്മതയുള്ളവൻ, ഹിജ്റയിൽ മുന്തിയവൻ, അവന്റെ മകൻ, ഇസ്‌ലാമിൽ വയസ്സുകൊണ്ട് മുന്തിയവൻ, കുലമഹി*

സ്ത്രമാണ് സ്വതന്ത്ര ഇന്ത്യയുടെ അവസ്ഥ. മുസ്‌ലിംകൾ

താരതമ്യേന ചെറിയ ഒരു ന്യൂനപക്ഷമായിട്ടുള്ളതും വിശ്വാസ ആരാധനാ പ്രബോധന സ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നതുമായ ജനാധിപത്യ മതനിരപേക്ഷ ഇന്ത്യയിൽ മുസ്‌ലിംകൾ മുൻഗണന നൽകേണ്ടത് പൂർണമായ മതസ്വാതന്ത്ര്യം നിലനിൽക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യം ഉറപ്പ് വരുത്തുന്നതിന്നാണ്. മക്കയിലും മദീനയിലും ഈ രാഷ്ട്രീയ നിലപാടിന് റസൂൽ(സ) പ്രാമുഖ്യം കൽപിച്ചിട്ടുണ്ട്. ഹുദൈബിയാ സന്ധിയിൽ തിരുമേനി പരമാവധി വിട്ടുവീഴ്ച ചെയ്തത് തടസ്സമില്ലാതെ പ്രബോധനം നടത്താൻ സൗകര്യം ലഭിക്കുക എന്ന ലക്ഷ്യത്തിനു വേണ്ടിയാണ്. ജനങ്ങളിൽ ഭൂരിപക്ഷത്തിനും ഇസ്‌ലാം ദൈവിക മതമാണെന്ന് ബോധ്യപ്പെട്ടതിനു ശേഷമല്ലാതെ ഇസ്‌ലാമിക ഭരണം സ്വീകരിക്കാൻ അവരോട് ആവശ്യപ്പെട്ടിട്ട് കാര്യമില്ല. മാത്രമല്ല, തങ്ങളുടെ മേൽ മുസ്‌ലിംകൾ രാഷ്ട്രീയ ആധിപത്യം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുവെന്ന് പ്രചാരണം നടത്തി ഫാസിസ്റ്റ് ഭരണത്തിന് ബഹുജനപിന്തുണയുണ്ടാക്കാൻ ഹിന്ദുത്വരാഷ്ട്രീയക്കാർ അത് ആയുധമാക്കുകയും ചെയ്യും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഭാരതീയർ ഇസ്‌ലാമികാദർശം മനസാ വാചാ കർമണാ സ്വീകരിക്കുന്നതിനു മുമ്പ് ഭാരതത്തെ ഇസ്‌ലാമിക രാഷ്ട്രമാക്കണമെന്ന് ആവശ്യപ്പെട്ടാൽ ഏറ്റവും രൗദ്രഭാവമുള്ള ത്വാഗൂത്ത് ദില്ലിയിൽ അധികാരം വാഴുക മാത്രമായിരിക്കും ഫലം. ഈ ദുരന്തം ഒഴിവാക്കുന്നതിനു വേണ്ടി എന്നപേരിൽ നിർമതവാദികളായ കമ്യൂണിസ്റ്റുകൾക്ക് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നിരുപാധിക പിന്തുണ നൽകുകയാണ് ജമാഅത്തുകാർ ചെയ്തത്. മുജാഹിദുകളാകട്ടെ കമ്യൂണിസ്റ്റുകൾക്ക് വോട്ട് നൽകാനോ മാർക്സിസ്റ്റ് സംഘടനകളിൽ പ്രവർത്തിക്കാനോ ഒരിക്കലും ആഹ്വാനം ചെയ്തിട്ടില്ല. കമ്യൂണിസം ഇസ്‌ലാമിന് വിരുദ്ധമാണെന്ന് ധാരാളം ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മുജാഹിദുകൾ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ഇസ്‌ലാംവിരുദ്ധ രാഷ്ട്രീയവുമായി താരതമ്യേന കൂടുതൽ സഹകരിച്ചത് ജമാഅത്തുകാരാണെന്ന് വ്യക്തം.

ഇന്ത്യൻ രാഷ്ട്രീയത്തിൽ, മുസ്‌ലിംകളുടെ ഏറ്റവും അടിസ്ഥാന ആവശ്യമായ സമ്പൂർണ മതസ്വാതന്ത്ര്യത്തെ സർവാത്മനാ പിന്തുണയ്ക്കുന്നതും മതത്തെ എതിർക്കാത്തതുമായ രാഷ്ട്രീയകക്ഷികളുമായി മുസ്‌ലിംകൾ സഹകരിച്ചു പ്രവർത്തിക്കുന്നതിനെ മുജാഹിദുകൾ എതിർക്കാത്തത് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നൻമ മുൻ

*ശക്തമായ ഭാഷയിൽ താക്കീത് ചെയ്യുന്നതായി കാണുന്നില്ല. പുരുഷൻമാരുടെ വസ്ത്രം നെരിയാണിക്ക് മീതെ വരണമെന്നുള്ളത് കർശനമായ നിയമമാണോ?*

***കെ വി ഖാലിദ്, കോഴിക്കോട്***

ഉ: പുരുഷൻമാർ വസ്ത്രം ബോധപൂർവം നെരിയാണിക്ക് താഴെ ഇറക്കുന്നത് നബി(സ) കർശനമായിത്തന്നെ വിലക്കിയിട്ടുണ്ട്. അവിചാരിതമായി വസ്ത്രം താഴ്ന്നുപോകുന്നത് അപരാധമല്ലെന്നും ഹദീസിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ വസ്ത്രം താഴ്ത്തരുതെന്ന വിലക്ക് നമസ്കാര സമയത്തേക്ക് മാത്രമുള്ളതല്ല. ഈ വിഷയകമായി ഉദ്ധരിക്കപ്പെട്ട ചില ഹദീസുകൾ താഴെ ചേർക്കുന്നു:

അബൂഹുറയ്റ(റ) മുഖേന ബുഖാരി ഉദ്ധരിച്ചത്. നബി(സ) പറഞ്ഞു: "ഉടുതുണിയിൽ നിന്ന് നെരിയാണിക്ക് താഴെയുള്ളത് നരകത്തിലാകുന്നു".

അബൂഹുറയ്റ(റ) മുഖേന ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്. നബി(സ) പറഞ്ഞു: "അഹങ്കാരത്തോടെ ഉടുതുണി വലിച്ചിഴച്ചുനടന്നവന്റെ നേർക്ക് ഉയിർത്തെഴുന്നേല്പിന്റെ നാളിൽ അല്ലാഹു (കാരുണ്യപൂർവം) നോക്കുകയില്ല".

ഇബ്നുഉമർ(റ) മുഖേന ബുഖാരി ഉദ്ധരിച്ചത്. നബി(സ) പറഞ്ഞു: "വല്ലവനും ഗർവോടെ വസ്ത്രം വലിച്ചിഴച്ചു നടന്നാൽ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു അവന്റെ നേർക്ക് (കാരുണ്യപൂർവം) നോക്കുകയില്ല". അപ്പോൾ അബൂബക്കർ (റ) പറഞ്ഞു: "എന്റെ ഉടുതുണിയുടെ രണ്ടു പാർശ്വങ്ങളിലൊന്ന് ഊർന്നുപോകാറുണ്ട്; ഞാൻ ആ കാര്യം ശ്രദ്ധിച്ചെങ്കിലല്ലാതെ." നബി(സ) പ്രതിവചിച്ചു: "താങ്കൾ ഗർവോടെ അങ്ങനെ ചെയ്യുന്നവരുടെ കൂട്ടത്തിലല്ലല്ലോ".

## സ്വഫ്ഫ് ശരിയാക്കൽ എങ്ങനെ?

*ചോ: നമസ്കാരത്തിന് പല പള്ളികളിലും കാലിന്റെ മടമ്പ് ഭാഗം (പിൻഭാഗം) നേരെയാക്കിയാണ് വരികെട്ടുന്നത്. മറ്റു ചില പള്ളികളിലും ഗൾഫിലുമൊക്കെ മുൻഭാഗം (തള്ളവിരലിന്റെ ഭാഗം) ശരിയാക്കിയാണ് വരികെട്ടുന്നത്. ഏത് മാർഗമാണ് കൂടുതൽ ഉചിതം.*

***അബൂശൈമ, മലപ്പുറം***

ഉ: അബൂദാവൂദും അഹ്മദും ഉദ്ധരിച്ച റിപ്പോർട്ടനുസരിച്ച്, എല്ലാവരുടെയും നെരിയാണികളും കാൽമുട്ടുകളും ചുമലുകളും ഒരേ നിരയിൽ വരുന്ന വിധത്തിലാണ് സ്വഹാബികൾ അണിനിരന്നിരുന്നത്. ചുമലുകൾ ഒപ്പമാക്കണമെന്നും വരിയിൽ വിടവുണ്ടാകരുതെന്നും നബി(സ)

*വിധ മസ്അലകൾ അറിയുന്നവനാകുന്നു. പിന്നെ ഖുർആൻ കൂടുതൽ മനപ്പാഠമുള്ളവൻ, സൂക്ഷ്മതയുള്ളവൻ, ഹിജ്റയിൽ മുന്തിയവൻ, അവന്റെ മകൻ, ഇസ്‌ലാമിൽ വയസ്സുകൊണ്ട് മുന്തിയവൻ, കുലമഹിമയുള്ളവൻ, ദേഹവും വസ്ത്രവും കൂടുതൽ വൃത്തിയുള്ളവൻ, നല്ല സ്വരമുള്ളവൻ, രൂപഭംഗി മികച്ചവൻ മുതലായവർ യഥാക്രമം മുൻഗണന അർഹിക്കുന്നവരാണ്.*

*എന്നാൽ നാട്ടിൽ താമസിക്കുന്നവൻ, സ്വതന്ത്രൻ, നീതിനിഷ്ഠയുള്ളവൻ, പ്രായപൂർത്തി എത്തിയവൻ എന്നിവരെ യഥാക്രമം മുസാഫിർ, അടിമ, പാപി, കുട്ടി എന്നിവരെക്കാൾ മുന്തിക്കണം. അവർ മറ്റവരെക്കാൾ അറിവുള്ളവരായിരുന്നാലും ശരി". (ഇസ്‌ലാമിക കർമ്മശാസ്ത്രം, അഥവാ ഉംദ പരിഭാഷ -മലയാളം- പേജ് 139,140)*

*അങ്ങനെയാണെങ്കിൽ "കറുത്തവന് വെളുത്തവനെക്കാളും വെളുത്തവന് കറുത്തവനെക്കാളും അറബിക്ക് അനറബിയെക്കാളും അനറബിക്ക് അറബിയെക്കാളും യാതൊരു ശ്രേഷ്ടതയുമില്ല; തഖ്‌വകൊണ്ടല്ലാതെ" എന്ന നബിവചനം ഇവിടെ സാധുവാകുമോ?*

*ഇസ്‌ലാമിൽ കുലമഹിമയ്ക്കും ഭംഗിക്കുമാണോ പ്രാധാന്യം*

***അബൂആക്കിഫ്, അബൂദാബി***

ഉത്തരം: ഇമാമായി നിൽക്കാൻ കുലമഹിമയുള്ളവന്നോ രൂപഭംഗിയുള്ളവന്നോ കൂടുതൽ അർഹതയുണ്ടെന്ന് ഖുർആനിലോ പ്രാമാണികമായ ഹദീസിലോ പറഞ്ഞിട്ടില്ല. മുസ്‌ലിം, അഹ്മദ് എന്നിവർ റിപ്പോർട്ട് ചെയ്ത ഹദീഥ് പ്രകാരം ഏറ്റവും നന്നായി ഖുർആൻ പാരായണം ചെയ്യാൻ കഴിവുള്ളവനും ഖുർആൻ നല്ലവണ്ണം അറിയുന്നവനുമായ വ്യക്തിക്കാണ് ഇമാമായി നിൽക്കാൻ കൂടുതൽ അർഹതയുള്ളത്. അടുത്ത പരിഗണന പ്രവാചകചര്യ ഏറ്റവുമധികം അറിയുന്ന ആൾക്കാണ്. പിന്നെ നേരത്തെ ഹിജ്റ ചെയ്തവനും. പിന്നെ പ്രായക്കൂടുതലുള്ള വ്യക്തിക്കും. ഒരു വീട്ടിൽ വെച്ച് നമസ്കരിക്കുമ്പോൾ ഉടമസ്ഥനും ഒരു നാട്ടിൽ വെച്ച് നമസ്കരിക്കുമ്പോൾ അവിടത്തെ ഭരണാധികാരിക്കുമാണ് ഇമാമായി നിൽക്കാൻ കൂടുതൽ അർഹതയുള്ളതെന്ന് അബൂദാവൂദ് ഉദ്ധരിച്ച ഒരു ഹദീസിൽ നിന്ന് ഗ്രഹിക്കാം. ഹിജ്റയിൽ മുന്തിയവന്റെ മകൻ, നല്ല സ്വരമുള്ളവൻ എന്നിവർക്ക് മുൻഗണനയുണ്ടെന്ന് പറയുന്നതിന് ഖണ്ഡിതമായ തെളിവൊന്നുമില്ല. വൃത്തി, ഇമാം ഉൾപ്പെടെ നമസ്കരിക്കുന്നവർക്കെല്ലാം വേണ്ട കാര്യമാകുന്നു.

# ശവ്വാൽ മാസപ്പിറവി

പ്രൊ.കെ അഹമ്മദ്കുട്ടി

**വർഷത്തിൽ മൂന്നോ നാലോ ദിവസങ്ങളിൽ മാത്രമാണ് നാം ചന്ദ്രന്റെ കാര്യം ശ്രദ്ധിക്കുന്നത്. എന്നിട്ടും, ചന്ദ്രന്റെ കാര്യം ഞങ്ങൾ തീരുമാനിച്ച് കൊള്ളാം, മറ്റുള്ളവർക്ക് അതിലെന്ത് കാര്യം എന്നാണ് നമ്മുടെ ഭാവം! എന്നാൽ വാനനിരീക്ഷണ കേന്ദ്രങ്ങളുടെ സ്ഥിതി അതല്ല. എല്ലാ ദിവസവും രാവും പകലും അവയുടെ കണ്ണുകൾ ആകാശത്തേക്ക് തുറന്ന് വെച്ചിരിക്കയാണ്, അവരുടെ ടൈംടേബിൾ ലംഘിച്ചുകൊണ്ട് ഉദയാസ്തമയങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ.**

മാസപ്പിറവിയെ അന്വേഷിക്കേണ്ടത് എപ്പോൾ? ബാല ചന്ദ്രൻ രൂപപ്പെട്ടതിന് ശേഷം. 1999 ജനുവരി 17നു ഇന്ത്യൻ സമയം രാത്രി 9.16നാണ് ശവ്വാൽ മാസപ്പിറവി (ന്യൂമൂൺ) ഉണ്ടാകുന്നത്. ഭൂമിയിൽ നിന്ന് നോക്കുന്ന ഒരു നിരീക്ഷകനെ സംബന്ധിച്ചേടത്തോളം, സൂര്യനും ചന്ദ്രനും ഒരേ ദിശയിൽ വരുമ്പോഴാണ് ന്യൂമൂൺ (ഹിലാൽ) ഉണ്ടാകുന്നത്. നേരെ എതിർദിശയിൽ വരുമ്പോൾ പൗർണമിയും. അപ്പോൾ ശവ്വാൽ മാസപ്പിറവി അന്വേഷിക്കേണ്ടത്, ജനു. 17നു ഇന്ത്യൻ സമയം രാത്രി 9.16നു ശേഷമായിരിക്കണം. ഒരു വസ്തു ജനിക്കുന്നതിന് മുമ്പ് അതിനെ തിരയേണ്ട കാര്യമില്ലല്ലോ. എന്നാൽ ഇവിടെ ചിലർ വൈകുന്നേരം 6.23നു തന്നെ അന്വേഷണം ആരംഭിച്ചു. ഹിലാൽ പിറവിയെടുക്കുന്നതിന് ഏതാണ്ട് 3 മണിക്കൂർ മുമ്പ് തന്നെ. ഇങ്ങനെ ധൃതിപിടിച്ച് അന്വേഷണം ആരംഭിക്കുവാൻ അവരെ പ്രേരിപ്പിച്ചതെന്താണെന്ന് അവർക്ക് മാത്രമേ അറിഞ്ഞുകൂടൂ. അവർക്ക് ഒരു ചന്ദ്രക്കല കണ്ടാൽ മതിയായിരുന്നുവെങ്കിൽ അന്ന് രാവിലെ സൂര്യോദയത്തിന് മുമ്പായി കിഴക്ക് ഭാഗത്തേക്ക് നോക്കാമായിരുന്നു. പക്ഷേ, അപ്പോൾ കാണുന്നത് റമദാനിലെ അവസാന ചന്ദ്രനെയായിരിക്കും; ശവ്വാലിലെ ആദ്യ ചന്ദ്രനെയായിരിക്കില്ല എന്ന വ്യത്യാസമുണ്ട്. അന്ന് സൂര്യാസ്തമയത്തിന് ശേഷം ഹിലാൽ കണ്ടുവെന്ന് സാക്ഷ്യപ്പെടുത്തിയവർ യഥാർഥ വിശ്വാസികളും വിശ്വസ്തരുമായിരിക്കാം. പക്ഷേ

മണിക്കൂറിൽ അര ഡിഗ്രി വേഗതയിൽ സൂര്യനിൽ നിന്നും അകന്നു പോകുന്നു. ന്യൂമൂണിന് മുമ്പ് ചന്ദ്രൻ ഇതേ വേഗതയിൽ സൂര്യനോടടുക്കുകയായിരുന്നു. അപ്പോൾ ജനു. 17നു രാത്രി 9.16 മുതൽ 18നു വൈകുന്നേരം 6.23വരെ (കോഴിക്കോട്ടെ സൂര്യാസ്തമയം)യുള്ള 21 മണിക്കൂർ സമയത്തിനുള്ളിൽ, ചന്ദ്രൻ പത്തര ഡിഗ്രിയോളം സൂര്യനിൽനിന്നും അകന്നു കിഴക്കോട്ട് നീങ്ങിയിരിക്കും. അതായത് സൂര്യാസ്തമയ സമയത്ത് ചന്ദ്രൻ പടിഞ്ഞാറെ ചക്രവാളത്തിൽ പത്തര ഡിഗ്രി ഉയരത്തിലാണുണ്ടായിരിക്കുക. ഭൂമി പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് ഒരു ഡിഗ്രി കറങ്ങാൻ 4 മിനുട്ട് എടുക്കുന്നതിനാൽ, പത്തര ഡിഗ്രി ഉയരത്തിലുള്ള ഹിലാൽ അസ്തമിക്കുവാൻ 42 മിനുട്ടെടുക്കും. മേൽപറഞ്ഞത് ചന്ദ്രാസ്തമയം കാണുവാനുള്ള കൃത്യമായ മാർഗമല്ല. സാധാരണക്കാരന് സ്വീകരിക്കുവാൻ പറ്റിയ ഒരു കുറുക്ക് വഴി മാത്രമാണ്. ഒരു സ്ഥലത്തെ സൂര്യാസ്തമയവും ന്യൂമൂൺ സമയവും ലഭിച്ചാൽ, ആ സ്ഥലത്ത് ഒന്നാം രാവിൽ ഹിലാൽ ഏതാണ്ട് എത്ര മിനുട്ട് ചക്രവാളത്തിന് മീതെയുണ്ടായിരിക്കുമെന്ന് കണക്കാക്കുവാനുള്ള ഒരു ലളിതമായ രീതിയായി മാത്രം ഇതിനെ കണ്ടാൽമതി. ഒരു സ്ഥലത്തെ അക്ഷാംശവും ധ്രുവാംശവും അറിഞ്ഞാൽ, ആ സ്ഥലത്തെ ചന്ദ്രാസ്തമയം കൃത്യമായി കണ്ട് പിടിക്കുവാനുള്ള ഗണിതശാസ്ത്ര ഫോർമുലകളും രീതികളും വേറെയുണ്ട്.

പക്ഷേ ഫോർമുലകൾ രൂപപ്പെട്ട് വന്നതിന്റെ ചരിത്രം മനസ്സിലാക്കിയാൽ തെറ്റ് കടന്നുകൂടുവാനുള്ള പഴുതില്ലെന്നും ബോധ്യമാകും.

സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ എന്നിവയുടെ ചലനങ്ങൾ മനുഷ്യൻ നിരീക്ഷിക്കുവാൻ തുടങ്ങിയിട്ട് 5000 ത്തിലധികം വർഷങ്ങളായി. അവയുടെ ആവർത്തിച്ചാവർത്തിച്ച് വരുന്ന ഉദയാസ്തമയങ്ങളും ഗ്രഹണങ്ങളും മനുഷ്യനിൽ എന്നും കൗതുകവും ജിജ്ഞാസയും ഭയവും ജനിപ്പിച്ചിട്ടുണ്ട്. ആദ്യം നഗ്നനേത്രങ്ങളെ മാത്രം മനുഷ്യൻ ആശ്രയിച്ചു. പിന്നെ ദൂരദർശിനികൾ ഉപയോഗിച്ച് വ്യക്തമായ ചിത്രങ്ങളും കൃത്യമായ വിവരങ്ങളും ശേഖരിച്ച് പിൻതലമുറക്ക് കൈമാറി.

യുവാൻ. അതിനെ തള്ളിപ്പറയുവാൻ അഥവാ സംശയിക്കുവാൻ നമുക്കെങ്ങനെ കഴിയും! നമ്മുടെ അടുത്ത് 'ശരി' വേറെയുണ്ടോ?

**കമ്പ്യൂട്ടറിന് തെറ്റ് പറ്റിയാലോ?**

കമ്പ്യൂട്ടറിന് തെറ്റുപറ്റിയാലോ എന്നാണ് അടുത്ത സംശയം. തെറ്റുപറ്റാം. ഒരാൾ ഒറ്റക്കൊരിടത്ത് ഇരുന്ന് കമ്പ്യൂട്ടറിൽ ഡാറ്റഫീഡ് ചെയ്യുമ്പോൾ കൈപിഴ സംഭവിക്കാം. പക്ഷേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ വാനനിരീക്ഷണ കേന്ദ്രങ്ങൾ പ്രസിദ്ധീകരിക്കുന്ന 'സമയവിവര പട്ടികകൾ' എല്ലാം ഒരുപോലെ എന്ന് വരുമ്പോൾ ഈ സംശയത്തിന്റെ പഴുതും അടയുന്നു.

സാധാരണക്കാരനെ സംബന്ധിച്ചേടത്തോളം ഇന്ന് കമ്പ്യൂട്ടർ ഒരു വിശ്വസ്ത സുഹൃത്താണ്.

മാണെന്നും അത് കണക്ക് കൂട്ടിയെടുക്കുവാൻ കഴിയുമെന്നും, ചന്ദ്രന്റേത് അങ്ങനെയല്ലെന്നും പറയുന്നവരുണ്ട്. ചന്ദ്രൻ യാതൊരു നിയമവും അനുസരിക്കാതെ, ഒരാൾക്കും പിടികൊടുക്കാതെ ഇഷ്ടാനുസരണം ഓടിച്ചാടി നടക്കുകയാണോ. സൂര്യനെ അപേക്ഷിച്ച് ചന്ദ്രന്റെ ചലനം സങ്കീർണമാണ്. പക്ഷേ സങ്കീർണമായ ഗണിത ശാസ്ത്രനിയമങ്ങളുടെ ചട്ടക്കൂട്ടിൽ ചന്ദ്രനെയും ഒതുക്കി നിർത്തിയിട്ടുണ്ട്. ഗണിതശാസ്ത്ര സമീകരണങ്ങളെ നിർധാരണം ചെയ്യാൻ കമ്പ്യൂട്ടറിന്റെ സഹായം വേണമെന്ന് മാത്രം.

ചന്ദ്രൻ അതിന്റെ നിയമങ്ങൾ കണിശമായും പാലിച്ചുകൊണ്ടു തന്നെയാണ് അതിന്റെ സഞ്ചാരപഥത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിന് ഏറ്റവും വലിയ തെളിവ് ഗ്രഹണം തന്നെ. സൂര്യന്റെയും ഭൂമിയുടെയും ഇടയിൽ ചന്ദ്രൻ നിശ്ചിത സമയത്തും സ്ഥാനത്തും പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ, സൂര്യഗ്രഹണം സംഭവിക്കില്ല. അതുപോലെ, സൂര്യൻ ഭൂമിയുടെ ഒരു ഭാഗത്തും ചന്ദ്രൻ നേരെ എതിർദിശയിൽ മറുഭാഗത്തും വന്നില്ലെങ്കിൽ ചന്ദ്രഗ്രഹണവും നടക്കില്ല. ഗ്രഹണം മുൻകൂട്ടി പ്രവചിച്ചവർ കുഴങ്ങും. അവർ പ്രവചനത്തിന് പിന്നീട് മുതിരുകയില്ല. എന്നാൽ വാനനിരീക്ഷണ കേന്ദ്രങ്ങൾ പ്രവചനം തുടരുകയാണ്. ഈ നൂറ്റാണ്ടിൽ സംഭവിക്കാനിരിക്കുന്ന ഗ്രഹണങ്ങളുടെ വിവരങ്ങൾ വർഷങ്ങൾക്ക് മുമ്പ് തന്നെ തയ്യാറായിക്കഴിഞ്ഞു.

സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും എപ്പോഴും ഉണ്ടാകുന്ന പ്രതിഭാസങ്ങളല്ല. എന്നാൽ നക്ഷത്രഗ്രഹണം (ഒക്കൾടേഷൻ) ഇടക്കിടെ ഉണ്ടാകുന്നു.

ഒരു നക്ഷത്രത്തെ നമ്മളിൽ നിന്നും ചന്ദ്രൻ മറച്ച് പിടിക്കുമ്പോ

വ്യത്യാസമുണ്ട്. അന്ന് സൂര്യാസ്തമയത്തിന് ശേഷം ഹിലാൽ കണ്ടുവെന്ന് സാക്ഷ്യപ്പെടുത്തിയവർ യഥാർഥ വിശ്വാസികളും വിശ്വസ്തരുമായിരിക്കാം. പക്ഷേ അവർ കണ്ടത് ചന്ദ്രനെയായിരിക്കാൻ തരമില്ല. വല്ല മേഘശകലവും കണ്ട് ചന്ദ്രക്കലയാണെന്ന് തെറ്റിദ്ധരിച്ച് അവർ ഖാസിമാരെ വിവരം അറിയിച്ചതായിരിക്കും. ഖാസിമാർ ദൃക്സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ടാകും. പക്ഷേ ഇങ്ങനെ ഒരു ചോദ്യം ചോദിച്ച് കാണുകയില്ല: "രാത്രി 9.16 നു പിറക്കേണ്ട ചന്ദ്രനെ വൈകുന്നേരം 6.23 ന്, തന്നെ നിങ്ങൾ കണ്ടുവോ? അവിശ്വസനീയം!" ഈ ചോദ്യം ചോദിക്കാത്തതുകൊണ്ട് ഖാസിമാർക്കും അബദ്ധം പറ്റി. അങ്ങനെ ഉത്തരകേരളത്തിലെ ചില സ്ഥലങ്ങളിൽ ജനു. 18 നു ശവ്വാൽ ഒന്നായി അവർക്ക് പ്രഖ്യാപിക്കേണ്ടിവന്നു.

ജനു. 17നു രാത്രി 9.16നാണ് ഹിലാൽ പിറവിയെടുക്കുന്നത് എന്ന് പറഞ്ഞുവല്ലോ. ആ സമയത്ത് ഹിലാൽ ദൃശ്യമാണോ? ഒരിക്കലുമല്ല. രാത്രി 9.16നു സൂര്യൻ എവിടെയാണോ അവിടെയാണ് ചന്ദ്രനും ഉണ്ടായിരിക്കുക. രാത്രി 9.16നു സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിനു 65 ഡിഗ്രിയോളം താഴെയായിരിക്കും ഉണ്ടായിരിക്കുക. ആ സമയത്ത് സൂര്യനെ കാണാൻ കഴിയാത്ത പോലെ ചന്ദ്രനെയും കാണുകയില്ല. അന്നു രാത്രിയും പിറ്റേ ദിവസം പകലും ചന്ദ്രനെ കാണുകയില്ല. രാത്രികാണാത്തത് ചന്ദ്രൻ ഭൂമിയുടെ മറുഭാഗത്തായതുകൊണ്ട്, പകൽ കാണാത്തത് സൂര്യന് തൊട്ട് കിടക്കുന്ന ചന്ദ്രൻ സൂര്യപ്രഭയിൽ മുങ്ങിയതുകൊണ്ട്. അന്ന് സൂര്യാസ്തമയത്തിന് ശേഷം പടിഞ്ഞാറെ ചക്രവാളത്തിന് മീതെ ഹിലാൽ കാണാം.

**ഹിലാൽ എത്രസമയം**

ന്യൂമൂണിന് ശേഷം ചന്ദ്രൻ

ശവും ധ്രുവാംശവും അറിഞ്ഞാൽ, ആ സ്ഥലത്തെ ചന്ദ്രാസ്തമയം കൃത്യമായി കണ്ട് പിടിക്കുവാനുള്ള ഗണിതശാസ്ത്ര ഫോർമുലകളും രീതികളും വേറെയുണ്ട്.

**ന്യൂമൂൺസമയം എവിടെനിന്ന്?**

സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ എന്നിവയുടെ ഉദയാസ്തമയവും ന്യൂമൂൺ, പൗർണമി, ഗ്രഹണം എന്നിവയുടെ സമയവും മറ്റും കാണിക്കുന്ന പട്ടികകൾ പല വാനനിരീക്ഷണ കേന്ദ്രങ്ങളും ഓരോ വർഷം മുമ്പുതന്നെ പ്രസിദ്ധീകരിക്കുന്നു. കൽക്കത്തയിലെ Positional Astronomy Centre, India Meteorological Dept. New Alipore, Culcutta പ്രസിദ്ധീകരിക്കുന്ന Idian Astronomical Ephemerihe ലണ്ടനിലെ Royal Greewich Observatory, U S Naval Observatory എന്നീ വാനനിരീക്ഷണ കേന്ദ്രങ്ങൾ സംയുക്തമായി പുറത്തിറക്കുന്ന Astronomical Phenomena എന്നിവ ഉദാഹരണം. ഇത്തരം പ്രസിദ്ധീകരണങ്ങൾ എല്ലാവർക്കും വാങ്ങാനും ഉപയോഗിക്കാനും കഴിഞ്ഞെന്ന് വരില്ല. അവർക്ക് ഒരുകാര്യം എളുപ്പത്തിൽ ചെയ്യാം. ഹിന്ദുദിനപത്രത്തിൽ 4-ാം പേജിൽ കൊടുക്കുന്ന സൂര്യാസ്തമയവും ചന്ദ്രാസ്തമയവും അവർക്ക് നോക്കാം. അത് പക്ഷേ മദ്രാസിലേതായിരിക്കും. എന്നാൽ ന്യൂമൂൺസമയം എല്ലാസ്ഥലത്തേക്കും ബാധകമാണ്. കാരണം അത് മാസത്തിലൊരിക്കൽ സംഭവിക്കുന്ന ഒരേ ഒരു സംഭവമാണ്. സ്ഥലം മാറുന്നതനുസരിച്ച് അതിന് മാറ്റമില്ല.

**കണക്ക് പിഴച്ചാലോ?**

മേൽപ്പറഞ്ഞ പട്ടികകളിൽ തെറ്റ് കടന്നു കൂടാൻ സാധ്യതയില്ലേ? സാധ്യതയുണ്ട്. തെറ്റായ ഗണിതശാസ്ത്രസമവാക്യങ്ങളാണ് കമ്പ്യൂട്ടറിലേക്ക് കൊടുക്കുന്നതെങ്കിൽ തെറ്റായ റിസൽട്ട് പുറത്തുവരും.

**ശ്രദ്ധക്ക് തുറന്ന് വെച്ചിരിക്കയാണ്, അവരുടെ ടൈംടേബിൾ ലംഘിച്ചുകൊണ്ട് ഉദയാസ്തമയങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ. വല്ലപ്പോഴും സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും സമയം തെറ്റി ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്തിരുന്നെങ്കിൽ അത് വാനനിരീക്ഷണ കേന്ദ്രങ്ങൾ കണ്ട് പിടിക്കുമായിരുന്നു. പത്രമാധ്യമങ്ങളിൽ അത് വലിയ വാർത്തയാകുമായിരുന്നു. പക്ഷേ അതൊന്നും സംഭവിച്ച് കാണുന്നില്ല.**

ഇവരാകട്ടെ, ഈ വിവരങ്ങൾ മുഴുവൻ ഗണിതശാസ്ത്ര സമവാക്യങ്ങളുടെ ചട്ടക്കൂട്ടിൽ കോർത്തിണക്കാമെന്ന് കണ്ടെത്തി. ഈ ഗണിതശാസ്ത്രനിയമങ്ങളെ അടിസ്ഥാനമാക്കി, സൂര്യ ചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങൾ വരും വർഷങ്ങളിൽ എപ്പോൾ എവിടെവെച്ച് നടക്കുമെന്ന് പ്രവചിച്ച് നോക്കി. പ്രവചനവും യാഥാർഥ്യവും തമ്മിൽ വ്യത്യാസമുണ്ടായപ്പോഴൊക്കെ അതിന്റെ കാരണം കണ്ടുപിടിച്ച് ഫോർമുലകൾ തിരുത്തി എഴുതി, വീണ്ടും പരിശോധിച്ചു.

അങ്ങനെ പ്രവചനവും നിരീക്ഷണവും മാറിമാറി നടത്തി ഗണിതശാസ്ത്ര ഫോർമുലകൾ കുറ്റമറ്റതാണെന്ന് ഉറപ്പു വരുത്തി. ഇങ്ങനെ ഉരുത്തിരിഞ്ഞ് വന്ന ഗണിതശാസ്ത്ര നിയമങ്ങളാണ് 'കണക്കി'ന്റെ രൂപത്തിൽ നമ്മുടെ മുമ്പിലുള്ളത്. ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചതല്ല 'കണക്കെ'ന്നർഥം. അനേകായിരം ദൃക്സാക്ഷികൾ നേരിട്ടും ദൂർദർശിനികളിലൂടെയും കണ്ട കാര്യങ്ങൾ അനേകം വർഷങ്ങളുടെ പരിശോധനയും വിലയിരുത്തലും കഴിഞ്ഞ് 'കണക്ക്' നമ്മുടെ മുമ്പിൽ നിൽക്കുന്നു. 'കാഴ്ചകളുടെ' ആകെത്തുകയാണ് 'കണക്ക്' എന്ന് വേണം പറ

വിമാനത്താവളത്തിലും റയിൽവെ സ്റ്റേഷനിലും ടെലഫോൺ ബൂത്തിലും ഹോട്ടലിലും ഹോസ്പിറ്റലിലും എല്ലാം 'കമ്പ്യൂട്ടറൈസ്ഡ്' ബില്ല്തന്നെ. മനുഷ്യന്റെ കൈക്രിയക്ക് വിധേയമായില്ലെങ്കിൽ, കമ്പ്യൂട്ടർ കാര്യങ്ങൾ തെറ്റു കൂടാതെയും നിഷ്പക്ഷമായും കൈകാര്യം ചെയ്യുമെന്ന് എല്ലാവർക്കും ഉറപ്പാണ്. എന്നാൽ കമ്പ്യൂട്ടറിന് തെറ്റ് പറ്റിയിട്ടുണ്ടാകും എന്ന് ജൽപ്പിച്ച്കൊണ്ട് ബില്ലടക്കാതെ ഒരാൾ ഇറങ്ങി നടന്നാൽ അവനെ നിയമം പിടികൂടും. ബില്ലിൽ എവിടെയാണ് പിശക് എന്ന് ചൂണ്ടിക്കാണിക്കാൻ അയാൾ ബാധ്യസ്ഥനാണ്.

പക്ഷേ 'മാസപ്പിറവി കാഴ്ച' രംഗത്ത് ഈ ബാധ്യത നിറവേറ്റപ്പെടുന്നില്ല. മേഘശകലം കണ്ട് ഹിലാലാണെന്ന് തെറ്റിദ്ധരിക്കുന്ന ദൃക്സാക്ഷികളും അവരുടെ മൊഴി ചോദ്യംചെയ്യാതെ സ്വീകരിക്കുന്ന ഖാസിമാരും കമ്പ്യൂട്ടറിനെയും കണക്കിനെയും തള്ളിപ്പറഞ്ഞ്, ബില്ല് പേ ചെയ്യാതെ ഇറങ്ങി നടക്കുകയാണ്. പിശക് ചൂണ്ടിക്കാണിക്കാൻ തങ്ങൾക്ക് ബാധ്യതയില്ല എന്നാണവരുടെ ഭാവം.

**ചന്ദ്രന്റെ കളി**

സൂര്യന്റെ ചലനം വളരെ കൃത്യ

ഗ്രഹണം (ഒക്കൾട്ടേഷൻ) ഇടക്കിടെ ഉണ്ടാകുന്നു.

ഒരു നക്ഷത്രത്തെ നമ്മളിൽ നിന്നും ചന്ദ്രൻ മറച്ച് പിടിക്കുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വർഷം ചന്ദ്രൻ കാരണം ഒരു നക്ഷത്രത്തിനു ഗ്രഹണം ബാധിച്ചാൽ ആ വർഷം അനേകം തവണ അതിന് ഗ്രഹണം ബാധിക്കുന്നു. പല നിരീക്ഷണ കേന്ദ്രങ്ങളും ഒക്കൾട്ടേഷൻ മുൻകൂട്ടി പ്രഖ്യാപിക്കാറുണ്ട്

**ജനുവരി 17ന്റെ ചന്ദ്രാസ്തമയം**

1999 ജനുവരി 17ന് ഇന്ത്യയിൽ ഒരിടത്തും സൂര്യാസ്തമയത്തിനു ശേഷം ചന്ദ്രനെ കാണുകയില്ല. കാരണം സൂര്യാസ്തമയത്തിന് മുമ്പ് ചന്ദ്രൻ അസ്തമിക്കുന്നു. ജനുവരി 17,18 എന്നീ ദിവസങ്ങളിലെ സമയവ്യത്യാസം (മിനുട്ടിൽ) ക്രമത്തിൽ താഴെകൊടുക്കുന്നു.

'–' ചിഹ്നം സൂര്യാസ്തമയത്തിന് മുമ്പ് ചന്ദ്രാസ്തമയം സൂചിപ്പിക്കുന്നു.

| | |
|---|---|
| ആഗ്ര | (–9,47) |
| ബാംഗ്ലൂർ | (–10, 43) |
| മുംബൈ | (–9, 46) |
| കോഴിക്കോട് | (–10, 43) |
| കൊച്ചി | (–10, 42) |
| കൽക്കത്ത | (–10, 44) |
| കോയമ്പത്തൂർ | (–10,43) |
| ഡൽഹി | (–8, 47) |
| ഹൈദരാബാദ് | (–10, 44) |
| കാസർകോഡ് | (–10, 43) |
| മദ്രാസ് | (–10,43) |
| തിരുവനന്തപുരം | (–10, 42) |

**ദുൽഹജ്ജ് മാസപ്പിറവി**

ദുൽഹജ്ജ് മാസപ്പിറവി ഉണ്ടാകുന്നത് മാർച്ച് 17–18ന്റെ അർധരാത്രികഴിഞ്ഞ് 18 മിനുട്ടാകുമ്പോഴാണ്. അന്ന് രാത്രിയും പിറ്റേദിവസം പകലും കഴിഞ്ഞശേഷം ഹിലാലിനെ അന്വേഷിച്ചാൽമതി. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ 1999 മാർച്ച് 17, 18 എന്നീ ദിവസങ്ങ

*(ശേഷം 20ൽ)*

# മാസപ്പിറവി: പ്രശ്നത്തിന്റെ മർമവും മതവിധിയും

പി മുഹമ്മദ് കുട്ടശ്ശേരി

മാസപ്പിറവി സംബന്ധിച്ചു മുസ്‌ലിംകൾക്കിടയിൽ ഉയർന്നു വന്ന പ്രശ്നം എന്താണ്? കണക്കു നോക്കി മാസം ഉറപ്പിക്കാമോ ഇല്ലേ എന്നതല്ല. നോമ്പും പെരുന്നാളും ഗോളശാസ്ത്ര കണക്കിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്ന കാര്യം പ്രാദേശിക തലത്തിലും അന്താരാഷ്ട്രതലത്തിൽ മുസ്‌ലിം സമ്മേളനങ്ങളിലും ചർച്ചകൾക്കും ഒറ്റപ്പെട്ട ചില നിഗമനങ്ങൾക്കും വിധേയമാകുന്നുവെന്ന കാര്യം നിഷേധിക്കാവതല്ല. കണക്കുനോക്കി മാസം ഉറപ്പിക്കുന്നതാണ് പ്രശ്നമെന്ന പ്രചാരണം ആശയക്കുഴപ്പം സൃഷ്ടിക്കാനുദ്ദേശിച്ചുള്ളതാണ്. മാസം 29-നു സൂര്യാസ്തമനത്തിനു ശേഷം ചന്ദ്രൻ ചക്രവാളത്തിൽ അവശേഷിക്കാത്തത് കാരണം അന്നു മാസപ്പിറവി അസംഭവ്യമാണെന്നു ഖണ്ഡിതമായ ഗോളശാസ്ത്രക്കണക്ക് തറപ്പിച്ചു പറയുമ്പോൾ അന്നു മാസപ്പിറവി കണ്ടതായി ആരെങ്കിലും അവകാശപ്പെട്ടാൽ അത് സ്വീകരിച്ചു നോമ്പോ പെരുന്നാളോ തീരുമാനിക്കാമോ എന്ന വിഷയത്തിൽ മാത്രമാണ് തർക്കം. ഇത്തരം ദിവസങ്ങളിൽ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ചന്ദ്രനെ കണ്ടുവെന്ന സാക്ഷ്യം തള്ളിക്കളയണമെന്നാണ് പൂർവകാല പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഉദാഹരണമായി ശാഫിഈ പണ്ഡിതനായ ഖൽയൂബിയുടെ ഗ്രന്ഥത്തിൽ നിന്ന്: "ഖണ്ഡിതമായ കണക്ക് മാസപ്പിറവി കാണുകയില്ലെന്നു അറിയിച്ചാൽ കണ്ടുവെന്ന നീതിമാൻമാരുടെ മൊഴി സ്വീകരിക്കാവതല്ല. അവരുടെ സാക്ഷ്യം തള്ളിക്കളയണം" മദ്ഹബിലെ വേറെയും പണ്ഡിതൻമാർ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്.

വനയിൽ നിന്നു മുസ്‌ലിംകൾ മനസ്സിലാക്കിയില്ല. മറിച്ചു, ഖുർആൻ നിർദേശിച്ച സൂര്യന്റെയും ചന്ദ്രന്റെയും കണക്കും മനാസിലും (സഞ്ചാരപഥങ്ങളും) അവർ പഠിക്കാൻ തുടങ്ങി. പള്ളികളിൽവെച്ചു പഠിപ്പിച്ചു. ഈ പഠനം മുസ്‌ലിംകളെ ഗോളശാസ്ത്രത്തിൽ നേതൃത്വത്തിലേക്കെത്തിച്ചു. ഈ വിഷയത്തിൽ ലോകത്തെങ്ങും പ്രചാരത്തിലുണ്ടായിരുന്ന വിജ്ഞാനങ്ങൾ അവർ സമ്പാദിച്ചു. ഇന്നും ഗോളശാസ്ത്രത്തിൽ അറിയപ്പെടുന്ന പല പദങ്ങളും അറബിയാണെന്നത് മുസ്‌ലിംകൾ അതിൽ ചെലുത്തിയ സ്വാധീനതക്കു തെളിവാണ്. ഗോളശാസ്ത്രവിഷയത്തിൽ ലോകം മുസ്‌ലിംകളോടു എന്തുമാത്രം കടപ്പെട്ടിരിക്കുന്നു. ഈ വിജ്ഞാനത്തിന്റെ വികാസം ചന്ദ്രൻ, മാസം 29-നു ചക്രവാളത്തിൽ സൂര്യാസ്തമനത്തിനു ശേഷം അവശേഷിക്കുന്ന ദിവസവും അവശേഷിക്കാത്ത ദിവസവും സംബന്ധിച്ചു വ്യക്തമായ അറിവു അവർക്കു നൽകി. ഈ ഉറപ്പായ അറിവ് ലഭിച്ച കാരണം, റമദാൻ 29-നു മാസപ്പിറവി ഉണ്ടാകാത്ത ദിവസം മാസം കണ്ടുവെന്നു ആരെങ്കിലും പറഞ്ഞാൽ അവരുടെ സാക്ഷ്യം തള്ളിക്കളയണമെന്നു അവർ വിധിച്ചു. കാരണം ഭക്തരായിരുന്ന അവർ ഒരു നോമ്പു നഷ്ടപ്പെടുന്നതിൽ ഭയമുള്ളവരും ആരാധനകൾ നിർവഹിക്കുന്നതിൽ കൃത്യത വേണമെന്ന നിഷ്കർഷയുള്ളവരുമായിരുന്നു. കണക്കു പ്രകാരം മാസപ്പിറവി സംഭവിക്കാൻ നിവൃത്തിയില്ലാത്ത ശഅബാൻ 29-നു മാസം കണ്ടുവെന്ന മൊഴി സ്വീകരിച്ചു നോമ്പു ആരംഭിക്കുമ്പോഴും ഇതുപോലെ കൃത്യത നഷ്ടപ്പെടുന്നു. ഇതാണ് പൂർവിക പണ്ഡിതൻമാർ ഈ വിധി പ്രഖ്യാപിച്ചതിന്റെ പിന്നിലെ പശ്ചാത്തലം. ഖുർആൻ പറഞ്ഞ ചന്ദ്രന്റെ കണക്കും മനാസിലും പഠിച്ചത് കൊണ്ടാണ് അവർക്ക് ഇങ്ങനെ പിറവി സംഭവിക്കാത്ത ദിവസം കണ്ടെത്താൻ കഴിഞ്ഞത്. ഇതു പഠിച്ചിട്ടില്ലാത്ത പണ്ഡി

ഇപ്രകാരം വിവരിക്കുന്നു: "ഖാദിക്കു ഗോളശാസ്ത്രവിജ്ഞാനത്തിൽ സാമാന്യ അറിവുവേണം. ഇല്ലെങ്കിൽ ആ വിഷയം അറിയുന്ന വിശ്വസ്തരെ അദ്ദേഹം അനുകരിക്കണം. മാസപ്പിറവി സ്ഥിരീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാനുള്ള ഉൾക്കാഴ്ചയുണ്ടാകാനും ധൃതിയിൽ തീരുമാനമെടുക്കാതിരിക്കാനും ഇതു ആവശ്യമാണ്. സൂര്യന്റെയും ചന്ദ്രന്റെയും സഞ്ചാരപഥങ്ങൾ, അവയുടെ അടുപ്പം, അകൽച്ച, ശോഭ മായുന്ന സമയം തുടങ്ങിയവയെല്ലാം അയാൾ അറിയണം"

മാസപ്പിറവി കണ്ടുവെന്നു അവകാശപ്പെടുന്ന സാക്ഷിയുടെ കാര്യത്തിൽ ഖാദി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സുബ്കിയുടെ വീക്ഷണത്തിൽ ഇവയാണ്: "ഖാദി മാസം കണ്ട സാക്ഷികളുടെ നീതിബോധം, അവരുടെ ജാഗ്രത, അവരെ സംശയിക്കാൻ നിവൃത്തിയുണ്ടോ, അവർക്കു ധാരണപിശക് പറ്റാമോ. എന്നീ കാര്യങ്ങൾ, അവരുടെ പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനക്ഷമത, കാഴ്ചശക്തി, ചക്രവാളത്തിന്റെ തെളിമ, ചന്ദ്രന്റെ സ്ഥാനം, കാഴ്ചയെ അലോസരപ്പെടുത്തുന്ന എന്തെങ്കിലും ചക്രവാളത്തിലുണ്ടോ എന്നത്, ചന്ദ്രന്റെ ഉദയസ്ഥാനം എന്നിവയെല്ലാം നോക്കണം"

ഗോളശാസ്ത്ര കണക്കു പ്രകാ

ക്കുന്നു: "മനുഷ്യൻ നുണ പറയുക രണ്ടു തരത്തിലാണ്. ഒന്ന്: കരുതിക്കൂട്ടി. രണ്ട്. അബദ്ധവശാൽ". കരുതിക്കൂട്ടി നുണപറയുന്നതിന്റെ വിവിധവശങ്ങൾ വിവരിച്ചശേഷം അബദ്ധവശാൽ നുണപറയുന്നത് എങ്ങനെയെന്നു അദ്ദേഹം വ്യക്തമാക്കുന്നു: "മാസപ്പിറവി കാണുന്നുവെന്നു തോന്നുക. യഥാർഥത്തിൽ മാസം കാണുന്നുണ്ടാവുകയില്ല." മാസപ്പിറവി കാണുന്നതിൽ നീതിമാൻമാർക്കും അമളി പറ്റുന്നതിനു ഒരു ഉദാഹരണം അദ്ദേഹം വിവരിക്കുന്നു: "അനസുബ്നു മാലിക് സുഹൃത്തുക്കളുടെ കൂടെയിരുന്നു മാസം വീക്ഷിക്കുകയായിരുന്നു. അപ്പോൾ അനസ് പറഞ്ഞു: 'അതാ, ഹിലാൽ!' കൂടെയുള്ളവർ ആരും കാണുന്നുമില്ല. സമർഥനായ ഇയാ സുബ്നു മുആവിയ അനസിന്റെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി. പുരികത്തിൽ നിന്നു വെളുത്ത വളഞ്ഞ ഒരു രോമം കണ്ണിലേക്കു തൂങ്ങി കിടക്കുന്നു. ഇയാസ് ആ രോമം മേൽപോട്ടുയർത്തി ചോദിച്ചു: 'ഇപ്പോൾ കാണുന്നുണ്ടോ?' അനസ് പറഞ്ഞു: 'ഇല്ല'. ഇത്തരം ധാരാളം കാഴ്ചകൾ സംഭവിക്കാറുണ്ടെന്നു സുബ്കി സമർഥിക്കുന്നു

എന്താണ് ഗോളശാസ്ത്രക്കണക്ക്, നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും സ്ഥാനം കണക്കാക്കി മനുഷ്യജീവിതത്തിലെ സംഭവങ്ങൾ

**ഇമാം സുബ്കിയുടെ വാചകങ്ങൾ ശ്രദ്ധിക്കുക: "കണക്കനുസരിച്ചു പ്രവർത്തിക്കാമോ ഇല്ലേ എന്നതല്ല ഇവിടുത്തെ വിഷയം. കണക്കനുസരിച്ചു മാസപ്പിറവിക്കു സാധ്യതയുണ്ടാവുകയും എന്നിട്ടു കാണാതിരിക്കുകയും ചെയ്യുമ്പോഴേ കണക്ക**

വെന്ന നീതിമാൻമാരുടെ മൊഴി സ്വീകരിക്കാവതല്ല. അവരുടെ സാക്ഷ്യം തള്ളിക്കളയണം". മദ്ഹബിലെ വേറെയും പണ്ഡിതൻമാർ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ഇതിനു ഖുർആനിലും ഹദീസിലും എന്താണ് തെളിവ്? ഇവിടെ അൽപം വിശദീകരണം ആവശ്യമാണ്. ഖുർആനിൽ, അല്ലാഹു മാസങ്ങളെ പന്ത്രണ്ടായി ക്ലിപ്തപ്പെടുത്തിയെന്നും, ചന്ദ്രനു സഞ്ചാരപഥങ്ങൾ നിർണയിച്ചിട്ടുണ്ടെന്നും, ഹിലാൽ ജനങ്ങൾക്കു സമയ നിർണയത്തിനുള്ളതാണെന്നും വ്യക്തമാക്കുന്നു. "സൂര്യനും ചന്ദ്രനും ഒരു കണക്കനുസരിച്ചാണ് നിലകൊള്ളുന്നത്" (55:5). എന്നാൽ ഈ കണക്ക് അറിയാത്ത ഒരു സമൂഹമാണ് ഖുർആൻ അവതരിക്കുന്ന കാലത്ത് അറേബ്യയിൽ നിലവിലുണ്ടായിരുന്നത്. മാസപ്പിറവിയുടെ കാര്യം പരാമർശിക്കുന്നതിന്റെ മുഖവുരയായി നബി പറഞ്ഞു: "നാം എഴുതാനും കണക്കുകൂട്ടാനും അറിയാത്ത അക്ഷരജ്ഞാനമില്ലാത്ത സമൂഹമാണ്" (ബുഖാരി). അതുകൊണ്ടു മാസം ഇരുപത്തി ഒമ്പതോ മുപ്പതോ, മാസം തുടങ്ങിയോ അവസാനിച്ചുവോ എന്നീ കാര്യങ്ങൾ അറിയാൻ ആകാശത്തേക്കു നോക്കി ഹിലാലിനെ ദർശിക്കുകയല്ലാതെ അന്നു നിർവാഹമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് നബി ഹിലാൽ ദർശനം നടത്തി നോമ്പു തുടങ്ങാനും പെരുന്നാൾ ആഘോഷിക്കാനും കൽപിച്ചത്. സൂര്യന്റെയും ചന്ദ്രന്റെയും കണക്കറിയാത്ത ഒരു സമൂഹത്തിനു ഇതല്ലാതെ മറ്റു മാർഗമില്ല.

എന്നാൽ നബി(സ)യുടെ ഉമ്മത്ത് എന്നും എഴുത്തും കണക്കും അറിയാത്ത ഒരു നിരക്ഷര സമൂഹമായി തുടരേണ്ടവരാണെന്നു നബിയുടെ ഈ പ്രസ്താ

> **ക്കനുസരിച്ചു മാസപ്പിറവിക്കു സാധ്യതയുണ്ടാവുകയും എന്നിട്ടു കാണാതിരിക്കുകയും ചെയ്യുമ്പോഴേ കണക്കനുസരിച്ചു മാസപ്പിറവി നിർണയിക്കാമോ എന്ന പ്രശ്നം ഉദിക്കുന്നുള്ളൂ. ഇവിടെ കാര്യം വ്യത്യസ്തമാണ്. അതായത് മാസപ്പിറവിക്കു സാധ്യതയില്ലാത്ത ദിവസം പിറവി കണ്ടുവെന്നു ആരെങ്കിലും പറയുക". കാരണം ശഅബാൻ ആയാലും റമദാൻ ആയാലും ഇവിടെ ഒരു നോമ്പിന്റെ നഷ്ടം സംഭവിക്കുന്നു. അറിയാതെയല്ല; അറിഞ്ഞുകൊണ്ട്. പ്രശ്നം ഐക്യത്തിന്റെതല്ല. ഭക്തിയുടെതും ഇബാദത്തിന്റെയും കൃത്യതയുടെതുമാണ്. സത്യത്തിന്റെതും നീതിയുടേതുമാണ്. "ഒരു വിഭാഗത്തോടുള്ള വിരോധം നീതിയിൽ നിന്നു വ്യതിചലിക്കാൻ നിങ്ങളെ പ്രേരിപ്പിക്കരുത്" – ഖുർആൻ**

പശ്ചാത്തലം. ഖുർആൻ പറഞ്ഞ ചന്ദ്രന്റെ കണക്കും മനഃസിലും പഠിച്ചത് കൊണ്ടാണ് അവർക്ക് ഇങ്ങനെ പിറവി സംഭവിക്കാത്ത ദിവസം കണ്ടെത്താൻ കഴിഞ്ഞത്. ഇതു പഠിച്ചിട്ടില്ലാത്ത പണ്ഡിതൻമാർ എതിരഭിപ്രായവും രേഖപ്പെടുത്തി. അപ്പോൾ മാസപ്പിറവിക്കു സാധ്യതയില്ലാത്ത ദിവസം മാസം കണ്ടാൽ സ്വീകരിക്കേണ്ടതില്ല എന്ന വിധി ഖുർആന്റെ വെളിച്ചത്തിലുള്ളതാണ്. അല്ലാഹു ചന്ദ്രനു നിശ്ചയിച്ച കൃത്യമായ വ്യവസ്ഥ മനുഷ്യൻ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട ഒരുപാടു സംശയങ്ങൾ ഇവിടെ ബാക്കിയുണ്ട്. മാസം 29-നു പിറവി കണ്ടുവെന്നു അവകാശപ്പെട്ട സാക്ഷികൾ ഖാദി എന്തു ചെയ്യണം, അവരെ എങ്ങനെ അവിശ്വസിക്കും, കണ്ടതുകൊണ്ടു കണക്ക് തെറ്റിയെന്നു ഉറപ്പായില്ലേ തുടങ്ങി നിരവധി ചോദ്യങ്ങൾ. ഇവയ്ക്കെല്ലാം ഒരു മുൻകാല പണ്ഡിതൻ വ്യക്തമായ മറുപടി പറഞ്ഞിട്ടുണ്ട്. അതിലെ യുക്തിന്യായങ്ങൾ എല്ലാവർക്കും ബോധ്യമാകുംവിധമുള്ളതാകയാൽ അവ ഇവിടെ ഉദ്ധരിക്കുകയാണ്. എ ഡി 1355-ൽ നിര്യാതനായ തഖിയ്യുദ്ദീൻ സുബ്കി ഈജിപ്തിലെ ഖാദിയും, ശാഫിഈ മദ്ഹബിലെ ആധികാരിക ശബ്ദവുമായിരുന്നു. ഗോളശാസ്ത്ര വിദഗ്ധൻ കൂടിയായ സുബ്കി രചിച്ച 150 ഗ്രന്ഥങ്ങളിൽ ഒന്നാണു 'അൽ ഇൽമുൽ മൻശൂർ ഫീ ഇസ്ബാതിൽ മശ്ഹൂർ'. ഇതിനെ ആധാരമാക്കി നിരവധി ഗ്രന്ഥങ്ങൾ പിന്നീട് പലരും എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മാസമുറപ്പിക്കുന്ന ഒരു ഖാദിക്കുണ്ടാകേണ്ട യോഗ്യത അദ്ദേഹം

ന്റെ തെളിമ, ചന്ദ്രന്റെ സ്ഥാനം, കാഴ്ചയെ അലോസരപ്പെടുത്തുന്ന എന്തെങ്കിലും ചക്രവാളത്തിലുണ്ടോ എന്നത്, ചന്ദ്രന്റെ ഉദയസ്ഥാനം എന്നിവയെല്ലാം നോക്കണം"

ഗോളശാസ്ത്ര കണക്കു പ്രകാരം മാസപ്പിറവിക്കു സാധ്യതയില്ലാത്ത ദിവസം മാസം കണ്ടുവെന്നു ആരെങ്കിലും ഖാദിയുടെ മുമ്പിൽ സാക്ഷ്യപ്പെടുത്തിയാലോ? സുബ്കി പറയുന്നു: "ഒന്നുകിൽ അവർക്കു അബദ്ധം പറ്റി. അല്ലെങ്കിൽ അവർ കള്ളം പറഞ്ഞുവെന്നു നാം കണക്കാക്കും. കാരണം മാസപ്പിറവിക്കു സാധ്യതയില്ലെന്ന ഖണ്ഡിതമായ, അല്ലെങ്കിൽ ഖണ്ഡിതമായതിനോടടുത്ത കണക്കിന്റെ തെളിവാണ് സംശയാസ്പദമായ കാഴ്ചയുടെ തെളിവിനേക്കാൾ ശക്തമായത്. കണക്ക് ഖണ്ഡിതമാകുമ്പോൾ കാഴ്ച സംശയാസ്പദമായിത്തീരുന്നു. സംശയാസ്പദമായ സാക്ഷ്യം സ്വീകരിക്കാവതല്ല"

മാസപ്പിറവിക്കു സാധ്യതയില്ലാത്ത ദിവസം ചന്ദ്രനെ കാണുന്നത് കൊണ്ടു തെറ്റിയത് കണക്കോ കാഴ്ചയോ? സുബ്കിയുടെ വാക്കുകൾ ശ്രദ്ധിക്കുക: "ബുദ്ധിയുടെയും ദീനിന്റെയും കാര്യത്തിൽ വിശ്വസിക്കാൻ പറ്റിയവർക്കു തന്നെ മാസം കാണുന്ന കാര്യത്തിൽ അബദ്ധം പറ്റുന്നതായി കാണുന്നു. അറിവില്ലാതെ ചിലർ മാസം കണ്ടുവെന്നു പറയുന്നതിലൂടെ അവരുടെ ഭക്തി പ്രകടനം ലക്ഷ്യം വെക്കാറുണ്ട്. വേറെ ചിലർ അവരുടെ പരിശുദ്ധതയും നീതിബോധവും അംഗീകരിപ്പിക്കാനും ഇതു ഉപയോഗപ്പെടുത്താറുണ്ട്. ആളുകൾക്കു പലതരം ഉദ്ദേശ്യങ്ങളുമുണ്ടാകാറുണ്ട്"

മാസപ്പിറവി കണ്ടുവെന്നു പറയുന്നവർ യഥാർഥത്തിൽ നുണ പറയുകയാണെന്നു സ്ഥാപിച്ചുകൊണ്ടു സുബ്കി സമർഥി

പറഞ്ഞു: 'ഇല്ല'. ഇത്തരം ധാരാളം കാഴ്ചകൾ സംഭവിക്കാറുണ്ടെന്നു സുബ്കി സമർഥിക്കുന്നു

എന്താണ് ഗോളശാസ്ത്രക്കണക്ക്. നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും സ്ഥാനം കണക്കാക്കി മനുഷ്യജീവിതത്തിലെ സംഭവങ്ങൾ പ്രവചിക്കുന്ന ജ്യോതിഷമല്ല അത്. മറിച്ചു, പ്രസിദ്ധ കർമശാസ്ത്ര വിശാരദനും മദ്ഹബിന്റെ ഇമാമുമായ യഹ്യാ ഇബ്നു മുഹമ്മദുൽ ഹത്താബ് (എ ഡി 1587) പറയുന്നു: "ചന്ദ്രപ്പിറവി, സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം തുടങ്ങിയവയുടെ കണക്ക് ഖണ്ഡിതമാണ്. കാരണം ഗോളങ്ങളുടെ ചലനങ്ങൾ, നക്ഷത്രങ്ങളുടെ സഞ്ചാരങ്ങൾ എന്നിവ കാലമത്രയും ഒരേ പതിവിലും വ്യവസ്ഥയിലുമാണ് അല്ലാഹു ക്രമപ്പെടുത്തിയിരിക്കുന്നത്. നാലു ഋതുക്കളുടെ അവസ്ഥയും ഇത് തന്നെ. ഒരേ പതിവു എന്നും തുടരുന്നതിനാൽ അതിനു ഖണ്ഡിത സ്വഭാവം വരുന്നു. അതിനാൽ ഗോളശാസ്ത്രകണക്ക് ഖണ്ഡിതമായതിനാൽ അത് സ്വീകരിക്കേണ്ടത് അനിവാര്യമാണ്" (ഹത്താബിന്റെ ഗോളശാസ്ത്രഗ്രന്ഥം, പേജ്: 388)

ഇത്രയും ഖണ്ഡിതമായ കണക്കനുസരിച്ചു മാസപ്പിറവിക്കു സാധ്യതയില്ലെന്നു ഉറപ്പുള്ള ദിവസം ചന്ദ്രനെ കണ്ടുവെന്ന സാക്ഷിമൊഴി സ്വീകരിക്കുന്ന ഖാദിയെ സുബ്കി രൂക്ഷമായി വിമർശിക്കുന്നു: "മാസപ്പിറവിക്കു സാധ്യതയില്ലെന്നു ഖണ്ഡിതമായ, അല്ലെങ്കിൽ ഖണ്ഡിതമായതിനോടടുത്ത കണക്ക് തെളിയിച്ചിട്ടും മാസം കണ്ടത് ശരിയാണെന്നു തനിക്കു ബോധ്യം വന്നു എന്നുപറയുന്ന ഖാദി വിവേകശൂന്യൻ (അഖ്റഖ്) ആണ്"

ഇത് ആറു നൂറ്റാണ്ടു മുമ്പത്തെ കണക്കിന്റെ കഥ. ഇന്നു ചന്ദ്രന്റെ

*(ശേഷം 8 ൽ)*

# മാസപ്പിറവിയും ലോകാവസാനവും

കെ പി സക്കരിയ

ഈദുൽഫിത്റിനോടനുബന്ധിച്ച് മാസപ്പിറവി വിഷയത്തിൽ പ്രശ്നം ഉൽഭവിക്കാനിടയുണ്ട് എന്ന് പ്രസ്താവിച്ചുകൊണ്ട് കക്കാട് മുഹമ്മദ് ഫൈസിയുടേതായി ജമാഅത്ത് പത്രമായ 'മാധ്യമ'ത്തിൽ ജനുവരി 18ന് പ്രസിദ്ധീകരിച്ച ഒരു ലേഖനം കാണാനിടയായി. ജമാഅത്തും എ പി വിഭാഗവും ചേർന്ന് നടത്തിയ ബോധപൂർവ്വമായ ഒരു ഗൂഢാലോചനയുടെ ഭാഗമാണ് പ്രസ്തുത ലേഖനമെന്ന് ശേഷമുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നു. ശാസ്ത്രസത്യങ്ങൾ അബദ്ധമാണെന്ന് വരുത്താൻ ശ്രമിക്കുന്ന ലേഖനം പ്രധാനമായും രണ്ടു നബിവചനങ്ങളിലാണ് ഊന്നുന്നത്. താൻ ഉദ്ധരിച്ചിട്ടുള്ള വാക്യങ്ങൾക്ക് തന്റേതായ വ്യാജഅർഥം മറച്ചുപിടിക്കുന്നതിന് വേണ്ടി ഇത് പുതുതായി പുറത്തിറക്കുന്ന 'നമ്പറാ'യി ആരും കരുതരുതെന്ന് മുൻകൂർ ജാമ്യമെടുക്കുന്നുണ്ട് ലേഖകൻ.

തന്റെ വാദമുഖങ്ങൾക്ക് പിന്തുണയ്ക്കായി ആധുനിക മുഹദ്ദിസും ഇത്താരക്കാരുദ്ധരിക്കുന്ന ചില ദുർബ്ബലവചനങ്ങളേയും തെളിവുസഹിതം നിരാകരിച്ചിട്ടുള്ള പ്രസിദ്ധപണ്ഡിതനുമായ ശൈഖ് നാസിറുദ്ദീൻ അൽബാനിയെയാണ് ഹാജരാക്കുന്നത്. അൽബാനിയുടെ സ്ഥിരപ്പെട്ട ഹദീസുകളുടെ സമാഹാരത്തിൽ 2292ാം നമ്പറായി ഉദ്ധരിച്ച രണ്ടു ഹദീസുകൾ ലേഖനത്തിൽ ചേർത്തിരിക്കുന്നു. ലോകത്തുള്ള ആധികാരിക ഗോളശാസ്ത്ര ഗണനപട്ടികകളെ നേരിട്ടെതിർക്കുന്നത് സ്വയം അപഹാസ്യരായിത്തീരുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളുവെന്ന് ലേഖകനറിയാം. വക്രീകരണത്തിന്റെ മാർഗ്ഗമുപയോഗിക്കാനാണ് ഇദ്ദേഹം പരിശ്രമിക്കുന്നത്.

ന്ത്യത്തോട് വളരെ അടുത്ത നാളുകളിൽ സൂര്യന്റെ ഉദയ അസ്തമയങ്ങളിൽ കാര്യമായമാറ്റമുണ്ടാവുമെന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്." ഇത് വാസ്തവം തന്നെ. പിന്നീട് സത്യത്തേയും അസത്യത്തേയും കൂട്ടിക്കുഴച്ചുകൊണ്ട് ലേഖനം ഇപ്രകാരം തുടരുന്നു. "എന്നാൽ ലോകാവസാനത്തിന് വളരെ മുമ്പ് പ്രകടമാകുന്ന സൂചനകളെന്നോണം മുൻകൂട്ടി നടക്കുന്ന ചില പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ ചന്ദ്രഗോളത്തിന്റെ ഉദയ മാറ്റവുമായി ബന്ധപ്പെട്ട് ചില ദൃഷ്ടാന്തങ്ങൾ അറങ്ങേറുമെന്ന് നബി(സ) പ്രസ്താവിച്ചതായി പ്രബലമായ ഹദീസുകളിൽ രേഖപ്പെട്ടുകാണുന്നു." ഈ ഭാഗത്ത് ചില വ്യാജോക്തികൾ കൂട്ടിച്ചേർത്തിരിക്കുന്നു. ലോകാവസാനത്തിന് മുമ്പ് പ്രകടമാകുന്ന പ്രതിഭാസങ്ങൾ എന്നതിനെ വലിച്ചു നീട്ടി 'ലോകാവസാനത്തിന് വളരെ മുമ്പ് പ്രകടമാകുന്ന സൂചനകളെന്നോണം മുൻകൂട്ടി നടക്കുന്ന

**രണ്ട് ഹദീസുകൾ പ്രകാരവും മാസപ്പിറവി എല്ലാവർക്കും കാണാവുന്നവിധം ദൃശ്യമാവുമെന്നാണ് തെളിയുന്നത് എന്നിരിക്കേ ദർശനം അസംഭവ്യമായ ദിവസത്തിൽ ജനങ്ങൾക്കൊന്നും കാണാനാവാത്ത ഹിലാൽ ഞങ്ങൾ കുറച്ചുപേർ കണ്ടുവെന്ന് അവകാശപ്പെടുന്നതിന് ഈ ഹദീസുകൾ എങ്ങനെ തെളിവാകുമെന്ന് വ്യക്തമാക്കേണ്ട ബാധ്യത ഹദീസുകൾ തെറ്റായി വ്യാഖ്യാനിക്കുന്നവർക്കുണ്ട്.**

നമസ്കാരകണക്കുകളെല്ലാം തെറ്റായിത്തീരുമെന്നുള്ള കാര്യം തലച്ചോറിന് ലോകാവസാനചലനം സംഭവിച്ചിട്ടില്ലാത്ത ഏവർക്കും മനസ്സിലാകും. അങ്ങനെയെങ്കിൽ പള്ളികളിൽ ആദരപൂർവ്വം തൂങ്ങികിടക്കുന്ന എല്ലാ കലണ്ടറുകളും പള്ളികളിലെ ചുമരുകളിൽ നിന്ന് നീക്കം ചെയ്യുന്നതിന് വേണ്ടി പള്ളി കലണ്ടർ നിർമാർജന മാർച്ച് നടത്തുന്നതിനെപ്പറ്റി ഇദ്ദേഹത്തിനും കൂട്ടാളികൾക്കും ആലോചിക്കാവുന്നതാണ്. പള്ളിയിലെ എല്ലാമുക്രിമാരും ബാങ്കിൻ നേരത്ത് അങ്ങാടിയിലിറങ്ങി മാനം നോക്കുന്നതിന് ആ

യിൽ സമയമാറ്റം പ്രത്യക്ഷപ്പെടുക എന്നത്." ഇവിടെ ഇദ്ദേഹം ഹദീസിലുള്ള 'ഇൻതിഫാഖ്' എന്ന പദത്തിന് 'ചന്ദ്രപ്പിറവിയിൽ സമയമാറ്റം പ്രത്യക്ഷപ്പെടുക' എന്ന സങ്കൽപിത അർഥമാണ് നല്കുന്നത്. ആധികാരിക ഹദീസ് നിഘണ്ടുവായ അന്നിഹായയിൽ മഹാനായ ഇബ്നു അസീർ ഇതിന് നല്കുന്ന അർഥം 'വലുതാകൽ' എന്നാണ്. (അന്നിഹായ വാള്യം: 5, പേ: 90) ലോകാവസാന സന്ദർഭത്തിൽ ചന്ദ്രൻ വലുതായി കാണപ്പെടുമെന്ന വസ്തുതയിലേക്കാണ് ഹദീസ് വിരൽചൂണ്ടുന്നത്. ഇവിടെ തികഞ്ഞ വ്യാജ അർഥം നല്കുകയാണ് ലേഖകൻ ചെയ്തിട്ടുള്ളത്.

രണ്ടാമതായി അനസ്(റ) നിവേദനം ചെയ്ത ഒരു വചനമാണ് അദ്ദേഹം ഉദ്ധരിച്ചിട്ടുള്ളത്. ഇതിലദ്ദേഹം മനഃപൂർവ്വം രണ്ടുസ്ഥലത്ത് വ്യാജ അർഥം നല്കി നബിവചനത്തിന്റെ സാരത്തെ അട്ടിമറിച്ചിരി

വുക എന്നോ അല്ല. ഈ രണ്ട് ഹദീസുകളിലും പ്രയുക്തമായ പദപ്രയോഗങ്ങളിൽ വ്യക്തമായ കൈക്രിയ നടത്തിക്കൊണ്ടാണ് വ്യാജമാസപ്പിറവിക്ക് തെളിവുണ്ടാക്കുന്നത്. നഗ്നമായ ഈ നുണയെ വകതിരിവുള്ള സുന്നീപണ്ഡിതന്മാർ കക്ഷിത്വത്തിനതീതമായി മനസ്സിലാക്കുമെന്ന് കരുതുന്നു. ഇത്തരത്തിലൊരുവ്യാജം നബിയുടെ പേരിൽ പ്രസിദ്ധീകരിക്കാനിടയായതിൽ ജമാഅത്തെ ഇസ്ലാമിയിലെ വിവേകമുള്ള പണ്ഡിതന്മാർ 'മാധ്യമം' പത്രാധിപരെ തിരുത്തുമെന്നും പ്രതീക്ഷിക്കുന്നു.

അനസി(റ)ൽ നിന്ന് ഉദ്ധരിച്ച ഹദീസിന്റെ വിവക്ഷയിൽ അദ്ദേഹം മറ്റൊരു അബദ്ധം കൂടിവരുത്തിയിട്ടുണ്ട്. അതിപ്രകാരമാണ്. 'തന്മൂലം മാസപ്പിറവി സംബന്ധമായി രണ്ടു രാത്രികളെക്കുറിച്ച് ജനസംസാരമുണ്ടാകുന്നതാണ്'. എന്നാൽ ഹദീസിൽ പരാമർശിച്ച അറബി വാചകത്തിന്റെ വിവക്ഷ 'ഇത് രണ്ടാം രാത്രിയാണെന്ന് ജനസംസാരമുണ്ടാകുമെന്നാണ്'. ചന്ദ്രന്റെ വലുപ്പവും വ്യക്തതയും കാരണത്താൽ ഒന്നാം രാത്രിയിലെ ചന്ദ്രനെ കാണുന്ന ജനങ്ങൾ ഇത് രണ്ടാം രാത്രിയാണ് മൂന്നാം രാത്രിയാണ് എന്നിങ്ങനെ പറയുമെന്ന് സാരം. ഈ അർഥത്തെ സാധൂകരിക്കും വിധം സമാനാർഥമുള്ള പദപ്രയോഗങ്ങൾ മുസ്ലിം നിവേദനം ചെയ്ത 10883ാം നമ്പർ ഹദീസിൽ വന്നിട്ടുണ്ട്.

കേരളത്തിന്റെ പരന്ന കടൽതീരത്തെ വിശാലമായ ചക്രവാളത്തിന്റെ ഒരംശത്തിലും ഒരു നിമിഷം പോലും ജനുവരി 17ഞായറാഴ്ച സൂര്യാസ്തമയ ശേഷം ബാലചന്ദ്രൻ ഉദിച്ച് നില്പുണ്ടെന്ന് സ്ഥാപിക്കാൻ ആരാലും സാധ്യമല്ലെന്നിരിക്കെ വ്യാജോക്തി

കഗോളശാസ്ത്ര ഗണനപട്ടികകളെ നേരിട്ടെതിർക്കുന്നത് സ്വയം അപഹാസ്യരായിത്തീരുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന് ലേഖകനറിയാം. വക്രീകരണത്തിന്റെ മാർഗ്ഗമുപയോഗിക്കാനാണ് ഇദ്ദേഹം പരിശ്രമിക്കുന്നത്. ചന്ദ്രന്റെ 'ലോകാവസാനമസ്അല'യുടെ തുരുമ്പിൽ നിന്ന് കൊണ്ട് വ്യക്തമായ ഒരു ശാസ്ത്രവസ്തുതയെ തമസ്ക്കരിക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്. അതിനായി അൽബാനി ഉദ്ധരിച്ച നബിവചനങ്ങളെ 'ചെത്തി'ശരിപ്പെടുത്തേണ്ടതുണ്ട്. ആ ശരിപ്പെടുത്തൽ ജനത്തിന് വേഗം ദഹിക്കുന്നതിന് വേണ്ടി ചില ആമുഖങ്ങൾ അദ്ദേഹം പടച്ചിട്ടുണ്ട്. ഈ ഹദീസിന്റെ ആശയങ്ങളെ താനിച്ഛിക്കുന്നവിധം വ്യാഖ്യാനിക്കാൻ പ്രസ്തുത ആമുഖം ഉപകരിക്കുമെന്ന് ലേഖകൻ കണക്ക് കൂട്ടുന്നു.

താൻ ഉന്നയിക്കുന്ന തെറ്റായ അർഥകല്പനക്ക് ന്യായീകരണം നല്കാനുതകുന്നവിധം ചില നുണകൾ പടച്ചുകൊണ്ടാണ് തന്റെ 'ലോകാവസാന മസ്അല' ലേഖകൻ ഉന്നയിക്കുന്നത്. ആദ്യം അദ്ദേഹം എഴുതുന്നു: "ലോകാ

ജോക്തികൾ കൂട്ടിച്ചേർത്തിരിക്കുന്നു. ലോകാവസാനത്തിന് മുമ്പ് പ്രകടമാകുന്ന പ്രതിഭാസങ്ങൾ എന്നതിനെ വലിച്ചു നീട്ടി 'ലോകാവസാനത്തിന് വളരെ മുമ്പ് പ്രകടമാകുന്ന സൂചനകളെന്നോളണം മുൻകൂട്ടി നടക്കുന്ന ചില പ്രാപഞ്ചിക പ്രതിഭാസങ്ങൾ' എന്ന് പറയുകയും അത് ചന്ദ്രന് മാത്രം ബാധകമാകുംവിധം സംഭവിക്കുന്നതാണെന്ന് ധ്വനിപ്പിക്കുകയും ചെയ്തിരിക്കുന്നു. വളരെ മുമ്പ് പ്രകടമാകുന്ന, മുൻക്കൂട്ടി നടക്കുന്ന എന്നീ പദപ്രയോഗങ്ങൾ ചേർത്തു കൊണ്ട് ചന്ദ്രനുണ്ടാകുന്ന മാറ്റങ്ങൾ പോലെ സൂര്യനും മാറ്റങ്ങളുണ്ടാവില്ലേ എന്ന സാമാന്യയുക്തിയുടെ ചോദ്യത്തിൽ നിന്ന് രക്ഷപ്പെടാമെന്ന് ലേഖകൻ വ്യാമോഹം വെച്ചു പുലർത്തുന്നു.

ലോകാവസാനം സംഭവിക്കുന്നതിന്റെ മുന്നോടിയായി സൂര്യ-ചന്ദ്രന്മാർക്ക് ചലനമാറ്റമുണ്ടാകുമെന്നകാര്യം സുവിദിതമാണ്. ചന്ദ്രൻ തെറ്റി ഉദിക്കുകയും ചന്ദ്രമാസം തെറ്റുകയുമാണെങ്കിൽ, ലോകാവസാന ചലനമാറ്റം ചന്ദ്രന് മാത്രമല്ല സൂര്യനും സംഭവിക്കാമെന്നും അതിൻ ഫലമായി

ർമാർജന മാർച്ച് നടത്തുന്നതിനെപ്പറ്റി ഇദ്ദേഹത്തിനും കൂട്ടാളികൾക്കും ആലോചിക്കാവുന്നതാണ്. പള്ളിയിലെ എല്ലാമുക്രിമാരും ബാങ്കിൻ നേരത്ത് അങ്ങാടിയിലിറങ്ങി മാനം നോക്കുന്നതിന് ആഹ്വാനം ചെയ്യാവുന്നതുമാണ്. എല്ലാം പെട്ടെന്നാകുന്നത് നല്ലതാണ്. അതിനിടക്ക് ലോകാവസാനം സംഭവിച്ചാൽ ഇത്തരത്തിലുള്ള 'മഹത്തായ ഇബാദത്തുകൾ' നഷ്ടപ്പെടാനിടവരരുതല്ലോ. ജമാഅത്ത് പത്രത്തിന് കവർസ്റ്റോറി തയ്യാറാക്കാൻ സൗകര്യവുമാകും.

ബുദ്ധിജീവി നാട്യത്തോടെ, ഗവേഷണ പ്രധാനമെന്ന മുഖവുരയോടെ ലേഖകൻ ഉദ്ധരിച്ചിട്ടുള്ള രണ്ടു ഹദീസുകൾക്കും അദ്ദേഹം നല്കിയിട്ടുള്ള അർഥം തനിവ്യാജവും തെറ്റുമാണെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ഇദ്ദേഹം ഉദ്ധരിക്കുന്ന ഒരു ഹദീസ് അബ്ദുല്ലാഹിബ്നുമസ്ഊദ്, അബൂഹുറയ്റ: എന്നിവരിൽ നിന്നുള്ളതാണ്. അതിന് ഇദ്ദേഹം നല്കുന്ന അർഥം ഇപ്രകാരമാണ്. "നബി(സ) പറയുന്നു: അന്ത്യനാൾ അടുത്തു വരുന്നതിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് ചന്ദ്രപ്പിറവി

രണ്ടാമതായി അനസ്(റ) നിവേദനം ചെയ്ത ഒരു വചനമാണ് അദ്ദേഹം ഉദ്ധരിച്ചിട്ടുള്ളത്. ഇതിലദ്ദേഹം മനഃപൂർവ്വം രണ്ടുസ്ഥലത്ത് വ്യാജ അർഥം നല്കി നബിവചനത്തിന്റെ സാരത്തെ അട്ടിമറിച്ചിരിക്കുന്നു. പ്രസ്തുത വചനത്തിന് അദ്ദേഹം നല്കുന്ന സാരം ഇപ്രകാരമാണ്. "നബി(സ) പറഞ്ഞു. അന്ത്യനാൾ അടുത്തുവരുന്നതിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് ബാലചന്ദ്രനെ മുൻകൂട്ടി ദൃശ്യമാവുക എന്നത്. തന്മൂലം മാസപ്പിറവി സംബന്ധമായി രണ്ട് രാത്രികളെക്കുറിച്ച് ജന സംസാരമുണ്ടാകുന്നതാണ്" ഈ ഹദീസിലുള്ള 'ഖബലൻ' എന്ന (രണ്ടാം അക്ഷരത്തിന് ഫത്ഹ്ഉള്ള) പദത്തെ അതിന്റെ ശരിയായ അർഥത്തിൽ നിന്ന് മാറ്റി മറിച്ച്, മുൻകൂട്ടി ദൃശ്യമാവുക' എന്ന തെറ്റായ അർഥകല്പന നല്കിയിരിക്കുകയാണ്.

പ്രസ്തുതപദത്തിന് അന്നിഹായയിൽ നല്കുന്ന വിവക്ഷ 'നിരന്തരമായ അന്വേഷണം കൂടാതെ വ്യക്തമായും വലുതായും ഉദിച്ച സമയത്ത് തന്നെ കാണുക' എന്നാണ്. അല്ലാതെ തെറ്റായി ഉദിക്കുക എന്നോ മുൻകൂട്ടി ദൃശ്യമാ

തീരത്തെ വിശാലമായ ചക്രവാളത്തിന്റെ ഒരംശത്തിലും ഒരു നിമിഷം പോലും ജനുവരി 17ഞായറാഴ്ച സൂര്യാസ്തമയ ശേഷം ബാലചന്ദ്രൻ ഉദിച്ച് നില്പുണ്ടെന്ന് സ്ഥാപിക്കാൻ ആരാലും സാധ്യമല്ലെന്നിരിക്കെ വ്യാജോക്തികൾകൊണ്ട് എത്രകാലം പിടിച്ചു നില്ക്കാനാവുമെന്ന് ആലോചിക്കുന്നത് സ്വയം അപഹാസ്യരാകാതിരിക്കാൻ ഉപകരിക്കും. കറുത്തവാവിൻ നാളിൽ വാവ് അവസാനിക്കുന്നതിന് മുമ്പ് ബാലചന്ദ്രനെ (ഹിലാൽ) കണ്ടവരുടെ ബുദ്ധിശൂന്യതയോർത്ത് കാര്യ വിവരമുള്ള സഹോദരസമുദായാംഗങ്ങൾ ഊറിയൂറിച്ചിരിക്കുന്നുണ്ടാകും. നമ്മുടെ നാട്ടിലെ ജനതയുടെ അറിവിന് ലോകാവസാനം വിധിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരിൽ കക്ഷിത്വത്തിനതീതമായി എല്ലാ മുസ്ലിം സംഘടനകളിലേയും ഉൽബുദ്ധരായ ജനങ്ങൾ രംഗത്ത് വരണം. മഹാനായ ലൂത്ത് നബി(അ) തന്റെ ജനതയോട് ചോദിച്ചപോലെ 'നിങ്ങളുടെ കൂട്ടത്തിൽ വിവേകമുള്ള പുരുഷന്മാരാരുമില്ലേ' എന്ന് ചോദിക്കാനിടവരാതിരിക്കട്ടെ. ●

( 7ൽ നിന്ന്)

ഗതിവിഗതികളെ സംബന്ധിച്ച ശാസ്ത്രത്തിന്റെ അറിവ് എത്രയോ വികസിച്ചു. ശാസ്ത്രം നേടിത്തന്ന അറിവനുസരിച്ചാണ് ഇന്നു നമസ്കാരവും നിർവഹിക്കുന്നത്. ദുഹ്ർ നമസ്കരിക്കാൻ സൂര്യൻ മധ്യത്തിൽ നിന്നു തെറ്റിയോ എന്നറിയാൻ ആരും പുറത്തിറങ്ങി മേല്പോട്ടു നോക്കാറില്ല. സുബ്ഹ് നമസ്കരിക്കാൻ ഫജ്ർ വെളിപ്പെട്ടുവെന്നു ഉറപ്പാക്കാൻ കിഴക്കോട്ടു കണ്ണയക്കാറില്ല. ചന്ദ്രനെ നിരീക്ഷിക്കാനും അതിന്റെ ഉദയാസ്തമയങ്ങൾ കൃത്യമായി രേഖപ്പെടുത്താനും ഇന്നു വിശ്വസനീയ സംവിധാനങ്ങളുണ്ട്. അതനുസരിച്ചു ചന്ദ്രന്റെ ഉദയാസ്തമയങ്ങൾ എല്ലാവർക്കും അറിയാൻ കഴിയുംവിധം പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. അതിൽ തെറ്റുണ്ടെന്നും ശരി ഇന്നതാണെന്നും ആരും പറയാത്തേടത്തോളം കാലം അത് സത്യംതന്നെയാണ്. ഈ വ്യക്തമായ സത്യമനുസരിച്ച് റമദാൻ അവസാനിച്ചിട്ടില്ലെന്നു അറിയിച്ചിട്ടും ഒരു നോമ്പു നഷ്ടപ്പെടുത്തി പെരുന്നാൾ പ്രഖ്യാപിക്കുന്നതിനെ മതദൃഷ്ട്യാ എങ്ങനെ ന്യായീകരിക്കും? ഈ സത്യം അറിയാത്ത കാലഘട്ടങ്ങളിലെയും നാടുകളിലെയും ജനസമൂഹങ്ങളിലെയും മുസ്ലിംകൾക്കു ഒഴിവുകഴിവുണ്ട്. ഒരു സത്യത്തെ അറിയാതെ ലംഘിക്കുന്നതും അറിഞ്ഞുകൊണ്ടു ലംഘിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. കൃത്യമായ സമയമറിയിക്കുന്ന വാച്ച് കയ്യിലുണ്ടാവുകയും 6.20 നാണ് സൂര്യസ്തമയമെന്നു അറിയുകയും ചെയ്തിട്ടു 6.10നു നോമ്പു മുറിക്കുന്നവന്റെ അവസ്ഥയെന്താണ്? റമദാൻ അവസാനിച്ചിട്ടില്ലെന്നു അറിഞ്ഞുകൊണ്ടു ഒരു നോമ്പു ഉപേക്ഷിക്കുന്ന ഗുരുതരമായ പ്രശ്നമാണ് ഇവിടെയുള്ളത്.

ഇമാം സുബ്കിയുടെ വാചകങ്ങൾ ഒന്നുകൂടി ആവർത്തിക്കട്ടെ: "കണക്കനുസരിച്ചു പ്രവർത്തിക്കാമോ ഇല്ലേ എന്നതല്ല ഇവിടുത്തെ വിഷയം. കണക്കനുസരിച്ചു മാസപ്പിറവിക്കു സാധ്യതയുണ്ടാവുകയും എന്നിട്ടു കാണാതിരിക്കുകയും ചെയ്യുമ്പോഴേ കണക്കനുസരിച്ചു മാസപ്പിറവി നിർണയിക്കാമോ എന്ന പ്രശ്നം ഉദിക്കുന്നുള്ളു. ഇവിടെ കാര്യം വ്യത്യസ്തമാണ്. അതായത് മാസപ്പിറവിക്കു സാധ്യതയില്ലാത്ത ദിവസം പിറവി കണ്ടുവെന്നു ആരെങ്കിലും പറയുക") കാരണം ശഅബാൻ ആയാലും റമദാൻ ആയാലും ഇവിടെ ഒരു നോമ്പിന്റെ നഷ്ടം സംഭവിക്കുന്നു. അറിയാതെയല്ല; അറിഞ്ഞുകൊണ്ട്. പ്രശ്നം ഐക്യത്തിന്റേതല്ല. ഭക്തിയുടേതും ഇബാദത്തിന്റെയും കൃത്യതയുടേതുമാണ്. സത്യത്തിന്റേതും നീതിയുടേതുമാണ്. "ഒരു വിഭാഗത്തോടുള്ള വിരോധം നീതിയിൽ നിന്നു വ്യതിചലിക്കാൻ നിങ്ങളെ പ്രേരിപ്പിക്കരുത്"– ഖുർആൻ ●


**HILAL 99**

*A Software for:*

**CRESCENT**
**PRAYER**
**QUIBLA**
**CALENDAR**

*Contact:*
Prof. K Ahamed Kutty,
Crescent, K C Road,
Tirurangadi - 676 306

നേരത്തെ നിശ്ചയിച്ചതു പ്രകാരം ചങ്ങലീരിയിൽ ഇസ്‌ലാഹി പ്രഭാഷണം നടക്കുകയായിരുന്നു. സ്വാഗതപ്രസംഗം ആരംഭിച്ചപ്പോൾ തന്നെ കല്ലേറു വന്നു തുടങ്ങി. റമദാനിൽ തന്നെ കല്ലൂർ മൊയ്തീൻ കുട്ടി മുസ്‌ലിയാർ നടത്തിയ പ്രസംഗത്തിനുള്ള മറുപടി കൂടി ഉൾപ്പെടുത്തിയാണ് കെ കെ സകരിയ്യാ സ്വലാഹിയുടെ പ്രസംഗം.

മുജാഹിദ് പ്രവർത്തകർ കസേര ചുരുട്ടിപ്പിടിച്ച് ഏറ് തടഞ്ഞുകൊണ്ടിരുന്നു. ഇതിനെ ഭേദിക്കുന്നതായിരുന്നു തുരുതുരാവന്നുകൊണ്ടിരുന്ന കല്ലേറ്. അടുത്തുള്ള പള്ളിയിൽ സംഘടിച്ച സുന്നി പ്രവർത്തകർ ആക്രമണം നേരത്തെ തീരുമാനിച്ചുറച്ചതായിരുന്നുവെന്നതിന് കൂടുതൽ തെളിവുകളൊന്നും ആവശ്യമില്ല. സ്വാഗത




ഉറപ്പായിരിക്കുന്നു.

പോലീസിന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥ അക്രമികൾക്കു അവസരം സൃഷ്ടിക്കുകയായിരുന്നുവെന്ന് അനുഭവസ്ഥർ പറയുന്നു. അന്നാട്ടുകാരൻ കൂടിയായ ഒരു പോലീസുകാരൻ മുജാഹിദു പ്രവർത്തകരോട് "നിങ്ങൾ സ്വർഗത്തിന്റെ ആൾക്കാരല്ലേ, നിങ്ങൾ കുറച്ചൊക്കെ സഹിച്ചോളിൻ" എന്നു പറഞ്ഞതായി വിശ്വസ്തകേന്ദ്രങ്ങൾ പറയുന്നു. അധികൃതരുടെ സഹായം കൂടിയായപ്പോൾ അക്രമികൾ മതിമറന്ന് അഴിഞ്ഞാടുകയായിരുന്നു. നമസ്കാരപ്പള്ളിയുടെ പരിസരത്തു കൂട്ടിയിട്ട കല്ലുകൾ എടുത്തെറിഞ്ഞ അക്രമികൾ മുജാഹിദ് പ്രവർത്തകനായ അസൈനാരുടെ വീടു തകർത്തു. ഒരു ബൈക്കും തകർത്തു.

# ചങ്ങലീരി: സംഭവിച്ചതെന്ത്?

**സ്വന്തം ലേഖകൻ**

പ്രസംഗത്തിനുശേഷം കെ കെ സകരിയ്യാ സ്വലാഹി പ്രസംഗം തുടങ്ങി. പ്രസംഗം രണ്ടു മണിക്കൂർ പിന്നിട്ടു. പല തവണ വിവരമറിയിച്ചതിനുശേഷം നാലു പോലീസുകാർ സംഭവസ്ഥലത്തെത്തി. പത്തു മിനുട്ടിനുള്ളിൽ പ്രസംഗം നിർത്തണമെന്ന് പോലീസുകാർ ആവശ്യപ്പെട്ടു. അതുപ്രകാരം പ്രസംഗം നിർത്തുകയാണുണ്ടായത്. പ്രസംഗം നിർത്തിയാൽ ഞങ്ങൾ പിരിഞ്ഞു പോകാമെന്ന് അക്രമിസംഘം സമ്മതിച്ചിട്ടുണ്ടെന്ന പോലീസ് നിർദേശം മുഖവിലക്കെടുത്താണ് പ്രസംഗം നിർത്തുന്നത്. പരിപാടി അവസാനിച്ചതിനാൽ പലരും പിരിഞ്ഞുപോയിട്ടുണ്ടാവും.

പ്രസംഗം തുടങ്ങുന്നതിനുമുൻപു തന്നെ പ്രസംഗം പ്രകോപന പരമാവുമോ, എന്ന് ചോദിച്ചിട്ടു കാര്യമില്ല. കക്ഷിത്വപരമായ അന്ധത ബാധിച്ചവർക്ക് കലക്കുവെള്ളത്തിൽ മീൻപിടിക്കാനാണല്ലോ എന്നും തിടുക്കം!

പ്രസംഗം മാസപ്പിറവി വിവാദത്തിൽ ഊന്നിയതിനാലാണ് പ്രകോപനം ഉണ്ടായതെന്ന് മാധ്യമം പത്രം പറയുന്നു. പ്രസംഗ കാസറ്റ് ലഭ്യമാണ്. അതിൽ മാസപ്പിറവി പരാമർശിക്കുന്നത് അവസാനത്തിൽ മാത്രമാണ്. മാസപ്പിറവി പ്രശ്നത്തിൽ അസത്യത്തിനു കൂട്ടുനിന്ന ജമാഅത്തുകാർക്ക് വീണതു വിദ്യയാണെന്ന്

ക്കാറേയുള്ളൂ. ഇവിടെയും സംഭവിച്ചത് ഇതാണ്. കല്ലേറു പ്രതിരോധിക്കാൻ ഏതാനും കസേരകൾ മാത്രമേ മുജാഹിദു പ്രവർത്തകർക്കുണ്ടായിരുന്നുള്ളൂ.

പ്രസംഗം നിർത്തി കുറേ പേർ പരിക്കേറ്റവരെ ആശുപത്രികളിലേക്കു കൊണ്ടുപോയി. പ്രസംഗകനോടൊപ്പവും കുറേ ആളുകൾ പിരിഞ്ഞുപോയി. ആരൊക്കെ എവിടെയൊക്കെയായിരിക്കുമെന്ന് കൃത്യമായി അറിയില്ല.

പിറ്റേ ദിവസം രാവിലെ പത്തു മണിയോടെയാണ് മണ്ണാർക്കാട്

എം പ്രവർത്തകർ സന്നദ്ധത പ്രകടിപ്പിച്ചപ്പോൾ അവരനുവദിച്ചു. വെള്ളത്തിൽ മുങ്ങി ജഡം പുറത്തെടുത്തു. മുജാഹിദു പ്രവർത്തകനായ ബശീറിന്റേതായിരുന്നു അത്. ഇതിനു വേണ്ടി മുങ്ങിയപ്പോഴാണ് ഒരു ജഡം കൂടിയുണ്ടെന്ന് അറിയുന്നത്. അതും പുറത്തെടുത്തു. ഇൻക്വസ്റ്റിനു ശേഷം പോസ്റ്റു മോർട്ടം നടത്താനുള്ള പ്രവർത്തനങ്ങളാണ് പിന്നീടുണ്ടായത്. കിണറ്റിൽ വീണ് രക്ഷപ്പെട്ടുവെന്ന് അവകാശപ്പെടുന്ന സുന്നീ പ്രവർത്തകനെ ചോദ്യം ചെയ്താൽ യാഥാർഥ്യം ബോധ്യമാവുമെന്ന്

ഒന്നു രണ്ടെണ്ണത്തെ നേരെയാക്കിയിട്ടുണ്ടെന്ന് അക്രമത്തിന്റെ മുന്നിൽ നിൽക്കുന്ന ചിലർ പറഞ്ഞതായുള്ള വിവരം കുറേക്കൂടി അന്വേഷണം തേടുന്നുണ്ട്.

മുജാഹിദ് പ്രവർത്തകർ പള്ളിക്ക് കല്ലെറിഞ്ഞുവെന്ന് ഒരു പത്രം എഴുതിക്കണ്ടു. അടിസ്ഥാനരഹിതമായ ഇത്തരം പ്രചാരണങ്ങളിലൂടെ ഇരുവിഭാഗങ്ങളും അക്രമ പ്രവർത്തനങ്ങൾ നടത്തിയെന്ന് വരുത്തിതീർക്കാനാണ് ചിലരുടെ ശ്രമം. കുറ്റക്കാർക്കു തണലേകാനേ ഇതൊക്കെ ഉപകരിക്കുകയുള്ളൂ. ●

നിർത്തുകയാണുണ്ടായത്. പ്രസംഗം നിർത്തിയാൽ ഞങ്ങൾ പിരിഞ്ഞു പോകാമെന്ന് അക്രമിസംഘം സമ്മതിച്ചിട്ടുണ്ടെന്ന പോലീസ് നിർദേശം മുഖവിലക്കെടുത്താണ് പ്രസംഗം നിർത്തുന്നത്. പരിപാടി അവസാനിച്ചതിനാൽ പലരും പിരിഞ്ഞുപോയിട്ടുണ്ടാവും. കല്ലേറിൽ പെട്ട് ലൈറ്റണഞ്ഞു. എങ്ങും ഇരുട്ടും. ഇസ്സമയത്ത് വീണ്ടും നിലക്കാത്ത കല്ലേറ്. മാരകായുധങ്ങളുമായി നേരത്തെ സംഘം ചേർന്ന അക്രമി വിഭാഗം അവശേഷിച്ചിരുന്ന ഏതാനും പ്രവർത്തകർക്കുനേരെ അക്രമം അഴിച്ചു വിടുകയാണുണ്ടായത്. മത പ്രസംഗ പരിപാടിയുടെ സംഘാടകരായും പ്രസംഗം കേൾക്കാനായും എത്തിച്ചേർന്ന മുജാഹിദ് പ്രവർത്തകരെ സായുധരായ അക്രമികൾ വളയുകയായിരുന്നു.

പ്രസംഗം പ്രകോപനപരമായതിനാലാണ് അക്രമമുണ്ടായതെന്നാണ് മാധ്യമം പത്രം പറയുന്നത്.

കോപനം ഉണ്ടായതെന്ന് മാധ്യമം പത്രം പറയുന്നു. പ്രസംഗ കാസറ്റ് ലഭ്യമാണ്. അതിൽ മാസപ്പിറവി പരാമർശിക്കുന്നത് അവസാനത്തിൽ മാത്രമാണ്. മാസ്പ്പിറവി പ്രശ്നത്തിൽ അസത്യത്തിനു കൂട്ടുനിന്ന ജമാഅത്തുകാർക്ക് വീണതു വിദ്യയാണെന്ന് തെളിയിക്കണം. അതേ ദിവസത്തെ അതേപത്രം തന്നെ പറയുന്നു. ചങ്ങലീരിയിൽ അനിഷ്ട സംഭവത്തിനു സാധ്യതയുണ്ടെന്ന് സംസ്ഥാന രഹസ്യ പോലീസിലെ ഇരുവിഭാഗങ്ങളും റിപ്പോർട്ടു നൽകിയിരുന്നുവെന്ന്, ആ റിപ്പോർട്ടുകൾ പോലീസ് അവഗണിച്ചതാണ് കാരണമെന്ന്. ഇതു രണ്ടുംകൂടി ശരിയാകുന്നതെങ്ങനെ? പ്രസംഗ പരിപാടിയുടെ സംഘാടകർ അക്രമം നടത്താനല്ലല്ലോ മുതിരുക. അവർക്കാവശ്യം പ്രസംഗം നടക്കലാണ്. മറുഭാഗത്തിന്റെ ആവശ്യം പ്രസംഗം നടക്കാതിരിക്കലും. സംഘാടകർ അക്രമം നടത്താറില്ല, പ്രതിരോധി

പരിക്കേറ്റവരെ ആശുപത്രികളിലേക്കു കൊണ്ടുപോയി. പ്രസംഗകനോടൊപ്പവും കുറേ ആളുകൾ പിരിഞ്ഞുപോയി. ആരൊക്കെ എവിടെയൊക്കെയായിരിക്കുമെന്ന് കൃത്യമായി അറിയില്ല.

പിറ്റേ ദിവസം രാവിലെ പത്തുമണിയോടെയാണ് മണ്ണാർക്കാട് ചിറക്കൻപടി വളയങ്കോട് ഹംസയുടെ മകൻ ബശീറിനെ കാണാനില്ലെന്ന് സ്ഥിരീകരിക്കപ്പെടുന്നത്. എങ്ങോട്ടുപോയാലും വൈകുന്നേരം ഏഴരയോടെ വീട്ടിലെത്തുന്ന പ്രകൃതക്കാരനായിരുന്ന ബശീർ, മഗ്‌രിബിന് ശേഷം നടക്കുന്ന പരിപാടി കഴിഞ്ഞിട്ട് രാവിലെയും എത്തിക്കാണാതായപ്പോൾ വീട്ടിൽ പരിഭ്രമവും അന്വേഷണവുമായി. അതിനിടെ കിണറ്റിൽ വിണു രക്ഷപ്പെട്ടുവെന്ന് സ്വയം അവകാശപ്പെടുന്ന സുന്നീ പ്രവർത്തകൻ ആശുപത്രിയിൽ വെച്ചു പറഞ്ഞു. കിണറ്റിൽ വേറെ ഒരാൾ കൂടിയുണ്ടെന്ന്. ഇതുകേട്ട് ഒരു കൂട്ടം മുജാഹിദ് പ്രവർത്തകർ അങ്ങോട്ടു തിരിച്ചു.

അൾമറയില്ലാത്ത കിണറിലേക്കു ഒരു കയർ ഇറങ്ങിക്കിടക്കുന്നുണ്ടായിരുന്നു. കിണറ്റിൽ നിന്ന് രക്ഷപ്പെട്ടുവെന്ന് അവകാശപ്പെടുന്ന ആൾക്കു കയറാൻ വേണ്ടി കെട്ടിയിട്ടതാണീ കയർ എന്ന് അവർ പറയുന്നു.

പോലീസ് സ്ഥലത്തുണ്ടായിരുന്നു. കിണറ്റിലിറങ്ങാൻ ഐ എസ്

ടുത്തു. ഇൻക്വസ്റ്റിനു ശേഷം പോസ്റ്റു മോർട്ടം നടത്താനുള്ള പ്രവർത്തനങ്ങളാണ് പിന്നീടുണ്ടായത്. കിണറ്റിൽ വീണ് രക്ഷപ്പെട്ടുവെന്ന് അവകാശപ്പെടുന്ന സുന്നീ പ്രവർത്തകനെ ചോദ്യം ചെയ്താൽ യാഥാർഥ്യം ബോധ്യമാവുമെന്ന്

ത്മായ ഇത്തരം പ്രചാരണങ്ങളിലൂടെ ഇരുവിഭാഗങ്ങളും അക്രമ പ്രവർത്തനങ്ങൾ നടത്തിയെന്ന് വരുത്തിതീർക്കാനാണ് ചിലരുടെ ശ്രമം. കുറ്റക്കാർക്കു തണലേകാനേ ഇതൊക്കെ ഉപകരിക്കുകയുള്ളൂ. ●

**വിവാദവും വസ്തുതകളും**

## മയ്യിത്തിന്റെ പേരിലും വിലപേശൽ!

ചങ്ങലീരി സംഭവത്തെ തുടർന്ന് കിണറ്റിൽ നിന്നു ലഭിച്ച മൃതദേഹങ്ങളുടെ പേരിലും വിലപേശൽ! മുജാഹിദ് പ്രവർത്തകനായ ബശീറിന്റെ മൃതദേഹം ഏറ്റുവാങ്ങിയത് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരാണെന്ന് മാധ്യമം പത്രം ലജ്ജയൊട്ടുമില്ലാതെ അവകാശപ്പെടുന്നു.

തൃശൂർ മെഡിക്കൽ കോളെജിനടുത്തുള്ള ജമാഅത്തുകാരുടെ പള്ളിയിൽ നിന്ന് മയ്യിത്ത് കുളിപ്പിച്ച് കഫൻ ചെയ്തുവെന്നതൊഴിച്ചാൽ 'ഏറ്റുവാങ്ങൽ' പ്രശ്നമൊന്നും ഉണ്ടായിട്ടില്ല. ഐ എസ് എം സംസ്ഥാന വൈസ് പ്രസിഡന്റ് എൻ കെ സാദിഖലിയുടെ നേതൃത്വത്തിൽ പാലക്കാട്ടു നിന്നു മയ്യിത്തുമായി പോയവരും തൃശൂർ ജില്ലയിലെ പ്രവർത്തകരും ചേർന്നാണ് എല്ലാം ചെയ്തത്.

കെ എൻ എം ജില്ലാ സെക്രട്ടറി പി പി ഉണ്ണീൻകുട്ടി മൗലവി, ഐ എസ് എം ജില്ലാസെക്രട്ടറി എൻ എം ജലീൽ മാസ്റ്റർ എന്നിവരുടെയും മറ്റും നേതൃത്വത്തിൽ ജനാസ മറവുചെയ്യുന്നതുവരെ ആവശ്യമായ എല്ലാം ചെയ്തിരുന്നു.

സുന്നികളും മുജാഹിദുകളും തമ്മിൽ തല്ലുകയാണെന്നും അപ്പോഴും ഏറ്റെടുക്കാൻ തങ്ങളാണ് ഉള്ളതെന്നും വരുത്തിത്തീർക്കാനുള്ള ഈ കുത്സിത ശ്രമത്തെ വിശേഷിപ്പിക്കാൻ മാന്യമായ മലയാള പദങ്ങൾ ഒന്നുമില്ല.

**ശബാബ്**

**വരിസംഖ്യ**

| | ഇന്ത്യ | വിദേശം |
|---|---|---|
| ഒരു വർഷം | 240 | 900 |
| ആറുമാസം | 120 | 450 |
| ഒറ്റപ്രതി | 5 | |

മാനേജർ
ശബാബ് വാരിക,
ആർ.എം. റോഡ്,
കോഴിക്കോട് - 2

**വിവാദവും വസ്തുതകളും**

## ഈ വർഷം ലോക മുസ്‌ലിംകൾക്ക് മുപ്പത് നോമ്പ്

ഇക്കഴിഞ്ഞ റമദാനിൽ ലോകമുസ്‌ലിംകൾക്ക് മൊത്തത്തിൽ മുപ്പത് നോമ്പു കിട്ടി. എന്നാൽ, മലബാറിലെ കുറച്ചുപേർക്ക് മാത്രം 29 നോമ്പായി. വയനാട്ടിലെ 'സംയുക്ത'ൻമാർക്കു വേണ്ടി കൂക്കിവിളിച്ച് കള്ളം സ്ഥാപിക്കാനാണല്ലോ ഈ പണിയെല്ലാം ഒപ്പിച്ചത്. അപ്പോഴും ഒന്നോർക്കുക, വയനാട്ടിലെ 'സംയുക്ത'ൻമാർക്കും 30 നോമ്പു കിട്ടിയെന്ന്!

### മാധ്യമത്തിനു പറ്റിയ അക്കിടി

ഹിലാൽ കമ്മിറ്റിയുടെ പത്രപ്പരസ്യം വാസ്തവവിരുദ്ധമാണെന്ന് പ്ലാനറ്റേറിയം അധികൃതർ പറഞ്ഞതായി മാധ്യമം പത്രത്തിൽ വാർത്ത. അല്ല, തലക്കെട്ട്. എന്നാൽ അതേ കൽപിത വാർത്തയിൽ അവർ ഇങ്ങനെ ചേർത്തിരിക്കുന്നു: "കൽക്കത്തയിൽ നിന്നുള്ള വിവരങ്ങളനുസരിച്ച് 17നു സൂര്യൻ അസ്തമിക്കുന്നതിന് 10 മിനിട്ടു മുമ്പ് ചന്ദ്രൻ അസ്തമിക്കും". എന്നു വെച്ചാൽ അന്നു മാസപ്പിറവി കാണുക അസംഭാവ്യമാണെന്നു തന്നെ.

ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കാൻ മാധ്യമത്തിനു ഇതു തന്നെ മതി. അതാണല്ലോ ലക്ഷ്യവും.

### തിരുവനന്തപുരത്ത് ഗോളശാസ്ത്രം ശരി

17നു മാസപ്പിറവി കാണാൻ കഴിയില്ലെന്ന് തിരുവനന്തപുരത്തെ ഗോളനിരീക്ഷണകേന്ദ്രം അധികൃതർ അറിയിച്ചതിനെതുടർന്ന് തിരുവനന്തപുരം പാളയം ഇമാമും മുൻ പാളയം ഇമാമും പെരുന്നാൾ 19 നാണെന്ന് പ്രഖ്യാപിച്ചതായി വാർത്ത. എന്നാലും മലബാറിൽ കുറച്ചു പേർക്ക് തിങ്കളാഴ്ച തന്നെ പെരുന്നാളാവണം. അതിനു ഈ "വിവാദത്തിൽ കക്ഷിചേരാത്ത" ഒരു പത്രത്തിന്റെ കക്ഷിത്വവും!

### ഇല്ലാത്ത ഡിപ്പാർട്ടുമെന്റിലെ റിസർച്ച് സ്കോളർ

ഗോളശാസ്ത്രം ഖണ്ഡിതമാണെന്ന് പറയാനാവില്ലെന്ന യാഥാസ്ഥിതിക വാദത്തിനു പിൻബലമേകാൻ മാധ്യമം പത്രത്തിൽ ഒരു ലേഖനം വന്നു; 25.1.99ന്. നേരത്തെ കൊട്ടിഘോഷിച്ചുകൊണ്ടാണ് ലേഖനം പ്രസിദ്ധീകരിക്കുന്നത്.

ലേഖനത്തിന്റെ ആദ്യഭാഗവും അവസാന ഭാഗവും പരസ്പര വിരുദ്ധം. അതിരിക്കട്ടെ. കോഴിക്കോട് റീജ്യനൽ എഞ്ചിനീയറിംഗ് കോളജിലെ റിസർച്ച് സ്കോളറാണ് ലേഖകനെന്ന് പത്രം പരിചയപ്പെടുത്തുന്നു. അന്വേഷിച്ചപ്പോൾ ആർ ഇ സിയിൽ ഗോളശാസ്ത്ര ഗവേഷണ വിഭാഗമില്ല.

'വകുപ്പി'ല്ലാതെയും ഗവേഷണമാകാമല്ലോ. അതാണല്ലോ ഇപ്പോൾ നടക്കുന്നതിൽ അധികവും. ആർ ഇ സിയിൽ അന്വേഷിച്ചപ്പോൾ ആകപ്പാടെ ആശയക്കുഴപ്പം. പിന്നെ, റിസർച്ച് സ്കോളർ, അങ്ങേരെ മഷിയിട്ടു തെരഞ്ഞാൽ പോലും കാണില്ല. ഇത്തവണത്തെ മാസപ്പിറവി കഥ പോലെ തന്നെ. അതാണല്ലോ ഉദ്ദേശ്യവും.

# ഖാസിമാരുടെ മാസപ്പിറവി

ദർശനം സംശയാസ്പദമാകുമ്പോൾ ഗോളശാസ്ത്രത്തെ അവലംബിക്കണമെന്നതാണ് കോഴിക്കോട് ഖാസിമാരുടെ പ്രഖ്യാപിത നിലപാട്, ശാഫീ മദ്ഹബ് പ്രകാരം അതാണ് ശരിയെന്ന് 97ൽ വരെ ഖാസിമാർ വിശദീകരിച്ചിരുന്നു. ഇക്കഴിഞ്ഞ ശവ്വാൽ, 97ന്റെ ആവർത്തനമായിരുന്നു. ഇപ്പോൾ ഖാസിമാർ പറയുന്നു പിറവി കാണാത്ത ദിവസത്തിലും ദർശന സാക്ഷ്യമാണ് സ്വീകരിക്കേണ്ടതെന്ന്. ഇതെന്തു നിലപാട്?

## മാസപ്പിറവി: പ്രവാചകചര്യ പിന്തുടർന്നാൽ തർക്കം തീരും - ഖാസി

(ചന്ദ്രിക, 24.01.99)

കോഴിക്കോട്: മാസപ്പിറവി വിഷയത്തിൽ പ്രവാചകൻ കാണിച്ച ലളിതമായ ചര്യ പിന്തുടർന്നാൽ സമുദായത്തിൽ ഈ വിഷയത്തിലുള്ള തർക്കം അവസാനിപ്പിക്കാനാവുമെന്ന് കോഴിക്കോട് വലിയ ഖാസി ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ വ്യക്തമാക്കി. കണക്കുകളെ ആശ്രയിക്കുന്നവർക്കു പോലും വാവ് കഴിയുന്ന ഞായറാഴ്ച എട്ട് മണിയോടെ ശവ്വാലാകുന്നതുമാണ്. അവർക്കും തിങ്കളാഴ്ച ആഘോഷിക്കാവുന്നതാണ്. കുറ്റിച്ചിറയിൽ മുസ്ലിം പൗരാവലി സംഘടിപ്പിച്ച മാസപ്പിറവി വിശദീകരണ പൊതുസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ തവണ ഗോളശാസ്ത്രാടിസ്ഥാനത്തിൽ പിറവി കാണാൻ സാധ്യതയില്ലാത്തതിനാലാണ് താൻ പിറവി സ്ഥിരപ്പെടുത്താതിരുന്നതെന്ന തെറ്റിദ്ധാരണ പരന്നതായി ഖാസി നാലകത്ത് മുഹമ്മദ് കോയ പറഞ്ഞു. ഇതു സംബന്ധിച്ച് എന്റെ പ്രസംഗം തെറ്റിദ്ധാരണ ജനിപ്പിക്കും വിധമാണ് പത്രങ്ങളിൽ വന്നത്. കോഴിക്കോട്ടെ ഖാസിമാരായ ഞങ്ങൾക്ക് അന്നത്തെ പിറവി ബോധ്യപ്പെട്ടിരുന്നില്ലെ. ഒരിടത്തുനിന്ന് മാത്രം നാലോ അഞ്ചോ പേർ മാസപ്പിറവി കണ്ടെന്ന് അറിയിക്കുകയും കണ്ടുവെന്ന് പറയുന്ന സ്ഥലത്തുനിന്ന് വടക്കോട്ടു തെളിഞ്ഞ ആകാശത്തിന്റെ കടൽ തീരത്ത് അനേകായിരം പേർ ബാലചന്ദ്രനെ കാണാൻ കാത്തുനിൽക്കുകയും ചെയ്തിട്ടും ഒരാളും കണ്ടതായി അറിയിച്ചില്ല. മറ്റുരാജ്യങ്ങളിൽ നിന്നൊന്നും കണ്ട റിപ്പോർട്ടുകളും വന്നില്ല. ഇക്കുറി ഈദ് ആഘോഷിച്ചവരെല്ലാം ഈ ഒരേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു.

ഇത്തരം സന്ദർഭങ്ങളിൽ ഒരു ഖാസിക്ക് തന്റെ തീരുമാനം ഉറപ്പുവരുത്തുന്നതിന് അന്നത്തെ ഗോളഗണിക്കുന്നതിന്ന് വിരോധമില്ല എന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ഗോളശാസ്ത്രത്തിന്റെ നിലപാടിന് സർവപ്രാധാന്യവും നൽകണമെന്നല്ല -നാലകത്ത് മുഹമ്മദ് കോയ പറഞ്ഞു.

ശാഫീ മദ്ഹബിലെ മുഅ്തമദായ നിർദേശങ്ങളനുസരിച്ചാണ് ഞങ്ങൾ തീരുമാനം എടുക്കുന്നത്. ഗോളശാസ്ത്രത്തിന് വിരുദ്ധമായാണ് ഞങ്ങൾ തീരുമാനമെടുത്തത് എന്ന് പറയുന്നവർ ഞങ്ങൾ ശാഫീ മദ്ഹബിന് എതിരായിട്ടാണ് തീരുമാനമെടുത്തതെന്ന് പറയാൻ തയ്യാറുണ്ടോ?

***പിൻകുറി:***

*ഇത്തവണ ഒന്നിലേറെ സ്ഥലങ്ങളിൽ പിറവി ദർശനത്തിനു സാക്ഷികളുണ്ടായതാണ് സ്ഥിരീകരിക്കാൻ കാരണമായതെന്ന് ഖാസിമാർ പറയുന്നു.*

*ഖാസിമാർക്കു ഇമാം സുബ്കിയുടെ മറുപടി:*

*"കണക്കനുസരിച്ചു പ്രവർത്തിക്കാമോ ഇല്ലേ എന്നതല്ല ഇവിടത്തെ വിഷയം കണക്കനുസരിച്ച് മാസപ്പിറവിക്കു സാധ്യതയുണ്ടാവുകയും എന്നിട്ടു കാണിക്കാതിരിക്കുകയും ചെയ്യുമ്പോഴേ കണക്കനുസരിച്ച് മാസപ്പിറവി നിർണയിക്കാമോ എന്ന പ്രശ്നം ഉദിക്കുന്നുള്ളൂ. ഇവിടെ കാര്യം വ്യത്യസ്തമാണ് അതായത് മാസപ്പിറവിക്കു സാധ്യതയില്ലാത്ത ദിവസം മാസം കണ്ടുവെന്ന് ആരെങ്കിലും പറയുക*

## മാസപ്പിറവി കണ്ടതിനു യാതൊരു തെളിവുമില്ല: ഖാസിമാർ

(ചന്ദ്രിക, 12-02-97)

കോഴിക്കോട്: വെള്ളിയാഴ്ച സൂര്യാസ്തമന ശേഷം ചന്ദ്രപ്പിറവി കണ്ടുവെന്നതിന്ന് വ്യക്തമായ തെളിവുകളൊന്നുമില്ലെന്ന് ഖാസിമാരായ സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളും, നാലകത്ത് മുഹമ്മദ് കോയയും ആവർത്തിച്ചു, ഒരു ഖാസിക്ക് ബോധ്യം വന്നുവെന്നത് കൊണ്ട് മാത്രം തെളിവാകണമെന്നും മറ്റുള്ളവർക്കും ബോധ്യംവരണമെന്നുമില്ല. ബേപ്പൂർ ഖാസിയുടെ തീരുമാനം ഞങ്ങൾ അംഗീകരിക്കാത്ത നടത്തി. പക്ഷേ ഞങ്ങൾക്ക് ഒരാളെയും കണ്ടെത്താൻ കഴിഞ്ഞില്ല. വെള്ളിയാഴ്ച സൂര്യാസ്തമനത്തിന് ശേഷം മാറാട്ടു ബീച്ചിൽ ആറേഴ്പേർ ചന്ദ്രനെ കണ്ടുവെന്ന് അവരുടെ പ്രതിനിധി കോഴിക്കോടു ഖാസി ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളെ അറിയിച്ചു. അറിയിപ്പിൽ ആറേഴ് കുട്ടികൾ എന്ന് പറഞ്ഞത് കൊണ്ട് കുട്ടികളാണെങ്കിൽ ഇങ്ങോട്ട് വരേണ്ട എന്ന് ഖാസി മറുപടി പറയുകയും ചെയ്തു.

## മാസപ്പിറവി: വിശ്വസ്ത സാക്ഷ്യത്തെ സ്വീകരിക്കലാണ് മാതൃക

(മാധ്യമം, 24.01.99)

കോഴിക്കോട്: മാസപ്പിറവി വിഷയത്തിൽ സത്യസന്ധരെന്ന് വിശ്വസിക്കാവുന്ന ദൃക്സാക്ഷികളുടെ സത്യസാക്ഷ്യത്തെ സ്വീകരിക്കലാണ് പ്രവാചകമാതൃകയെന്ന് കോഴിക്കോട് ഖാദി നാലകത്ത് മുഹമ്മദ്കോയ പറഞ്ഞു. വിശ്വസ്തരായവരുടെ സത്യസാക്ഷ്യമുണ്ടെങ്കിൽ ഗോളശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകളുടെ പിന്നാലെ പോവേണ്ടതില്ല. നോമ്പും പെരുന്നാളും എങ്ങനെ അനുഷ്ഠിക്കണമെന്ന്തി പ്രവാചകൻ സമുദായത്തിന് അറിച്ചുതന്നിരിക്കെ, ഋജുവായ ആ മാർഗത്തിൽ നിന്ന് വ്യതിചലിച്ചതാണ് ഭിന്നിപ്പിന്റെ മൗലിക കാരണം. നോമ്പിന്റെ കാര്യത്തിൽ ഖാദിക്ക് സ്വീകാര്യനായ ഒരാളും പെരുന്നാളിന്റെ കാര്യത്തിൽ സ്വീകാര്യരായ രണ്ടുപേരും സാക്ഷിനിൽക്കുകയും ഖാദി അത് സ്വീകരിച്ച് പ്രഖ്യാപിക്കുകയും ചെയ്താൽ അദ്ദേഹത്തിന്റെ പരിധിയിൽപെട്ടവർക്കെല്ലാം നോമ്പും പെരുന്നാളും ബാധകമാവുമെന്ന് അദ്ദേഹം വ്യക്തമാക്കി. കുറ്റി

ർത്തിച്ചു. ഒരു ഖാസിക്ക് ബോധ്യം വന്നുവെന്നത് കൊണ്ട് മാത്രം തെളിവാകണമെന്നും മറ്റുള്ളവർക്കും ബോധ്യംവരണമെന്നുമില്ല. ബേപ്പൂർ ഖാസിയുടെ തീരുമാനം ഞങ്ങൾ അംഗീകരിക്കാത്തതിൽ എന്തിന് അദ്ദേഹം പ്രകോപിതനാകണം – ഖാസിമാർ കോഴിക്കോട് സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

ഈ ശവ്വാൽ മാസപ്പിറവിയെ സംബന്ധിച്ചു താൻ എടുത്ത തീരുമാനം കോഴിക്കോട്ടെ മറ്റു രണ്ടു ഖാസിമാർ അംഗീകരിക്കാതിരുന്നതിനെ സംബന്ധിച്ചു ബേപ്പൂർ ഖാസി പത്രസമ്മേളനത്തിൽ നടത്തിയ വിമർശനങ്ങൾ നിർഭാഗ്യകരമാണ്.

ഗോളശാസ്ത്രാടിസ്ഥാനത്തിൽ ചന്ദ്രപ്പിറവി സ്ഥിരപ്പെടുത്തുന്നതിനെ സുന്നികളും ശാഫീകളുമായ ഞങ്ങൾ അംഗീകരിക്കുന്നില്ലെങ്കിലും സാക്ഷികളുടെ മൊഴികളുടെ സത്യാവസ്ഥ പരിഗണിക്കുമ്പോൾ ശാസ്ത്ര നിഗമനമനുസരിച്ച് കാണാൻ സാധ്യതയുണ്ടോ, എത്രനേരം ഉദയം ഉണ്ടാകും, ആകാശത്തിന്റെ ഏതു കോണിൽ ബാലചന്ദ്രൻ പ്രത്യക്ഷപ്പെടും എന്നീ കാര്യങ്ങളെല്ലാം ശ്രദ്ധയിൽവെക്കുന്നത് ശാഫിമദ്ഹബും നിരോധിക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. കുറ്റമറ്റ സ്ഥിരീകരണത്തിന് അത് ഏറെ പ്രയോജനകരമാണല്ലോ. മാറാടു ബീച്ചു മുതൽ വടക്കോട്ടു പുതിയങ്ങാടി വരെയുള്ള കടലോര പ്രദേശത്തുകാർ മേഘരഹിതമായ ആകാശത്തിൽ വെള്ളിയാഴ്ച സൂര്യാസ്തമന ശേഷം ബാലചന്ദ്രനെ മാറാട്ടെ മുൻകൂട്ടി ഏർപ്പാടാക്കിയ ഏഴ് പേർ ഒഴിച്ചു മറ്റുവല്ലവരും കണ്ടുവോ എന്ന് ഞങ്ങൾ പന്ത്രണ്ട്, ഒരു മണിവരെ അന്വേഷണം

[illegible]

ക്കോയ തങ്ങളെ അറിയിച്ചു. അറിയിപ്പിൽ ആറേഴ് കുട്ടികൾ എന്ന് പറഞ്ഞത് കൊണ്ട് കുട്ടികളാണെങ്കിൽ ഇങ്ങോട്ട് വരേണ്ട എന്ന് ഖാസി മറുപടി പറയുകയും ചെയ്തു.

ആഘോഷിച്ചവരെല്ലാം ഈ ഒരേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു.

ഇത്തരം സന്ദർഭങ്ങളിൽ ഒരു ഖാസിക്ക് തന്റെ തീരുമാനം ഉറപ്പുവരുത്തുന്നതിന് അന്നത്തെ ഗോളശാസ്ത്രത്തിന്റെ നിലപാടും പരി

[illegible]

ണ്ടെങ്കിൽ ഗോളശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകളുടെ പിന്നാലെ പോവേണ്ടതില്ല. നോമ്പും പെരുന്നാളും എങ്ങനെ അനുഷ്ഠിക്കണമെന്തിനെക്കുറിച്ച് ലളിതമായ മാർഗം

[illegible]

സ്വീകരിച്ച് പ്രഖ്യാപിക്കുകയും ചെയ്താൽ അദ്ദേഹത്തിന്റെ പരിധിയിൽപെട്ടവർക്കെല്ലാം നോമ്പും പെരുന്നാളും ബാധകമാവുമെന്ന് അദ്ദേഹം വ്യക്തമാക്കി. കുറ്റിച്ചിറയിൽ സംഘടിപ്പിച്ച മാസപ്പിറവി വിശദീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു ഖാദി

സൂര്യാസ്തമനയത്തിനുശേഷം നാലഞ്ച് സ്ഥലങ്ങളിൽ ഒരുകൂട്ടം മുസ്ലിംകൾ പിറവികണ്ട റിപ്പോർട്ടുകളാണ് വന്നത്. കാപ്പാട് ബീച്ചിൽ മൂന്നുപേരും കൊയിലാണ്ടി കൊല്ലത്ത് അഞ്ചുപേരും പിറവി ദർശനത്തിന് സാക്ഷ്യം വഹിച്ചെത്തി. ഇവരുടെ സത്യസന്ധതയിൽ അവിശ്വസിക്കേണ്ട കാര്യമില്ലായിരുന്നു. അങ്ങനെയുള്ളവരെ കള്ളന്മാരാക്കി കണക്കിന് പ്രാധാന്യം നൽകാൻ ഒരു മാതൃകയും കണ്ടെത്താനാവില്ല.

# ദർശനം സംശയിക്കുമ്പോൾ ഗോളശാസ്ത്രത്തെ ആശ്രയിക്കാം:

-നാലകത്ത് മുഹമ്മദ് കോയ

(ചന്ദ്രിക, 20-02-97)

കോഴിക്കോട്: തെളിഞ്ഞ ആകാശത്ത് ദർശനം വളരെയധികം സംശയാസ്പദമാകുമ്പോൾ ഗോളശാസ്ത്ര കണക്കുകൾ പരിഗണിക്കുന്നതിനെ ഫിഖ്ഹ് വിലക്കുന്നില്ലെന്ന് കോഴിക്കോട് ഖാസി നാലകത്ത് മുഹമ്മദ് കോയ പ്രസ്താവിച്ചു. കോഴിക്കോട് മുതലക്കുളം മൈതാനിയിൽ കാലിക്കറ്റ് സിറ്റി മുസ്ലിം മഹല്ല് ജമാഅത്ത് കമ്മിറ്റി സംഘടിപ്പിച്ച പൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദർശനമില്ലാതെ വെറും ഗോളശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി മാസം ഉറപ്പിക്കുന്നതിൽ മാത്രമേ പണ്ഡിതരിൽ അഭിപ്രായവ്യത്യാസമുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു.

ദർശനം മാസ സ്ഥിരീകരണത്തിന് അനിവാര്യമാണെന്ന് വിശ്വസിക്കുന്നതിനാൽ ഇക്കഴിഞ്ഞ റമസാൻ 29ന് മാസപ്പിറവിയെപ്പറ്റി കൂലങ്കഷമായി തങ്ങൾ അന്വേഷിച്ചിരുന്നുവെന്ന് ഖാസി പറഞ്ഞു. മാറാട് ബീച്ചിൽ പിറവി കണ്ടുവെന്ന് പറയുന്നവരെ വിസ്തരിക്കുവാൻ സാധിച്ചത് രാത്രി പതിനൊന്നരക്കാണ്. സൂര്യൻ അസ്തമിച്ച ഉടനെ മൂന്നു മിനുട്ടോളം പിറവി കണ്ടതായി അവർ പറഞ്ഞു. മാറാട് ബീച്ച് മുതൽ പുതിയങ്ങാടി വരെ മേഘരഹിതമായ ആകാശത്ത് കണ്ണും നട്ട് അനേകം പേർ ദർശനത്തിനു കാത്തിരുന്നിട്ടും അസ്തമന ശോഭ ശരിക്ക് മായാത്ത നേരത്ത് തങ്ങൾ പിറവി കണ്ടുവെന്ന പ്രസ്താവനയെ മറ്റെവിടെ നിന്നും ഒരവകാശവാദവും ഇല്ലാതിരുന്നപ്പോൾ അംഗീകരിച്ചില്ല.

ഒരു ഖാസി സ്ഥിരപ്പെടുത്തിയത് മറ്റൊരു ഖാസിക്ക് ബോധ്യമായിട്ടില്ലെങ്കിൽ സ്വീകരിക്കേണ്ടതില്ലെന്ന് കാന്തപുരം അബൂബക്കർ മുസ്ലിയാർ തന്നെ വിശദമാക്കിയിട്ടുണ്ട്. പിന്നെയെന്തിന്നാണീ ബഹളമെന്ന് അദ്ദേഹം ചോദിച്ചു. മാസപ്പിറവി കാര്യത്തിൽ നാളിതുവരെ ഉണ്ടാകാത്തവിധം പ്രതിഷേധമുദ്രാവാക്യങ്ങളും വിശദീകരണ യോഗങ്ങളുമെല്ലാം സംഘടിപ്പിക്കുന്നത് മതകാര്യങ്ങളെ രാഷ്ട്രീയവൽക്കരിക്കാനുള്ള പുറപ്പാടാണോ എന്നും അദ്ദേഹം പറഞ്ഞു.

തങ്ങളുടെ ഇഛക്കെതിരായ തീരുമാനം കോഴിക്കോട്ടെ ഖാസിമാർ മേലിൽ സ്വീകരിക്കരുതെന്ന താക്കീതാണ് ഈ ബഹളത്തിലുള്ളതെങ്കിൽ അത് വ്യാമോഹമാണ്. സത്യത്തിന്റെ പാതയിൽ നിന്ന് വ്യതിചലിക്കുന്ന പ്രശ്നമില്ല. ഒരു വർഷം മുമ്പ് ഹിലാൽ കമ്മിറ്റി ദുൽഹജ്ജ് മാസപ്പിറവി സ്ഥിരപ്പെടുത്തിയതിനെ അംഗീകരിക്കാതിരിക്കുകയും കാന്തപരും വിഭാഗം ഈദുൽ ഫിത്വ്ർ ഉറപ്പിച്ചതിനെ സ്വീകരിക്കുകയും ചെയ്ത ഞങ്ങൾ സത്യം മാത്രമേ ശ്രദ്ധിക്കാറുള്ളൂ. ഇപ്പോൾ മുളച്ചു പൊന്തിയ ഖാസിത്തവരകളേക്കാൾ ഈ താലൂക്കിലെ മണ്ണിൽ തങ്ങൾക്ക് വേരോട്ടമുണ്ടെന്നും ഇതിന്റെ പ്രതിഫലനമാണ് ഞായറാഴ്ച പെരുന്നാൾ ആഘോഷിച്ച വ്യക്തികളെ പ്രതിഷേധ സ്റ്റേജിൽ കാണാൻ ഇടയാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

സ്വൽപമായ ആഭ്യന്തര ശക്തി പോലും നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഭിന്നതകൾ പരമാവധി തീർക്കാനും ഐക്യത്തിൽ വർത്തിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

യോഗത്തിൽ ഖാസി ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ അധ്യക്ഷനായിരുന്നു.

ശവ്വാൽ മാസപ്പിറവി പ്രഖ്യാപിക്കുന്നതിന് മതിയായ തെളിവ് സാക്ഷികളിൽ നിന്ന് ബോധ്യപ്പെടാത്തതിനാലാണ് അംഗീകരിക്കാതിരുന്നതെന്ന് തങ്ങൾ പറഞ്ഞു. മാറാട് ഖത്തീബ് പ്രത്യേകം പറഞ്ഞയച്ചതനുസരിച്ചാണ് ഞങ്ങൾ മാസം കാണാൻ പോയതെന്നാണ് സാക്ഷികൾ പറഞ്ഞത്. മറ്റാരും മാറാട് ബീച്ചിൽ പിറവി കാണുകയോ, ഇവർ കാണിച്ചു കൊടുക്കുകയോ ചെയ്തില്ല എന്നതും ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു. ●


**വരനെ തേടുന്നു**

തന്റേതല്ലാത്ത കാരണത്താൽ വിവാഹ മോചിത, ദീനി നിഷ്ഠ, ഏഴു വയസ്സുള്ള ഒരാൺകുട്ടിയുള്ള (കുട്ടിയുടെ ബാധ്യത ഏറ്റെടുക്കേണ്ടതില്ല) യുവതി, 26 വയസ്സ്, സാമാന്യ സൗന്ദര്യം. ഇടത്തരം സാമ്പത്തികം. പുനർവിവാഹം പരിഗണിക്കും. മലപ്പുറം ജില്ലക്കാർക്ക് മുൻഗണന.

ട്ടി'യുടെ അടുത്തേക്ക്. 40കാരനായ അർമാട്ടി സംസാരിച്ചു തുടങ്ങിയപ്പോഴേക്കും ഏതാനും പേർ അദ്ദേഹത്തെ തടയാനും ഞങ്ങളെ വിരട്ടാനും ശ്രമിച്ചു. പക്ഷേ അതു വകവെക്കാതെ അദ്ദേഹം പറയാനാരംഭിച്ചു: 'ഞാൻ വെള്ളം കുടിച്ച് നോമ്പ് തുറന്ന് കടപ്പുറത്തേക്കിറങ്ങി നോക്കിയത് തന്നെ മാസത്തിൻമേൽക്കാണ്!! സത്യത്തിൽ മാസം കാണാനിറങ്ങിയതല്ല.! നേരെ മുന്നിൽ നക്ഷത്രത്തിന് 56 കോൽ താഴെയാണ് ഞാനതിനെ കണ്ടത്. ഒരു സാക്ഷി വേണമല്ലോ.. നോക്കിയപ്പോൾ മറ്റാരുമില്ല. കുറച്ച് വടക്കുമാറി ഒരാളെ കണ്ടു. അയാൾക്ക് കാണിച്ചുകൊടുത്തു. അവൻ കാണുന്നില്ല എന്ന് പറഞ്ഞു. എത്ര കാണിച്ചു കൊടുത്തിട്ടും അവൻ അങ്ങനെ തന്നെ പറഞ്ഞു. ഏകദേശം 3 മിനുട്ടോളം അതവിടെ ഉണ്ടായിരുന്നു. അത് കാണാതായതിന് ശേഷം ഹംസയും യൂസുഫും വന്ന് ഞങ്ങളും മാസം കണ്ടുവെന്ന് പറഞ്ഞു. പിന്നീട് ഞാൻ ഭക്ഷണം കഴിച്ച് ഉടനെ ഖാദിയുടെ അടുത്തേക്ക് പോയി. മറ്റാരെയും കൂടാതെ ഒറ്റക്കാണ് പോയത്. ഒന്നിച്ചല്ല കണ്ടത് അതുകൊണ്ട് മറ്റുള്ളവരെ വിളിക്കേണ്ട ആവശ്യമില്ല... 'മറ്റാരെങ്കിലും കണ്ടോ' എന്ന് ഖാദി ചോദിച്ചപ്പോൾ 'ആരൊക്കെയോ കണ്ടിട്ടുണ്ട്' എന്ന് പറഞ്ഞു. മറ്റുള്ളവ

മാസം നോക്കാൻ ഈ സ്ഥലത്തുണ്ടായിരുന്നു". 'കടപ്പുറം വിജനമായിരുന്നു'വെന്ന അർമാട്ടിയുടെ വിശദീകരണം 'സഹസാക്ഷി' പൊളിച്ചു!!... 'ഉടനെ അർമാട്ടിയെയും കൂട്ടി ഖാദിയുടെ അടുത്തേക്ക് പോയി. പിന്നീട് യൂസുഫും അവിടെയെത്തി'– 'ഒറ്റയ്ക്കാണ് പോയതെന്ന് തറപ്പിച്ച്, ആവർത്തിച്ച് പറഞ്ഞ അർമാട്ടിയിൽ നിന്നും വിരുദ്ധമായി ഹംസ വ്യക്തമാക്കി.

ഈ നേരമത്രയും പരിസരത്തുണ്ടായിരുന്ന മൂന്നാം സാക്ഷി യൂസുഫ് അപ്പോഴേക്കും അപ്രത്യക്ഷനായിരുന്നു. തോണിയിൽ പോയെന്നും അതല്ല, അങ്ങാടിയിൽ പോയതാണെന്നും, എന്തായാലും കാത്തു നിന്നിട്ട് കാര്യമില്ലെന്നുമൊക്കെ ആരൊക്കെയോ പറഞ്ഞു. യൂസുഫും ഒറ്റയ്ക്ക് മാസം കണ്ടയാളാണ്. കൂട്ടാളികൾക്ക് പോലും കാണിച്ചുകൊടുക്കാനാവാതെ ഈ യുവാവും 'ഭ്രമണപഥത്തിൽ നിന്നും ഒളിച്ചോടിയ' ചന്ദ്രനെ മിനിട്ടുകളോളം നോക്കിക്കണ്ടത്രെ! അസത്യത്തിന്റെ മുഖം വൈരുധ്യവും പതർച്ചയും നിറഞ്ഞതാണെന്ന നീതിശാസ്ത്രത്തിന്റെ വ്യക്തമായ സാക്ഷാത്കാരമായിരുന്നു ഞങ്ങളിവിടെ കണ്ടത്.

ഈ സംഭാഷണത്തിനിടക്ക് ചുറ്റും കൂടിയ നാട്ടുകാർ, അർമാട്ടി 'മാസം' ചൂണ്ടിക്കാണിച്ചുകൊടു

പറഞ്ഞു.

ഇനി, മാസത്തിന്റെ മാനദണ്ഡം മാനത്തെ ഹിലാലിന് പകരം കൂടെ നിൽക്കാനുള്ളവരുടെ തലകളുടെ എണ്ണമാക്കി മാറ്റിയവർ... അവരിവിടെയും ഒപ്പംകൂടികളായി മാറി. ഇത്തരം ശാഖാപരമായ പ്രശ്നങ്ങൾക്കുള്ളതല്ലല്ലോ ശൂറയും മൂല്യോമീറ്ററുമൊന്നും. അതൊക്കെ പരിഗണിക്കാൻ ഇതെന്താ വോട്ടൊന്നുമല്ലല്ലോ. ഉറക്കത്തിൽപോലും 'ശാസ്ത്രം, ശാസ്ത്രം' എന്ന് ഉരുവിടുന്ന ഇക്കൂട്ടർ ഇവിടെ സ്വയം വിഡ്ഢിവേഷം കെട്ടിയപ്പോൾ (മരുമകളുടെ കണ്ണീര് കാണാൻ മാത്രം മകന്റെ മരണം പോലും കൊതിച്ച ആ പഴയ അമ്മായിയമ്മയുടെ റോളിൽ, മുജാഹിദുകളെ തോൽപ്പിക്കാൻ ഇറങ്ങി സ്വയം തോറ്റപ്പോൾ) ഇവരിൽ നിന്ന് വേറിട്ട് നിന്ന് ചൊവ്വാഴ്ച പെരുന്നാളോഘോഷിച്ച ജമാഅത്ത് ആശയക്കാരനും പഴയ ഹിറാനഗറിലെ 'മിനിപ്ലാനറ്റേറിയ'ത്തിന്റെ ശില്പിയുമായ അബൂബക്കർ മാസ്റ്ററും ഈ നാട്ടുകരനായിപ്പോയത് യാദൃച്ഛികമായിരിക്കാം. ഞായറാഴ്ച രാത്രി പിറവി കാണൽ അസംഭാവ്യമാണെന്ന് സവിസ്തരം കണക്കുകൾ കാണിച്ചുകൊണ്ട് വിശദീകരിച്ച് പത്രത്തിൽ എഴുതിയ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കൂ..

"ഞാൻ തിങ്കളാഴ്ച പെരുന്നാൾ ആഘോഷിച്ചിട്ടില്ല. അന്നെ

അങ്ങനെ പറഞ്ഞാൽ എന്തു ചെയ്യാനാ. ഈ ഖൗമ് നന്നാവൂല.' ജമാഅത്ത് ഇസ്‌ലാമിയുടെ നിലപാടിനെ പറ്റി? "അത് മഹല്ല് അങ്ങനെ തീരുമാനിച്ചപ്പോൾ ഭൂരിപക്ഷത്തിന്റെ ഒപ്പം കൂടിയതാണ്. മാസപ്പിറവി കാണില്ല എന്ന് ഞാൻ പത്രത്തിൽ എഴുതിയിട്ടില്ലായിരുന്നുവെങ്കിൽ ഞാനും ഭൂരിപക്ഷത്തിന്റെ കൂടെ കൂടുമായിരുന്നു." അബൂബക്കർ മാസ്റ്റർ പറഞ്ഞു നിർത്തി. സകല കാര്യങ്ങൾക്കും ഭൂരിപക്ഷത്തിന്റെ പിന്നാലെ ഏന്തിവലിയുന്ന ഇക്കൂട്ടരെ പടച്ചവൻ നാളെ പരലോകത്തും ഭൂരിപക്ഷത്തിന്റെ കൂടെ ആട്ടിപ്പായിക്കുമോ എന്ന ആകുലചിന്തയോടെ ഞങ്ങൾ ഇവിടെ നിന്ന് മടങ്ങുകയാണ്. ഏതായാലും ഈ യാത്രക്കൊടുവിൽ ഞങ്ങൾക്കൊരു കാര്യം കൂടി ബോധ്യമായി. താനൂരിൽ ജ്യോതിശാസ്ത്രം തോറ്റതല്ല, ഇബ്‌ലീസ് വിജയിച്ചതാണെന്ന്.

വാൽക്കഷണം: "മുജാഹിദുകൾ നേരത്തെ പെരുന്നാൾ ഉറപ്പിച്ചതാണ് വിവാദമുണ്ടാവാനും ഭിന്നിപ്പനും കാരണം"

മുജാഹിദുകൾ പെരുന്നാളുറപ്പിക്കാനുപയോഗിച്ച അതേ കണക്കുപയോഗിച്ച് നാളത്തെ നമസ്കാര സമയങ്ങളെയും ഉറപ്പിച്ചിട്ടുണ്ട്. അതെന്തേ പ്രശ്നമുണ്ടാക്കുന്നില്ല ?

"..... നാലും നാല് സ്ഥലത്ത് ന്നല്ലെ? അല്ലാ പിന്നെ.." പണ്ട്

# കാപ്പാട്ടെ 'മാസപ്പിറവി'

ജനുവരി 17ന് കേരളത്തിലെന്നല്ല ഇന്ത്യയിലൊരിടത്തും മാസം കാണില്ലെന്ന കാര്യത്തിൽ പലർക്കും സംശയമുണ്ടായിരുന്നില്ല. അന്നേദിവസം കൃത്യം 6.23ന് കലണ്ടർ പ്രകാരം നോമ്പുതുറന്നവർക്കും ചന്ദ്രൻ ഒരു കളികളിക്കും എന്നും അഭിപ്രായമുണ്ടാവാനിടയില്ല. എങ്കിലും, ഇതുവരെ തെറ്റിയതായി കേട്ടിട്ടില്ലാത്ത ചന്ദ്രൻ ഞായറാഴ്ച ചെറിയൊരു അഡ്ജസ്റ്റുമെന്റിന് വിധേയമായിരിക്കുമോ? ചിലർക്കെങ്കിലുമുള്ള ഈ സംശയം തീർത്തുകളയാമെന്നുദ്ദേശിച്ചാണ് സമീപപ്രദേശമായ കാപ്പാട്ട് എത്തിയത്.

മാസം കണ്ടെന്നു പറയുന്ന മൂന്നുപേരാണ്, വിശാലമായ കാപ്പാട്ട് കടപ്പുറം നിവാസികളായുള്ളത്. മീൻകച്ചവടക്കാരായ രണ്ട് ആലിക്കോയമാരും കാപ്പാട് ഖാദിയുടെ സഹോദരീ പുത്രനായ മുനീറും. മാസപ്പിറവി നോക്കാൻ ഇതുവരെ പോയിട്ടില്ലാത്ത ഇവർ 99 ജനുവരി 17നാണ് ആദ്യമായി 'മാസം കാണാൻ' പോയതെന്നത് യാദൃച്ഛികമാകാം!

കണ്ടുഎന്ന് തറപ്പിച്ചു പറയുന്ന മീൻ കച്ചവടക്കാരനായ ആലിക്കോയ എന്ന ആളാണത്രെ ആദ്യമായി കണ്ടത്. സൂര്യനസ്തമിച്ച് നാലു മിനുട്ട് കഴിഞ്ഞശേഷമാണ് ഇദ്ദേഹം മാസം കണ്ടത്. (അപ്പോൾ ചന്ദ്രൻ പതിനഞ്ച് മിനുട്ടെങ്കിലും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടാവണം!). അൻപത് സെക്കന്റ് നേരമേ അദ്ദേഹത്തിന് കാണാനൊത്തുള്ളൂ. സൂര്യന്റെ വടക്കുഭാഗത്തും സൂര്യനടുത്തുള്ള നക്ഷത്രത്തിന്റെ തെക്കു ഭാഗത്തുമായാണ് ഇദ്ദേഹം ചന്ദ്രനെ കണ്ടത്. (അസ്തമിച്ചുപോയ സൂര്യന്റെ സ്ഥാനത്തിന് വടക്കുഭാഗത്തായിരിക്കാം എന്നു നമുക്കാശ്വസിക്കുകയല്ലാതെ നിവൃത്തിയില്ല) ഇതു പറഞ്ഞപ്പോൾ കടപ്പുറത്തുകാരനായ കെ പി കോയ എന്ന ആൾക്കൊരു സംശയമായി. സാധാരണ സൂര്യന്റെ തെക്കു ഭാഗത്തുള്ള (തിങ്കളാഴ്ച കണ്ടതും ആ സ്ഥാനത്തു തന്നെയായിരുന്നു) നക്ഷത്രം ഒരു ദിവസം കൊണ്ട് ദിശമാറിയോ എന്ന് അദ്ദേഹം ചോദിച്ചതിന് കണ്ട ആളിൽ നിന്ന് മറുപടിയൊന്നും ലഭിച്ചില്ല. (ഖിയാമത്ത് നാൾ അടുക്കുമ്പോൾ അങ്ങനെയൊക്കെ സംഭവിച്ചാലോ?)

പിറ്റേ ദിവസം പക്ഷേ, തലേന്ന് കണ്ട 'മാമനെ' കാണാൻ ഇദ്ദേഹം പോയില്ലെന്നത് ദുരൂഹതപരത്തുന്നു. കാപ്പാടുകാർ പലരും പിറ്റേ ദിവസം തന്നെ കണ്ടില്ലെന്നു പറയുന്നു. എന്തുകൊണ്ട് പോയി നോക്കിയില്ലെന്നന്വേഷിച്ചപ്പോൾ 'പോയില്ല' എന്ന കനത്ത മറുപടി കിട്ടി.

രണ്ടാമത്തെ ആലിക്കോയയും മീൻ കച്ചവടക്കാരൻ തന്നെ. അദ്ദേഹം സൂര്യന്റെ തെക്കുഭാഗത്തായാണ് കണ്ടത്! (അതേ കടപ്പുറത്തുതന്നെ ചന്ദ്രൻ സൂര്യന്റെ വടക്കും തെക്കും അഥവാ രണ്ടു ഭാഗത്തും കാണുമോ? ലാ ഹൗല വലാ...) രണ്ടു മിനുട്ടുനേരം മാസം കണ്ട ഇദ്ദേഹം പറഞ്ഞത് സൂര്യനടുത്തുണ്ടാവാറുള്ള നക്ഷത്രം ഉദിച്ചിട്ടില്ല എന്നത്രെ.. (നക്ഷത്രം ചിലപ്പോൾ തെക്കോട്ടോ ഇനി മറ്റു വല്ല ദിശയിലേക്കുമോ തിരിഞ്ഞതായിരിക്കാം. എന്താ, ചന്ദ്രന് കളിക്കാമെങ്കിൽ ഈ നക്ഷത്രത്തിനുമൊന്ന് സ്ഥാനം തെറ്റിക്കൂടേ!)

തിങ്കളാഴ്ച ഇദ്ദേഹം നോക്കാൻ പോയിരുന്നെങ്കിലും കണ്ടില്ലത്രെ. അതിനും അടുത്ത ദിവസം ചന്ദ്രനെ നോക്കാമെന്നും അസ്തമയ സമയത്തിൽ വ്യത്യാസമില്ലെങ്കിൽ അംഗീകരിക്കാമെന്നും പറഞ്ഞെങ്കിലും ചന്ദ്രൻ അസ്തമിക്കാനൊന്നും അദ്ദേഹം കാത്തുനിന്നില്ല. വേഗം പോയ്ക്കളഞ്ഞു.

കാപ്പാട് ഇലാഹിയാ സ്കൂൾ അധ്യാപകനായ മുനീർ പി കെ കെ ബാവ എം എൽ എയുടെ സഹോദരി പുത്രനാണ്. ആദ്യം കണ്ടത് താനാണെന്നവകാശപ്പെടുന്ന ഇദ്ദേഹം രണ്ട് മിനുട്ടു നേരം ബാലചന്ദ്രനെ കണ്ടിട്ടുണ്ടത്രെ! സൂര്യനു തെക്കു ഭാഗത്തായാണ് കണ്ടുവെന്നു പറയുന്നത്. കണ്ട ശേഷം കാപ്പാട് ഖാദിയുടെ (അമ്മാവന്റെ) അടുത്തേക്ക് പോയി. കൂടെ രണ്ടുമൂന്ന് പേരും ഉണ്ടായിരുന്നു. എന്നാൽ കൂടെയുണ്ടായിരുന്നവരുടെ അഡ്രസ് അന്വേഷിച്ചപ്പോൾ നൽകാൻ തയ്യാറായില്ലെന്നു മാത്രമല്ല, വ്യക്തമായ മറുപടിയും ലഭിച്ചില്ല.

കാര്യങ്ങളന്വേഷിച്ച കാപ്പാട് ഖാദി ബന്ധുവായതുകൊണ്ടായിരിക്കാം, കൂടുതൽ ചോദ്യം ചെയ്തില്ലെന്ന് മനസ്സിലാകുന്നു. കാപ്പാട് ഖാദി, പി കെ കെ ബാവയുടെ അനിയനാണ്. ഖാദിയുടെ കത്തും വാങ്ങി കോഴിക്കോട്ടെ പരമ്പരാഗത ഖാദിമാരുടെയടുത്തേക്ക് പോയി. ഇതിന്റെ കോപ്പിയെടുത്ത ഏ പി വിഭാഗക്കാർ മർകസിലേക്ക് കുതിച്ചത്രെ. കാപ്പാട് ഖാദിയുടെ കത്തുകണ്ട സംയുക്ത ഖാദിമാർ ഉടൻ പ്രഖ്യാപനവും നടത്തി.

കാപ്പാട് എസ് ടി ഡി ബൂത്ത് നടത്തുന്ന ആൾ ഞായറാഴ്ച മാസം കണ്ടത് അംഗീകരിക്കുന്നില്ല. അവിടുന്നാരും മാസപ്പിറവി സംബന്ധിച്ച് ഫോൺ ചെയ്തിട്ടുമില്ലെന്നാണ് അദ്ദേഹത്തിൽ നിന്നറിയാൻ കഴിഞ്ഞത്.

ഈ ചിത്രമെല്ലാം കൂടി വെച്ചു നോക്കുമ്പോൾ, മാസപ്പിറവി കാര്യത്തിൽ വ്യക്തമായ ചില അവ്യക്തതകൾ നിലനിൽക്കുന്നു. വടക്കും തെക്കും നക്ഷത്രത്തിനടുത്തും തുടങ്ങി ചോദ്യങ്ങൾക്ക് മടിച്ചു മടിച്ചുള്ള മറുപടി വരെ, വിനോദസഞ്ചാര കേന്ദ്രമായ കാപ്പാട് എന്തൊക്കെയോ 'അത്ഭുതങ്ങൾ' സംഭവിച്ചെന്നാണ് അറിയിക്കുന്നത്. സ്വന്തം മരുമകൻ കണ്ടത് വിശ്വസിച്ച് മറ്റുപലരെയും വിളിച്ചു പറഞ്ഞ രാഷ്ട്രീയ നേതാവിനും പിറ്റേ ദിവസമാണ് കാര്യത്തിന്റെ ഗൗരവം പിടികിട്ടിയത്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് തുടങ്ങി വടക്കൻ കേരളത്തിലെ ചില ജില്ലകളിലെങ്കിലും നോമ്പ് 30 പൂർത്തീകരിക്കാനാവാത്തതിന് കാരണം ഈ കാപ്പാടാണല്ലോ.

കണക്കുതെറ്റിയെങ്കിൽ, അത് ഹിലാൽ കമ്മിറ്റി ചെയർമാൻ വാനനിരീക്ഷണം നടത്തി തയ്യാറാക്കിയ കണക്കല്ലല്ലോ? വാസ്കോഡഗാമ കപ്പലിറങ്ങിയശേഷം വാർത്ത സൃഷ്ടിക്കാൻ കാപ്പാടിന് കിട്ടിയത് മാസപ്പിറവി കാണൽ അസംഭവ്യമായ ദിവസമാണെന്നത് യാദൃച്ഛികമാണോ എന്തോ!

# കൊയിലാണ്ടി കൊല്ലത്തെ മാസപ്പിറവി

വെട്ടെന്ന് രൂപംകൊള്ളുന്ന കൂട്ടുകെട്ടുകൾ, കാലുമാറ്റങ്ങൾ, ചാക്കിട്ടുപിടുത്തം, കുറുമുന്നണികൾ... രാഷ്ട്രീയക്കാർക്ക് മാത്രം ചിരപരിചിതമായ ഇത്തരം പ്രയോ

തൊരു ക്ഷീണമായെങ്കിലും മാസപ്പിറവി ആദ്യം പ്രഖ്യാപിച്ച് പാരമ്പര്യ ഖാദിമാരെയും ഹിലാൽ കമ്മിറ്റിയെയും നിഷ്പ്രഭമാക്കാൻ സാധിച്ചത്

ദീനുൽ ഇസ്‌ലാമിൽ പോരിശയാക്കപ്പെട്ടതാണല്ലോ മാസപ്പിറവിയും. മഖ്ബറയിൽ നിന്നു തന്നെ തുടങ്ങണം. കടപ്പുറത്തിനടുത്ത്

കാർ കൂടെപ്പോയ മുസ്‌ലിയാരോട് ചോദിച്ചു: ഉസ്താദ് നേരിട്ട് കണ്ടോ? ഞാൻ കണ്ടിട്ടില്ല. പറഞ്ഞു കൊടുത്ത

അതുകൊണ്ടുണ്ടായ ക്ഷീണം ചില്ലറയായിരുന്നില്ലല്ലോ. പത്രം മുഖേനയും ടെലഫോൺ സംവി

**വെ**ട്ടെന്ന് രൂപംകൊള്ളുന്ന കൂട്ടുകെട്ടുകൾ, കാലുമാറ്റങ്ങൾ, ചാക്കിട്ടുപിടുത്തം, കുറുമുന്നണികൾ... രാഷ്ട്രീയക്കാർക്ക് മാത്രം ചിരപരിചിതമായ ഇത്തരം പ്രയോഗങ്ങൾ തെരഞ്ഞെടുപ്പ് കാലത്തായിരുന്നു മുമ്പൊക്കെ പ്രാവർത്തികമായിക്കണ്ടിരുന്നത്. എന്നാൽ കേരളീയരുടെ കണക്കു കൂട്ടൽ തെറ്റിച്ചുകൊണ്ട് മാസപ്പിറവിയിലൂടെ ഈ പ്രതിഭാസങ്ങൾക്ക് മതചുറ്റുപാടിലും സാധ്യതകളുണ്ടെന്ന് നാമറിഞ്ഞു; ഇക്കഴിഞ്ഞ ജനുവരി 17ന്!. കൃത്യമായിപ്പറഞ്ഞാൽ 6.23 ന് സൂര്യൻ അസ്തമിച്ച് മിനുട്ടുകൾക്കകം.

ആസൂത്രിതമായ പദ്ധതികളിലൂടെ മുജാഹിദുകളെയും ഹിലാൽ കമ്മിറ്റിയെയും തറപറ്റിക്കാൻ കിട്ടിയ ഒരവസരത്തിൽ, വടക്കൻ കേരളത്തിലെ നാലഞ്ചു ജില്ലകളിലെ എ പി, ഇ കെ, സംസ്ഥാന, ... ഭേദമന്യേ സുന്നികളെയും ജമാഅത്തുകാരെയും മൊത്തത്തിൽ പങ്കാളികളാക്കാൻ കഴിഞ്ഞതിൽ സംയുക്തന്മാർക്ക് അഭിമാനിക്കാം. കാഞ്ഞങ്ങാട്ടും കാസർകോട്ടും പിന്നെ ഒൻപതോളം ജില്ലകളിലും മുസ്‌ലിംകൾ ചൊവ്വാഴ്ചയാണ് പെരുന്നാളാഘോഷിച്ചത് എന്നതൊരു ക്ഷീണമായെങ്കിലും മാസപ്പിറവി ആദ്യം പ്രഖ്യാപിച്ച് പാരമ്പര്യ ഖാദിമാരെയും ഹിലാൽ കമ്മിറ്റിയെയും നിഷ്പ്രഭമാക്കാൻ സാധിച്ചത് വല്ലാത്തൊരു നേട്ടം തന്നെ! പലതിനും പോലെ മാസപ്പിറവി കാര്യത്തിലും വ്യക്തമായൊരു നിലപാടു പോയിട്ട് ധാരണ പോലുമില്ലാതിരുന്ന ജമാഅത്തുകാർക്കും മുസ്‌ലിം ഐക്യത്തെയോർത്ത് അഭിമാനിക്കാം! ഭിന്നിപ്പിന് കാരണക്കാർ മുജാഹിദുകൾ തന്നെ.

കൊല്ലത്തുമാസം 'കണ്ട'വരുടെ വിവരണം കൗതുകം നിറഞ്ഞതാണ്. ഒരു ടാറ്റാ സുമോയിലും ജീപ്പിലും പോയവരാണ് മാസം കണ്ടത്. സർവ സജ്ജീകരണങ്ങളോടെയുമാണിവർ കാണാൻ വേണ്ടി പോയത്. (പോയത് നോക്കാനല്ല കാണാനാണെന്ന് മറക്കാതിരിക്കുക!) കസേര, നോമ്പു തുറക്കാനുള്ള സാധനങ്ങൾ. വണ്ടിയിലുണ്ടായിരുന്നതോ വമ്പൻ സംഘം തന്നെ. നേതൃത്വം ബഹുമാന്യനായ സംസ്ഥാന ട്രഷറർക്കാണ്. കൂടെ ഒരു മുസ്‌ലിയാരുണ്ട്; ദുആ ഇരക്കണമല്ലോ! വല്ല സംശയവും വന്നാൽ സത്യവാങ് മൂലത്തിന് വക്കീലും എന്തിനും പോന്ന കുറച്ചനുയായികളും.

ദീനുൽ ഇസ്‌ലാമിൽ പോരിശയാക്കപ്പെട്ടതാണല്ലോ മാസപ്പിറവിയും. മഖ്ബറയിൽ നിന്നു തന്നെ തുടങ്ങണം. കടപ്പുറത്തിനടുത്ത് കുന്നിൻപുറത്തു പണ്ഡിത മഖാമുകളിലെ പോരിശയാക്കപ്പെട്ടവരോട് കൂട്ടമായി പ്രാർഥിച്ചാണ് പ്രത്യേകം സജ്ജമാക്കിയ സ്ഥലത്തേക്ക് മാസം കാണാൻ പോയത്. അന്നുതന്നെ, അവർ സജ്ജമാക്കിയ പ്രത്യേക സ്ഥലത്തു നിന്നുകൊണ്ടു തന്നെ മാസം കാണാൻ മൺമറഞ്ഞവരുടെ പോരിശ സഹായകമായിട്ടുണ്ടാവാം! 'നല്ല' കാര്യത്തിന് 'അതിലും നല്ല' തുടക്കം.

കൊല്ലത്തെന്തെങ്കിലും അത്ഭുതം സംഭവിക്കുമെന്ന് അറിയാതിരുന്ന പാവം നാട്ടുകാർ നോമ്പു തുറന്ന് കഴിയുമ്പോഴേക്കും പാറപ്പള്ളിക്കു മുന്നിൽ നിന്ന് തക്ബീർ ഉച്ചത്തിലുയരുന്നുണ്ടായിരുന്നു. എല്ലാവരും കാതോർത്തു. "അല്ലാഹു അക്ബർ.... വലില്ലാഹിൽ ഹംദ്" പെരുന്നാളായി. പടക്കം പൊട്ടുന്നു.

പടക്കവും കൂടെ കരുതിയിരുന്നോ, അവർ ഇരുന്ന സ്ഥലത്തു നിന്നു തന്നെ കണ്ടോ, മറ്റാരും കണ്ടില്ലല്ലോ തുടങ്ങി വേണ്ടാത്ത ചോദ്യങ്ങളൊന്നും അരുത്.

ബഹുമാനപ്പെട്ടവരുടെ നേതൃത്വത്തിലുള്ള സംഘം കൊല്ലം ഖാദിയെ കാണുന്നു. കാര്യപ്പെട്ടവർ തന്നെ പറഞ്ഞാൽ പിന്നെ സാക്ഷി വിസ്താരം ആവശ്യമില്ലല്ലോ? അദ്ദേഹം മാസമുറപ്പിച്ചു.

എങ്കിലും ചില നിഷ്കളങ്കർ പാടില്ലാത്തൊരു ചോദ്യം ചോദിച്ചുകളഞ്ഞു: തങ്ങളവർകൾ നേരിട്ടു കണ്ടോ? ഇല്ല. ഞാൻ കണ്ണട എടുത്ത് വെക്കുമ്പോഴേക്കും പിറവി മറഞ്ഞു.

അവ്യക്തത തോന്നിയ നാട്ടുകാർ കൂടെപ്പോയ മുസ്‌ലിയാരോട് ചോദിച്ചു: ഉസ്താദ് നേരിട്ട് കണ്ടോ? ഞാൻ കണ്ടിട്ടില്ല. പറഞ്ഞു കൊടുത്ത അടയാളമനുസരിച്ച് കൂടെയുള്ളവർ കണ്ടിട്ടുണ്ട്. കൂടിനിന്നവർ പിറുപിറുത്തത് ശ്രദ്ധിക്കപ്പെട്ടു: "കൂടെയുള്ള രണ്ടാളും കണ്ടിട്ടില്ല?!"

ഇന്നെന്തായാലും മാസം കാണും എന്ന് പറഞ്ഞ് ചിലർ അങ്ങുമിങ്ങും ഓടിനടന്നിരുന്നതായി ജന സംസാരമുണ്ട്. കൊല്ലം പള്ളിയിൽ നിന്ന് അഖിലേന്ത്യാ ഉസ്താദിന്റടുത്ത് വിവരം എത്താൻ പിന്നീട് താമസിച്ചില്ല. കാപ്പാട്ടുനിന്നും 'എ പിക്കാർ' എത്താനും വൈകിയില്ല. സംയുക്ത ഖാദിമാർ നേരത്തെ തന്നെ പ്രഖ്യാപിച്ചു.

നോമ്പൊന്ന് തീർന്നുകിട്ടാൻ കൊതിച്ച മനസ്സുകൾക്കു ആശ്വാസവുമായി എട്ട് മുപ്പതിന് ആകാശവാണി അറിയിപ്പുവന്നു. റേഡിയോ അറിയിപ്പിൽ അവസാനമായി വന്ന ഹിലാൽ കമ്മിറ്റിയുടെ സത്യസന്ധമായ പ്രസ്താവന അങ്ങനെ ഇവർക്കൊക്കെ ഹരവും വാശിയും പകർന്നു; ജമാഅത്തുകാർക്ക് വിശേഷിച്ചും. മുഖാമുഖം കൊണ്ടുവന്ന ക്ഷീണം തീർക്കാൻ കിട്ടിയൊരവസരം. അതുകൊണ്ടുണ്ടായ ക്ഷീണം ചില്ലറയായിരുന്നില്ലല്ലോ. പത്രം മുഖേനയും ടെലഫോൺ സംവിധാനമുപയോഗിച്ചും ഊഹങ്ങൾ പരത്തിയും എന്നുവേണ്ട സകല മാർഗങ്ങളിലൂടെയും ഭിന്നിപ്പിക്കാനായി പിന്നീടവരുടെ ശ്രമം.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ, വ്യക്തമായിക്കണ്ടവർക്ക് കൃത്യമായ വിവരങ്ങൾ നൽകാൻ കഴിയുന്നില്ല. കണ്ടവരുടെ മൊഴികൾ പരസ്പര വിരുദ്ധം. മറ്റു സ്ഥലങ്ങളിലെപ്പോലെ കൊല്ലത്തെ മാസപ്പിറവിക്കാര്യവും പ്രതീക്ഷിച്ചപോലെ തന്നെ! വയനാട്ടിലെ ജില്ലാ സംയുക്ത ഖാദി 98 ഡിസം. 18നും ഇതുപോലൊരു വാവു ദിനത്തിൽ മാസം കണ്ടെങ്കിലും അതംഗീകരിക്കാൻ ജില്ലക്ക് പുറത്ത് ഒരു മഖ്‌ലൂക്കും ഇല്ലാതിരുന്നത് അങ്ങേരെ വല്ലാതെ വശിപിടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ജനു 17ന് മാസം കാണൽ ഒരു വയനാടൻ ഗ്രൂപ്പിന്റെ ജന്മം തടയാൻ അനിവാര്യമാണെന്ന് ചില പത്രങ്ങൾ തന്നെ നമ്മെ അറിയിച്ചതാണ്. മാസം നോക്കാൻ പോകുന്നവർക്കേ കാണണമെന്നുണ്ടാവൂ. കാണാൻ പോകുന്നവർക്ക് അതൊന്നും ആവശ്യമില്ലല്ലോ. ●


**മാസപ്പിറവിയും സത്യപെരുന്നാളും**

BHASHANA CASSETTES

*ഓഡിയോ കാസറ്റ് പുറത്തിറങ്ങി*

*പ്രഭാഷകർ: ഹുസൈൻ മടവൂർ*

*സുഹൈർ ചുങ്കത്തറ*

ബന്ധപ്പെടുക: 2 കാസറ്റ്. 70 രൂപ.

ഭാഷണ കാസറ്റ്സ്, C/o. പോപ്പുലർ ഹാർഡ്‌വേഴ്സ്

രാമനാട്ടുകര – 673 633

ഫോൺ: 440210, 441809



**വൈവാഹികം**

മുസ്‌ലിം അഭിഭാഷകൻ, പാലക്കാട് ജില്ല, 25/175. സജീവ ഇസ്‌ലാഹി പ്രവർത്തകൻ. ഇടത്തരം സാമ്പത്തികം– ഇസ്‌ലാഹീ ആദർശമുള്ള പ്രൊഫഷണൽ ബിരുദധാരിണികളുടെയോ വിദ്യാർഥിനികളുടെയോ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. സാമ്പത്തികം പ്രശ്നമല്ല. സമപ്രായക്കാരെയും പരിഗണിക്കും. ആദ്യകത്തിൽ തന്നെ വിശദവിവരങ്ങൾ എഴുതുക.

*Box No: 700*
*C/o Shabab Weekly*
*R.M Road, Calicut - 2*



**വൈവാഹികം**

മുസ്‌ലിം പെൺകുട്ടി, ബികോം(20/162). മലപ്പുറം ജില്ല. ജോലിയുള്ള ദീനിതല്പരരായ ബിരുദധാരികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു

*Box No: 699*
*C/o Shabab Weekly*
*R.M Road, Calicut - 2*

# സൂറത്തുകൽ കലാപം: ഫാസിസ്റ്റുകളുടെ ഗൂഢതന്ത്രം

ഡിസംബർ അവസാനത്തിലും ജനുവരി ആദ്യത്തിലുമായി മംഗലാപുരത്തെ സൂറത്ത്കലിലും പരിസരപ്രദേശങ്ങളിലുമായി നടന്ന കലാപം ഒരു ഹിന്ദു മുസ്‌ലിം സംഘട്ടനമായിരുന്നുവോ? അല്ലെന്നാണ് സംഭവങ്ങളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. കലാപത്തിന്റെ കാരണങ്ങളായി പലതും പറയപ്പെടുന്നുണ്ടെങ്കിലും പ്രധാനമായും ചൂണ്ടിക്കാണിക്കപ്പെടുന്നത് ഒരു കോളെജ് വിദ്യാർഥിയുടെ പ്രണയവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ്. സൂറത്ത് കലിലെ ഗോവിന്ദദാസ് പാരലൽ കോളേജിൽ പ്രീഡിഗ്രിക്ക് പഠിക്കുന്ന ഒരു മുസ്‌ലിം യുവാവ് ഇതേ കോളെജിലെ തന്നെ ബിരുദ വിദ്യാർഥിനിയായ ഒരു ഹിന്ദു പെൺകുട്ടിയോട് അപമര്യാദയായി പെരുമാറി എന്നാരോപിച്ചുകൊണ്ട് ഒരുപറ്റം യുവാക്കൾ മുസ്‌ലിം യുവാവിനെ മാരകമായി അക്രമിച്ചു. യുവാവിന് ചങ്കിനേറ്റ മുറിവ് കാരണം പോലീസ് 307ാം വകുപ്പ് പ്രകാരം വധശ്രമത്തിന് കേസെടുത്തു. പിന്നീട് രണ്ടു ബി ജെ പി നേതാക്കളുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് ആളുകൾ പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് ചെയ്തു. ഇതേ തുടർന്ന് 307-ാം വകുപ്പ് ഒഴിവാക്കുകയും 324-ാം വകുപ്പായി ലഘൂകരിച്ച് അക്രമികളെ പുറത്തുകൊണ്ടുവരുകയും ചെയ്തു. കോളെജ് കേമ്പസിൽ നടന്നു എന്ന് പറയപ്പെടുന്ന ജാഥാ വാഹനത്തിൽ നിന്ന് ഉയർന്നുകേട്ട പ്രസംഗങ്ങൾ വളരെ പ്രകോപനപരമായിരുന്നു എന്ന് പറയപ്പെടുന്നു. തങ്ങൾക്ക് എല്ലാവിധ പിന്തുണയുമുണ്ടെന്ന് മനസ്സിലാക്കിയ അക്രമികൾ സൂറത്തുകലിലെ കർണാടക എഞ്ചിനീയറിംഗ് സ്കൂളിന് കീഴിലുള്ള എൽ പി സ്കൂളിലെ മൂന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥിയെ മർദിക്കുകയുണ്ടായി. ഈ കുട്ടി മുസ്‌ലിം സമുദായത്തിൽപ്പെട്ടവനായിരുന്നു. എട്ടും പൊട്ടും തിരിയാത്ത ഒരു പിഞ്ചുബാലൻ അക്രമിക്കപ്പെട്ടത് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, അവരെ അങ്ങേയറ്റം വേദനിപ്പിക്കുന്ന സംഭവമായി മാറി. ഇതോടൊപ്പംതന്നെ സൂറത്ത്കലിൽ യക്ഷഗാനത്തിന്റെ ഒരു പോസ്റ്റർ നശിപ്പിക്കപ്പെട്ടു. ഇത് തറാവീഹ് നമസ്കാരം കഴിഞ്ഞു വരുന്ന കുട്ടികൾ ചെയ്തതാണെന്ന് ആരോപണമുയർന്നു. ഇതെല്ലാം ഇരുകൂട്ടരിലും മാനസികമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ആയിടക്കുതന്നെ കലാപകാരികളിൽപെട്ട ഒരു കക്ഷി ഓട്ടോ റിക്ഷയിൽ തന്റെ ബന്ധുക്കളായ രണ്ടു സ്ത്രീകളെ ഇരുത്തി മുസ്‌ലിംകൾ കൂടിനിന്ന സ്ഥലത്തേക്ക് ഓടിച്ചു വന്നു. ആൾക്കൂട്ടത്തിൽ നിന്ന് ചിലർ ഈ ഓട്ടോറിക്ഷയിൽ അടിച്ച് ബഹളമുണ്ടാക്കി എന്ന് പറയുന്നു. പിന്നീട് പുറത്തു വന്ന വാർത്ത മുസ്‌ലിംകൾ ഈ സ്ത്രീകളെ ബലാത്സംഗം ചെയ്തു എന്നായിരുന്നു. ഇത് പ്രാദേശിക പ

കയറി വൃദ്ധൻമാരേയും കുട്ടികളേയും മാരകമായി പരുക്കേൽപിച്ചു. അഞ്ചുപേർ ഇരുവിഭാഗത്തിൽ നിന്നുമായി വെട്ടും കുത്തുമേറ്റ് മരിച്ചു. ഇവരിൽ രണ്ടുപേർ വൃദ്ധന്മാരായിരുന്നു. സുറത്ത്കൽ, തട്ടം ബയൽ, ഇഡ്യ, കാന, കുളായി, പൊക്കബെട്ടു തുടങ്ങിയ പ്രദേശങ്ങളിലും കലാപം അരങ്ങേറി. ഈ അക്രമങ്ങളെല്ലാം അരങ്ങേറിയിട്ടും പോലീസിന് നിഷ്ക്രിയമായി നോക്കിനിൽക്കാനേ കഴിഞ്ഞുള്ളു എന്ന് ജനങ്ങൾ പറയുന്നു. അക്രമത്തിൽ കൊല്ലപ്പെട്ട മൂന്ന് പേരുടെ മയ്യിത്ത് മംഗലാപുരം വെൻലോ ഹോസ്പിറ്റലിൽ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം സീനത്ത് ബക്ഷി മസ്ജിദിൽ കഫൻ ചെയ്യുന്നതിനായി കൊണ്ടുവന്നു. ആയിരക്കണക്കിൽ ആളുകൾ മയ്യിത്ത് കാണുന്നതിനു വേണ്ടി തടിച്ചുകൂടിയിരുന്നു. ജനങ്ങളെ ഒഴിവാക്കുന്നതിന് പോലീസിന് വെടിവെക്കേണ്ടിവന്നു. ബഹളത്തിനിടയിൽ 35 വയസ്സുള്ള ഒരു മുസ്‌ലിം യുവാവ് മരിച്ചു. ഇത് മംഗലാപുരം സിറ്റി പ്രദേശമായ ബന്ദറിൽ അനിഷ്ടസംഭവങ്ങൾക്ക് ഇടയാക്കി. പോലീസിന്റെ പക്ഷപാതപരമായ പെരുമാറ്റം ജനങ്ങളിൽ അസംതൃപ്തി ഉളവാക്കിയിട്ടുണ്ടെന്നതാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബന്ദറിലെ അനിഷ്ട സംഭവങ്ങൾക്ക് പുറകെ പുത്തൂർ, കല്ലടുക്ക, ബൺട്വാല, മാരിപള്ള തുടങ്ങിയ പ്രദേശങ്ങളിലും കലാപത്തിന്റെ തീപ്പൊരിവീണു. ദ്രുത

യിമാറി. അത്യാവശ്യത്തിനുള്ള ഭക്ഷ്യ വസ്തുക്കൾ പോലും ശേഖരിക്കാൻ കഴിഞ്ഞില്ല. നമസ്കാരത്തിന് പോലും പുറത്തിറങ്ങാൻ പറ്റാത്ത സാഹചര്യമുണ്ടായി. ഭക്തിയും സഹനവുമായി കഴിഞ്ഞുകൂടേണ്ട റമദാനിൻെറ രാപ്പകലുകൾ അവരെ സംബന്ധിച്ചിടത്തോളം കലാപത്തിന്റെ ദുർദിനങ്ങളായി അനുഭവപ്പെട്ടു.

ഒരിക്കലും ഇതൊരു ഹിന്ദു മുസ്‌ലിം വർഗീയ കലാപമായി അംഗീകരിക്കാൻ സൂറത്ത്കൽ നിവാസികൾ ഭൂരിഭാഗവും ഒരുക്കമല്ല. ബാബ്‌രിമസ്ജിദ് തകർന്ന സാഹചര്യത്തിൽപോലും വർഗീയതയുടെ തീപൊരിവീണിട്ടില്ലാത്ത ഞങ്ങളുടെ പ്രദേശത്ത് ഇത്രയും കുഴപ്പങ്ങൾ സൃഷ്ടിച്ചത് ചില ബാഹ്യശക്തികളുടെ ഗൂഢതന്ത്രങ്ങളുടെ ഫലമാണെന്നാണ് അവർ കരുതുന്നത്. അക്രമകാരികൾ മുസ്‌ലിം ഭവനങ്ങളിൽ കയറി മദയാനകളെ പോലെ പെരുമാറിയപ്പോഴും പല മുസ്‌ലിം കുടുംബങ്ങൾക്കും തങ്ങളുടെ വീടുകളിൽ സംരക്ഷണമേകാൻ ഹൈന്ദവ സുഹൃത്തുക്കൾ തയ്യാറായി എന്നത് പ്രദേശവാസികൾക്കിടയിലെ സൗഹാർദ്ദത്തെയാണ് കാണിക്കുന്നത്. ഈ വിധം സംരക്ഷണം നൽകിയ ചില ഹിന്ദു സുഹൃത്തുക്കൾ ഇപ്പോഴും കലാപകാരികളുടെ ഭീഷണി നേരിടുന്നുണ്ടത്രെ. കലാപകാരികളിൽ ഭൂരിഭാഗവും തങ്ങൾക്ക് പരിചയമില്ലാത്ത വ്യക്തികളാണെന്നതുത

ലെ പരാമർശങ്ങൾ വളരെ പ്രകോപനപരമായിരുന്നു എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതെല്ലാം കൂടി കൂട്ടി വായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ഇതൊരു ഫാസിസ്റ്റ് തന്ത്രത്തിന്റെ ആവർത്തനം മാത്രമാണെന്നാണ്. മുസ്‌ലിംകളുടെ ജീവനും സ്വത്തും അപകടപ്പെടുത്താനും അവരെ സാമ്പത്തികമായി പരമാവധി തളർത്തുവാനും ഫാസിസ്റ്റുകൾ നടത്താറുള്ള ശ്രമം ഇവിടെയും ഒട്ടൊക്കെ വിജയിച്ചു എന്നുവേണം കരുതാൻ.

കലാപത്തിനിരയായവർക്ക് പരമാവധി സഹായങ്ങളെത്തിച്ചു കൊടുക്കാൻ മുസ്‌ലിം സംഘടനകൾ ശ്രമിച്ചിട്ടുണ്ട്. മംഗലാപുരത്തെ സലഫി പ്രവർത്തകർ റിലീഫ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇത്തിഹാദു ശുബ്ബാനിൽ മുജാഹിദീൻ കേരള കമ്മിറ്റി അറുപതിനായിരത്തിലധികം രൂപയുടെ ഇഫ്താർ കിറ്റുകളും മറ്റും വിതരണം ചെയ്തു. ഓർക്കാപുറത്ത് എല്ലാം നഷ്ടപ്പെട്ട സൂറത്ത്കൽ നിവാസികളെ സംബന്ധിച്ചിടത്തോളം ഈ റിലീഫ് പ്രവർത്തനങ്ങൾ വളരെ അനുഗ്രഹമായി.

കലാപം നഗരപ്രദേശങ്ങളിൽ ഒട്ടൊക്കെ കെട്ടടങ്ങിയെങ്കിലും പലഗ്രാമങ്ങളിലും ജനങ്ങൾ പരിഭ്രാന്തരായിതന്നെ കഴിയുകയാണ്. ചില പ്രദേശങ്ങളിൽ അക്രമകാരികളെ ഭയന്ന് മൂന്നും നാലും വീടുകളിലെ അംഗങ്ങൾ ഒരേ വീട്ടിൽ താ

കൾ പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് ചെയ്തു. ഇതേ തുടർന്ന് 307-ാം വകുപ്പ് ഒഴിവാക്കുകയും 324-ാം വകുപ്പായി ലഘൂകരിച്ച് അക്രമികളെ പുറത്തുകൊണ്ടുവരുകയും ചെയ്തു. കോളെജ് കേമ്പസിൽ നടന്നു എന്ന് പറയപ്പെടുന്ന പ്രണയകഥ കോളെജ് യൂനിയൻ ചെയർമാൻ നിഷേധിച്ചതായും വാർത്തയുണ്ട്.

പുറത്തു വന്ന അക്രമികളെ ടെമ്പോയുടെ മുകളിൽ കയറ്റി ഇരുത്തി മാലയിട്ടു സ്വീകരിക്കുകയും അങ്ങാടിയിലൂടെ ജാഥയായി ആനയിക്കുകയും ചെയ്തു.

വന്നു. ആൾക്കൂട്ടത്തിൽ നിന്ന് ചിലർ ഈ ഓട്ടോറിക്ഷയിൽ അടിച്ച് ബഹളമുണ്ടാക്കി എന്ന് പറയുന്നു. പിന്നീട് പുറത്തു വന്ന വാർത്ത മുസ്‌ലിംകൾ ഈ സ്ത്രീകളെ ബലാത്സംഗം ചെയ്തു എന്നായിരുന്നു. ഇത് പ്രാദേശിക പത്രങ്ങളും പ്രാധാന്യം നല്കി പ്രസിദ്ധീകരിച്ചു. ഇതോടെ സുറത്ത്കൽ കലാപകാരികളുടെ പിടിയിലമരുകയായിരുന്നു. പിറ്റേന്ന് കാലത്തുമുതൽ 250 ഓളം വീടുകൾ അക്രമികൾ കൊള്ളയടിച്ചു. മതസ്ഥാപനങ്ങൾപോലും ആക്രമണത്തിന് വിധേയമായി. വീടുകളിൽ

ളിൽ അസംതൃപ്തി ഉളവാക്കിയിട്ടുണ്ടെന്നതാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബന്ദറിലെ അനിഷ്ട സംഭവങ്ങൾക്ക് പുറകെ പുത്തൂർ, കല്ലടുക്ക, ബൺട്വാല, മാറിപള്ള തുടങ്ങിയ പ്രദേശങ്ങളിലും കലാപത്തിന്റെ തീപ്പൊരിവീണു. ദ്രുതകർമസേന രംഗത്തെത്തുകയും കർഫ്യൂ പ്രഖ്യാപിക്കുകയും ചെയ്തതോടെയാണ് കലാപത്തിന് അൽപം അയവുവന്നത്. കർഫ്യൂ ഏർപ്പെടുത്തിയതിനാൽ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം റമദാനിന്റെ രാപ്പകലുകൾ മുഴുപ്പട്ടിണിയുടെ ദിനങ്ങളാ

സംരക്ഷണം നൽകിയ ചില ഹിന്ദു സുഹൃത്തുക്കൾ ഇപ്പോഴും കലാപകാരികളുടെ ഭീഷണി നേരിടുന്നുണ്ടത്രെ. കലാപകാരികളിൽ ഭൂരിഭാഗവും തങ്ങൾക്ക് പരിചയമില്ലാത്ത വ്യക്തികളാണെന്നതുതന്നെ ഇതൊരു ആസൂത്രിത നീക്കത്തിന്റെ ഭാഗമാണെന്ന് തെളിയിക്കുന്നുവെന്നത്രെ സൂറത്തുകൽ നിവാസികൾ പറയുന്നത്. അതോടൊപ്പം തന്നെ കലാപം പൊട്ടിപ്പുറപ്പെടുന്നതിന്റെ രണ്ടാഴ്ചമുമ്പ് ഹിന്ദുജാഗരണമഞ്ചിന്റെ സംസ്ഥാന അധ്യക്ഷൻ സുറത്ത്കലിൽ പ്രസംഗിച്ചിരുന്നു. ഈ പ്രസംഗത്തി

ഒട്ടൊക്കെ കെട്ടടങ്ങിയെങ്കിലും പലഗ്രാമങ്ങളിലും ജനങ്ങൾ പരിഭ്രാന്തരായിതന്നെ കഴിയുകയാണ്. ചില പ്രദേശങ്ങളിൽ അക്രമകാരികളെ ഭയന്ന് മൂന്നും നാലും വീടുകളിലെ അംഗങ്ങൾ ഒരേ വീട്ടിൽ താമസിക്കുന്നുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കേണ്ട നിയമപാലകരും ജനനായകരും പക്ഷപാതപരമായ സമീപനങ്ങൾ ഒഴിവാക്കി ജനങ്ങൾക്ക് നീതി ഉറപ്പ് വരുത്താൻ തയ്യാറാവുകയാണെങ്കിൽ ഈ ഭയാശങ്കകൾക്ക് അറുതിവരുത്താൻ കഴിയും.

**ഐ പി**

---

*( 12 ൽ നിന്ന് )*

വെച്ചുപലർത്തുന്ന ചേകന്നൂർ മൗലവി അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് റാഞ്ചപ്പെട്ടതും.

ബാബരി മസ്ജിദ് സംഭവത്തിൽ പ്രതികരിച്ച് മലബാർ മുസ്‌ലിംകൾ ഒരത്യുഗ്രൻ എയർപോർട്ട് മാർച്ച് നടത്തിയപ്പോൾ കാന്തപുരം ഗ്രൂപ്പ് അത് പൂർണമായും ബഹിഷ്കരിക്കുകയായിരുന്നു. തുടർന്ന് തെരഞ്ഞെടുപ്പാസന്നമായി. നരസിംഹറാവു വോട്ടുകൾ കച്ചവടം ചെയ്യാൻ തന്റെ വിശ്വസ്ത അനുചരൻ ചവാനെയും കൂട്ടുകാരെയും മർക്കസിലേക്കയച്ചപ്പോൾ അവർക്കുവേണ്ടി പരവതാനി വിരിക്കാനോ ബാബരിയുടെ രക്തക്കറ പുരണ്ട ചവാന്റെ കരങ്ങൾ പിടിച്ചു കുലുക്കാനോ കാന്തപുരത്തിന് അശേഷം മടിയുണ്ടായില്ല. ഇത് പറയുമ്പോൾ ജമാഅത്തെ ഇസ്‌ലാമിക്കാർ നടത്തുന്ന ജെ ഡി റ്റിയിൽ ചവാൻ കയറാത്തതിന്റെ അസൂയ കൊണ്ടു പറയുകയാണെന്നാണ് എ പി ഗ്രൂപ്പിന്റെ മറുപടി. ജമാഅത്തുകാർ രാജ്യദ്രോഹികളാണെന്നോ പാക് ചാരൻമാരാണെന്നോ എന്തു പറഞ്ഞാലും അവർ സഹിക്കുമായിരിക്കും. എന്നാൽ, ജെ ഡി റ്റി നടത്തുന്നത് ജമാഅത്താണെന്ന് പറഞ്ഞാൽ ജമാഅത്ത് അമീറോ ജെ ഡി റ്റി മാനേജ്മെന്റോ ആരാണ് ആദ്യം കോടതിയിൽ പോവുക എന്ന് കണ്ടറിയണം.

ഇത് പറയുമ്പോൾ സുന്നീ കേരളത്തിന് കാന്തപുരം മുസ്‌ലിയാർ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെ ഈ ലേഖകൻ ഒട്ടും ചെറുതായിക്കാണുന്നില്ല. സുന്നികൾക്ക് നട്ടെല്ല് വെച്ചുപിടിപ്പിച്ചത് കാന്തപുരമാണെന്നും വിദ്യാഭ്യാസരംഗത്തും മറ്റും അദ്ദേഹം അർപ്പിക്കുന്ന സേവനങ്ങൾ വിലപ്പെട്ടതാണെന്നുമൊക്കെ അംഗീകരിക്കുന്നു. എന്നാൽ ഇതുവഴിയൊക്കെ ലഭിക്കുന്ന ഊർജവും പിന്തുണയുമെല്ലാം അദ്ദേഹം വിനിയോഗിക്കുന്നത് സമുദായത്തിൽ കൂടുതൽ ഛിദ്രത വളർത്താനാണ് എന്നതാണ് ദൗർഭാഗ്യകരം. ഒരു വിടവുണ്ടെങ്കിൽ അവിടെ ഒരു വിരലിനു പകരം ഒരു കൈ മുഴുവൻ കടത്താനാണ് അദ്ദേഹത്തിന്റെയും അനുയായികളുടെയും ശ്രമം. അതുകൊണ്ടാണ് കാന്തപുരം ഗ്രൂപ്പ് വളരുന്നത് അക്ഷേഷ്യ പോലെയാണെന്ന് ചിലരെങ്കിലും ആശങ്കയോടെ പറയുന്നത്. ഈ ഗ്രൂപ്പിന് സുന്നീ വിഭാഗത്തിൽ പരമമായ പ്രാമുഖ്യം ലഭിച്ചു കഴിഞ്ഞാൽ ഇവിടെ കത്തിക്കുത്തും തമ്മിലടിയും ഒഴിഞ്ഞ നേരമുണ്ടാവില്ലെന്ന് തീർച്ച. തങ്ങളല്ലാത്ത മുസ്‌ലിംകളിലെ ഇതര വിഭാഗങ്ങളെ കണ്ടാൽ നായയെപ്പോലെ മുരളണമെന്നും അവരോട് മനുഷ്യത്വപരമായി പെരുമാറരുതെന്നും ഒരാൾ മതഗ്രന്ഥങ്ങൾ നിവർത്തിവെച്ചു പറയാൻ തുടങ്ങിയാൽ സമുദായം തമ്മിൽ തച്ചു പിരിഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ. അതുകൊണ്ടുതന്നെ കാന്തപുരം ഗ്രൂപ്പ് കൈവരിക്കുന്ന നേട്ടങ്ങളത്രയും മുസ്‌ലിം കേരളത്തെ ആശങ്കാജനകമായ ഒരു പതനത്തിലേക്കെത്തിക്കുന്നു. എന്ത് ചെയ്യണമെന്നും അദ്ദേഹത്തിന്റെ മതതീവ്രതയെ എങ്ങനെ കുറച്ചുകൊണ്ടുവരാനാവുമെന്നും സമുദായ സ്നേഹികൾ കൂടിയിരുന്നാലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ചുരുക്കം.

തന്റെ ശക്തിയുടെയും സ്വാധീനത്തിന്റെയും ഊക്ക് പരീക്ഷിക്കാൻ കാന്തപുരം ഇറക്കിയ ഒരു നമ്പറാണ് വാസ്തവത്തിൽ കഴിഞ്ഞ മാസപ്പിറവി സംഭവം. ശാസ്ത്രദൃഷ്ട്യാ അന്ന് മാസം കാണാൻ ഒരു സാധ്യതയുമില്ല. അർധരാത്രി സൂര്യനെക്കണ്ടാൽ താഴെ പറയുന്ന നമ്പറുകളിൽ വിളിച്ചു പറയണമെന്ന് പറയുന്നതിലെ യുക്തിയേ ഇത് സംബന്ധമായി ഖാദിമാരുടെ അഭ്യർഥനയിലുള്ളൂ. ബേപ്പൂരിൽ മാസംകണ്ട വാർത്ത നിഷേധിക്കവെ ഭംഗ്യന്തരേണ ഇക്കാര്യം കോഴിക്കോട് വലിയ ഖാദി സൂചിപ്പിച്ചിരിക്കുന്നു. എന്നാൽപോലും ഇക്കാര്യത്തിൽ നബിവചനങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ തുടർന്നുപോരുന്ന ഒരു രീതിയുണ്ട്. വിശ്വസ്തരായ രണ്ട് മുതിർന്ന മുസ്‌ലിംകൾ മാസംകണ്ടിരിക്കുന്നു എന്ന് മാസം കാണാവുന്ന സാഹചര്യത്തിൽ സത്യം ചെയ്തു പറഞ്ഞാൽ ബാഹ്യമായതുകൊണ്ട് വിധിക്കാൻ ഖാദിമാർ ബാധ്യസ്ഥരാണ്. ആരുടെയും അകം ചുഴ്ന്ന് നോക്കാൻ ഖാദിമാർക്കാവില്ലല്ലോ. മാറാട് ബീച്ചിലൊഴിച്ച് മറ്റെവിടെയെങ്കിലും മാസം കണ്ടോ എന്ന വലിയ ഖാദിയുടെ ചോദ്യം അതിനാൽ പ്രസക്തമാണ് മാറാട് ബീച്ചിൽ ഒരു വിഭാഗം 'മാസം കാണാനായി' പ്രത്യേകം ചട്ടംകെട്ടി നിർത്തപ്പെട്ടവരായിരുന്നോ എന്നാവണം ഖാദിയുടെ സംശയം. അങ്ങനെയാണെങ്കിൽ അതംഗീകരിക്കാൻ രണ്ടുവട്ടം ആലോചിക്കണം. സ്വയം പ്രഖ്യാപിത ഖാദിക്കുവേണ്ടി നിർബന്ധമായും മാസം കണ്ടവരെ ഒറ്റയടിക്ക് വിശ്വസിക്കാത്ത വലിയ ഖാദിയെ ഇക്കാര്യത്തിൽ വല്ലാതെയൊന്നും വിമർശിച്ചുകൂടാ.

കാന്തപുരം ഉയർത്തുന്ന ഭീഷണി നിസ്സാരമായി കണ്ടുകൂടാ എന്നേടത്ത് നാം വീണ്ടും എത്തിച്ചേരുന്നു. അദ്ദേഹത്തിന്റെ കഴിവുകളും നേതൃപാടവവുമൊക്കെ അംഗീകരിച്ചു കൊണ്ടു പറയട്ടെ, അദ്ദേഹത്തിന്റെ മതതീവ്രതക്ക് തടയിടാഞ്ഞാൽ മുസ്‌ലിം കേരളം ആസന്നഭാവിയിൽ മിഹ്റാബിന്നകത്തും അകത്തെ പള്ളിയിലും വിവാഹവേദിയിലും മരണസ്ഥലത്തും മയ്യിത്ത് അടക്കം ചെയ്യുന്നേടത്തും ഏറ്റുമുട്ടി പരസ്പരം തച്ചുചാവും. തന്റെ സ്വാധീനത്തിന്റെ ഊക്ക് പരീക്ഷിക്കാൻ അമ്പിളിക്കലയുടെ പേരിൽ അദ്ദേഹം തൊടുത്തുവിട്ട ഒരമ്പാണ് മാസപ്പിറവി നാടകം എന്നോർത്തില്ലെങ്കിലും ഇക്കാര്യത്തിൽ സമുദായ സ്നേഹികൾ ഉണർന്നു പ്രവർത്തിച്ചേ തീരൂ.

●

മിക്കും. കൽക്കത്തയിലേയും കേരളത്തിലെയും സമയത്തിൽ 23 മിനുട്ടിന്റെ വ്യത്യാസമുണ്ട്".

കൽക്കത്തയിൽ ജനു. 17നു സൂര്യൻ അസ്തമിക്കുന്നതിന് 10 മിനുട്ട് മുമ്പ് തന്നെയാണ് ചന്ദ്രൻ അസ്തമിക്കുന്നത്. സൂര്യാസ്തമനം 5.13നു ചന്ദ്രാസ്തമനം 5.03നും അന്ന് കോഴിക്കോട്ടും അതേ വ്യത്യാസം തന്നെയാണുള്ളത്. സൂര്യാസ്തമയം 6.23നും ചന്ദ്രസ്തമനം 6.13നും. പക്ഷേ കോഴിക്കോട്ടെ ചന്ദ്രാസ്തമയം എപ്പോഴാണെന്ന് പ്ലാനറ്റേറിയം അധികൃതർ വ്യക്തമാക്കിക്കാണുന്നില്ല. കേരളത്തിലെയും കൽക്കകൊടുക്കുന്നു.

മാർച്ച് 25: 6.38, 5.49 – 49 മിനിട്ട്

ജൂൺ 21 : 6.52, 6.24 – 28 മിനിട്ട്

സ്പത 21: 6.24, 5.34 – 50 മിനിട്ട്

ഡിസ. 21: 6.09, 4.58 – 71 മിനിട്ട്

കൽക്കത്തയിലെ പ്രാദേശിക സമയവും (ലോക്കൽ മീൻടൈം) ഇന്ത്യൻ സ്റ്റാന്റേർഡ് സമയവും തമ്മിലുള്ള വ്യത്യാസമാണ് ഉദ്ദേശിച്ചതെങ്കിൽ അത് 23 മി. 36 സെ ആകുന്നു. സെക്കന്റ് ഒഴിവാക്കി മിനുട്ടെടുക്കാം. കൽക്കത്തയിലെ

...യിലെ 15.46 ...

ന്യൂമൂൺ സമയമാണ്. കഴിഞ്ഞ മുഹററത്തിൽ മണിക്ഫാൻ ഇറക്കിയ ആഗോളകലണ്ടറിലും ജനുവരി 17ൽ 15.46നെ ചേർത്തതും യൂണിവേഴ്സൽ സമയപ്രകാരമുള്ള ന്യൂമൂണിനെയാണ്; മാസപ്പിറവി സമയത്തെയല്ല. അതിനാൽ അതിന് മക്കയുമായി യാതൊരു ബന്ധവുമില്ല. എന്നിട്ടും പരിശുദ്ധ മക്കയെ (ഉമ്മുൽ ഖുറായെ) കേന്ദ്രീ

...ഫാന്റെ ഈ വിവരണം കണ്ടാൽ തോന്നും: ഏതെങ്കിലും ഒരിടത്ത് സൂര്യാസ്തമയത്തിനു മുമ്പ് ചന്ദ്രൻ അസ്തമിച്ചാൽ ആ ദിവസം മുതൽ തന്നെ കേരള ഹിലാൽ കമ്മിറ്റിക്കാർ ചന്ദ്രമാസമായി സ്വീകരിക്കാറുണ്ടെന്നും അതേപോലെ മാസം 29ന് അല്ല, 30നാണ് അവർ പിറവി നോക്കുന്ന പതിവ് സ്വീകരിച്ചതെന്നും. ഇത് സൂത്രത്തിലുള്ള ഒരു തെറ്റിദ്ധരിപ്പിക്കൽ കൂടിയാണ് എന്ന് പറയട്ടെ.

ഒരു വസ്തുതയെ തിരിച്ചുമറിച്ചു കാണിക്കുകയും എന്നിട്ടതിനെ വിമർശിക്കുകയും ചെയ്യുന്ന സമ്പ്രദായം മി. അലി മണിക്ഫാൻ മുമ്പേ സ്വീകരിച്ചുവ

(നോമ്പാണ്) എന്ന ഉമ്മുൽ ഖുറാ കലണ്ടറിനെ ആസ്പദമാക്കി പറയുകയും അതോടെ സാധാരണക്കാർക്കും മണിക്ഫാന് തന്നെയും മനസ്സിലാവാത്ത ന്യൂമൂൺ സമയം ചേർത്തു പറയുകയുമാണ് ചെയ്യാറുള്ളത്. ആ പിറവി ഏത് നാട്ടിൽ എപ്പോൾ ഉണ്ടാകുന്നുവെന്നൊന്നും അദ്ദേഹം ഒരിക്കലും കാണിക്കാറില്ല. ന്യൂമൂൺ സമയത്ത് ലോകത്തൊരിടത്തും മാസപ്പിറവി ഉണ്ടാകുന്നില്ല എന്ന യാഥാർഥ്യംപോലും അദ്ദേഹത്തിന്നറിയില്ലെന്നാണ് തോന്നുന്നത്.

*ഹസൻ പള്ളിക്കണ്ടി*
*(ഹിജ്റ ഹിലാൽ കമ്മിററി സ്ഥാപക സെക്രട്ടറി )*

## വിവാദവും വസ്തുതകളും

**പ്ലാനറ്റേറിയം അധികൃതർ സാക്ഷ്യപ്പെടുത്തുന്നു**

17 നു ചന്ദ്രപ്പിറവി കാണുക അസംഭവ്യമാണെന്ന് കോഴിക്കോട്ടെ റീജിനൽ സയൻസ് സെന്റർ & പ്ലാനറ്റേറിയം അധികൃതർ സംശയാതീതമായി പറയുന്നു. അന്ന് ചന്ദ്രപ്പിറവി കാണുമോ എന്ന ചോദ്യം തന്നെ അശാസ്ത്രീയമാണെന്ന് പ്രൊജക്ട് കോ- ഓഡിനേറ്റർ വി എസ് രാമചന്ദ്രൻ 'ശബാബി'നെ എഴുതി അറിയിച്ചിരിക്കുന്നു.

**ഒബ്സർവേറ്ററി ശരിവെക്കുന്നു**

കേരള യൂനിവേർസിറ്റിയുടെ ഒബ്സർവേറ്ററി 17നു മാസപ്പിറവി കാണുക സാധ്യമല്ലെന്ന് ഉറപ്പുവരുത്തിയിരിക്കുന്നു. ഇതു സംബന്ധമായ സർടിഫിക്കറ്റ് 'ശബാബി'ലുണ്ട്.

**ഇന്റർനെറ്റ് റിപ്പോർട്ട്**

ഇന്റർനെറ്റ് റിപ്പോർട്ടു പ്രകാരം ഇന്ത്യയിൽ ഒരിടത്തും 17 നു ചന്ദ്രോദയം കാണാൻ കഴിയില്ലെന്ന് പറയുന്നു. ഇതു സംബന്ധമായി ഫയൽ, നോർത്ത് അമേരിക്കയിലെ ആസ്ട്രോണമിക്കൽ ഇൻഫർമേഷൻ കോ- ഓഡിനേറ്റർ സ്ഥിരീകരിച്ചിട്ടുണ്ട്.


**യുവത വീഡിയോ**

ഉടൻ വിപണിയിൽ

**ഖുർആനിന്റെ അമാനുഷികത**
എൻജി: എൻ വി അബ്ദുറഹ്മാൻ

**ഇസ്‌ലാമിലെ സാമൂഹിക ബാധ്യതകൾ**
-സി പി ഉമർ സുല്ലമി




**ഹജ്ജ്**
ഹുസൈൻ മടവൂർ
*വില 200 രൂപ*

യുവത വീഡിയോ, ആർ എം റോഡ്, കോഴിക്കോട്-2.


## PEACE GUIDANCE CORNER

(Programme on Educational and Career Enhancement -Run by ISM)

### എം സി എ പ്രവേശനം

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളെജ്, കൊല്ലം ടി കെ എം തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളെജുകളിൽ ഉള്ള ത്രിവത്സര ഫുൾടൈം എം സി എ കോഴ്സിന്റെ (മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ) പ്രവേശന പരീക്ഷയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷ കൺട്രോളർ അപേക്ഷ ക്ഷണിച്ചു. ഓരോ കോളെജിലും 30 സീറ്റുകളുണ്ട്. മാത്സ്/സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായെടുത്ത ബി എസ് സി/ ബി കോം ബിരുദധാരികൾക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറവും വിശദാംശങ്ങളും അതത് കോളെജ് പ്രിൻസിപ്പൽമാരിൽ നിന്നു ലഭിക്കും. (*പ്രവേശന പരീക്ഷ ഫെബ്രുവരി 21ന്*)

### പി എസ് സി നിയമനങ്ങൾ

**ഹൈസ്കൂൾ അസിസ്റ്റന്റ് (കണക്ക്)**

കാറ്റഗറി നമ്പർ: 227/98
വകുപ്പ് : വിദ്യാഭ്യാസം, ശമ്പളം : 1350–2200 രൂപ
ഒഴിവുകൾ : പാലക്കാട്, മലപ്പുറം ജില്ലകളിലേക്ക്
പ്രായം : 18–39
യോഗ്യത: ബന്ധപ്പെട്ട വിഷയത്തിലുള്ള ഡിഗ്രിയും ബി എഡ്ഡും
അപേക്ഷിക്കേണ്ട വിലാസം : അതത് ജില്ലാ ആഫീസർമാർക്ക്

**എക്സൈസ് ഇൻസ്പെക്ടർ (പുരുഷന്മാർക്ക് മാത്രം)**

കാറ്റഗറി നമ്പർ : 224/98, വകുപ്പ് : എക്സൈസ്
ശമ്പളം : 1400–2600 രൂപ, ഒഴിവ് : 9, പ്രായം : 19–35
യോഗ്യത : ഡിഗ്രി, (ശാരീരിക യോഗ്യതകളും)
അയക്കേണ്ടവിലാസം : അണ്ടർ സെക്രട്ടറി – 3, ഗവൺമെന്റ് വിംഗ് (റിക്രൂട്ട്മെന്റ്), തുളസി ഹിൽ, പട്ടം പാലസ് പി ഒ
തിരുവനന്തപുരം – 695004
ഗസറ്റ് തിയ്യതി : 29.12.98
അവസാന തിയ്യതി : 24.2.99

RN 28095/75
Reg. No. KL/CT/18/98
Licenced to post without
Pre-Payment
Licence No. 19

# The Shabab Weekly

MARKAZUDA'WA, R.M. ROAD, CALICUT - 2

Page:20
Price Rs. 5.00
1999 January 29
Phone: 701812, 700172
Fax: 0495 703870

## സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും സന്ദേശ വാഹകരാവുക – ഇന്ത്യൻ സ്ഥാനപതി

കുവൈറ്റ്: സഹിഷ്ണുതയുടെയും സഹനത്തിന്റെയും ആഘോഷമായ ഈദുൽ ഫിത്വ്ർ ആഘോഷിക്കുമ്പോൾ സ്നേഹത്തിന്റെ സന്ദേശ വാഹകരാകുവാനുള്ള തയ്യാറെടുപ്പാണ് നടത്തുന്നതെന്നു കുവൈറ്റിലെ ഇന്ത്യൻ സ്ഥാനപതി പ്രഭുദയാൽ പറഞ്ഞു. കുവൈറ്റ് കേരള ഇസ്ലാഹി സെന്റർ ഈദുൽ ഫിത്വ്ർ ദിനത്തിൽ സംഘടിപ്പിച്ച ഈദ് സുഹൃദ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇസ്ലാം സമാധാനത്തിന്റെ മതമാണ്. സ്നേഹവും സഹിഷ്ണുതയുമാണ് അതിന്റെ മുഖമുദ്ര. ഇസ്ലാമിലെ ആഘോഷങ്ങൾ ഇവ പ്രതിഫലിപ്പിക്കുന്നവയാണ്. ഒരു മാസക്കാലം നീണ്ടുനിന്ന വ്രതാനുഷ്ഠാനത്തിലൂടെ ആത്മവിശുദ്ധി നേടിയവർ ദൈവ സ്തോത്രങ്ങൾ ഉരുവിട്ടുകൊണ്ട് നടത്തുന്ന ഈദ് ആഘോഷം വിളംബരം ചെയ്യുന്നത്, ദൈവത്തിനുമുന്നിൽ മനുഷ്യരെല്ലാം സമൻമാരാണെന്നാണ്. ഈദുൽ ഫിത്വ്ർ നൽകുന്ന സഹിഷ്ണുതയുടെ സന്ദേശം ഈ വേദിയിലും സദസ്സിലും പ്രകടമാണ്. വ്യത്യസ്ത മതവിഭാഗങ്ങളിലുൾപ്പെടുന്നവർ ഒരുമിച്ചിരുന്നുകൊണ്ട് ഈദ് ആശംസകൾ കൈമാറുകയും ഈദിന്റെ സന്ദേശം പങ്ക് വെക്കുകയും ചെയ്യുന്ന ഈ വേദി തന്നെ സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും പ്രതിഫലനമാണ്. ഇത്തരമൊരു വേദി സംഘടിപ്പിച്ച ഇസ്ലാഹിസെന്റർ പ്രത്യേകം അനുമോദനമർഹിക്കുന്നു കേരള മുസ്ലിംകൾക്കിടയിൽ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ നവോത്ഥാനത്തിനുവേണ്ടി ശ്രമിക്കുന്ന ഇസ്ലാഹിസെന്റർ ഇവിടെ നടത്തികൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും മാതൃകാപരവും ശ്ലാഘനീയവുമാണ്–പ്രഭുദയാൽ പറഞ്ഞു.

ചടങ്ങിൽ 'ഈദിന്റെ സന്ദേശം' എം എം അക്ബർ അവതരിപ്പിച്ചു.

ചേംബർ ഓഫ് കൊമേർസ് ഹാളിൽ വെച്ച് നടന്ന ഈദ് സുഹൃദ് സമ്മേളനം കെ കെ ഐ സി പ്രസിഡന്റ് പി എൻ അബ്ദുല്ലത്തീഫ് മദനി നിയന്ത്രിച്ചു. വ്യത്യസ്ത സംഘടനാ പ്രതിനിധികളായ സഗീർ തൃക്കരിപ്പൂർ (കെ കെ എം സി സി), ബേബികുര്യൻ (യു എം ഒ), ഡോ. ടി പി മേനോൻ (ഒ എം ഡബ്ല്യൂ എ), ഫാദർ ഡോ. അബ്രഹാം, വി പി ഷൗക്കത്തലി (കെ ഐ ജി), സി പി അസീസ് (കെ കെ ഐ സി), ഹമദ് ബക്റി (തമിഴ്നാട്) എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

ടി പി അബ്ദുൽ അസീസ് സ്വാഗതവും അബ്ദുൽ അസീസ് സലഫി നന്ദിയും പറഞ്ഞു.



## കെ എൻ എം ഹജ്ജ്ക്ലാസും കുത്തിവപ്പും

കോഴിക്കോട്: കെ എൻ എം ഹജ്ജ്-ഉംറ സർവീസിനു കീഴിൽ സംഘടിപ്പിക്കുന്ന ഹജ്ജ് യാത്രയ്ക്കുള്ള സംവിധാനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. മാർച്ച് 6,7 തിയ്യതികളിൽ എല്ലാ ഗ്രൂപ്പുകളും കോഴിക്കോട്ട് നിന്നു യാത്ര തിരിക്കും.

ഇതോടനുബന്ധിച്ച് നടത്തുന്ന ഹജ്ജ് ക്ലാസും കുത്തിവയ്പ്പും താഴെ പറയുന്ന ഷെഡ്യൂളനുസരിച്ച് സംഘടിപ്പിക്കുന്നതാണ്. കെ എൻ എം ഹജ്ജ് ഗ്രൂപ്പിൽ നിന്ന് ഹജ്ജിന് പോകുന്നവർ അതത് ദിവസങ്ങളിൽ ബന്ധപ്പെട്ട ജില്ലകളിൽ ക്ലാസിനും കുത്തിവയ്പ്പിനും എത്തിച്ചേരണമെന്ന് കൺവീനർ അറിയിക്കുന്നു.

### ഷെഡ്യൂൾ:

1. മലപ്പുറം വെസ്റ്റ്ജില്ല– 6.2.99 ശനി– കോട്ടക്കൽ മസ്ജിദ് ഇബ്രാഹീം അൽഖലീൽ കാമ്പസ്
2. കണ്ണൂർ, കാസർകോഡ് ജില്ല– 7.2.99 ഞായർ– കണ്ണൂർ ഇസ്ലാഹിയ അറബിക് കോളേജ് കാംപസ്
3. കോഴിക്കോട് ജില്ല– 10.2.99 ബുധൻ 10 am മർകസുദ്ദഅ്വ, കോഴിക്കോട്.
4. മലപ്പുറം ഈസ്റ്റ്, പാലക്കാട് ജില്ല– 13.2.99 ശനി– മഞ്ചേരി ഇസ്ലാഹി കാംപസ്.

തൃശൂർ, എറണാകുളം ജില്ലകളിൽ നിന്നുള്ളവരുടെ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

കെ എൻ എം ഹജ്ജ് ഗ്രൂപ്പിൽ പെടാത്ത ഹജ്ജ് യാത്രികർക്കും ഇതേ ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മണി മുതൽ ഇതേ കേന്ദ്രങ്ങളിൽ ഹജ്ജ് പഠന ക്ലാസുകൾ നടക്കുന്നുണ്ട്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ കൃത്യസമയത്ത് എത്തിച്ചേരുക.

( 6ൽ നിന്ന്)

ളിലെ സമയവ്യത്യാസം (മിനുട്ടിൽ) ക്രമത്തിൽ താഴെ കൊടുക്കുന്നു. – ചിഹ്നം സൂചിപ്പിക്കുന്നത് സൂര്യാസ്തമയത്തിന് മുമ്പ് ചന്ദ്രൻ അസ്തമിക്കുന്നുവെന്ന്:

| | |
|---|---|
| ആഗ്ര | (–21, 42) |
| ബാംഗ്ലൂർ | (–16, 42) |
| മുംബൈ | (–17, 43) |
| കോഴിക്കോട് | (–15, 42) |
| കൊച്ചി | (–15,42) |
| കൽക്കത്ത | (–21, 41) |
| കോയമ്പത്തൂർ | (–15,42) |
| ഡൽഹി | (–21,43) |
| ഹൈദരാബാദ് | (–17, 42) |
| കാസർകോഡ് | (–16, 42) |
| മദ്രാസ് | (–17,41) |
| തിരുവനന്തപുരം | (–14, 42) |

ഇന്ത്യയിൽ ഒരിടത്തും മാർച്ച് 17നു സൂര്യാസ്തമയത്തിന്ശേഷം ചന്ദ്രനെ കാണുകയില്ല. സൂര്യാസ്തമയത്തിന് മുമ്പ് തന്നെ ചന്ദ്രൻ അസ്തമിച്ച് പോകുന്നു.

**ചന്ദ്രൻ നമ്മുടേത് മാത്രമോ?**

വർഷത്തിൽ മൂന്നോ നാലോ ദിവസങ്ങളിൽ മാത്രമാണ് നാം ചന്ദ്രന്റെ കാര്യം ശ്രദ്ധിക്കുന്നത്. എന്നിട്ടും, ചന്ദ്രന്റെ കാര്യം ഞങ്ങൾ തീരുമാനിച്ച് കൊള്ളാം, മറ്റുള്ളവർക്ക് അതിലെന്ത് കാര്യം എന്നാണ് നമ്മുടെ ഭാവം! എന്നാൽ വാന നിരീക്ഷണ കേന്ദ്രങ്ങളുടെ സ്ഥിതി അതല്ല. എല്ലാ ദിവസവും രാവും പകലും അവയുടെ കണ്ണുകൾ ആകാശത്തേക്ക് തുറന്ന് വെച്ചിരിക്കയാണ്, അവരുടെ ടൈംടേബിൾ ലംഘിച്ചുകൊണ്ട് ഉദയാസ്തമയങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ. വല്ലപ്പോഴും സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും സമയം തെറ്റി ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്തിരുന്നെങ്കിൽ അത് വാനനിരീക്ഷണ കേന്ദങ്ങൾ കണ്ട് പിടിക്കുമായിരുന്നു. പത്രമാധ്യമങ്ങളിൽ അത് വലിയ വാർത്തയാകുമായിരുന്നു. പക്ഷെ അതൊ

## ഹിലാൽ കമ്മിറ്റിയുടെ പത്രപ്പരസ്യം തികച്ചും ശരിതന്നെ

കോഴിക്കോട്: ഇക്കഴിഞ്ഞ ജനുവരി 17ന് ഞായറാഴ്ച കേരളത്തിലൊരിടത്തും ശവ്വാൽ മാസപ്പിറവി കാണാൻ സാധ്യമല്ലെന്ന തങ്ങളുടെ അറിയിപ്പ് കേരളത്തിലെ ഒബ്സർവേറ്ററി, പ്ലാനറ്റേറിയം തുടങ്ങിയ സ്ഥാപനങ്ങളും ശരിവെച്ചതായാണറിവ് എന്ന പത്രപ്പരസ്യം തീർത്തും ശരിയാണെന്ന് കേരള ഹിലാൽ കമ്മിറ്റി പത്രക്കുറിപ്പിൽ വ്യക്തമാക്കി.

അന്നേദിവസം മാസപ്പിറവി കാണാൻ സാധ്യമല്ലെന്ന് കോഴിക്കോട്ടേയോ മറ്റേതെങ്കിലുമോ പ്ലാനറ്റേറിയം അധികൃതർ തങ്ങളെ അറിയിച്ചിട്ടുണ്ടെന്ന് ഹിലാൽ കമ്മിറ്റിയുടെ പത്രപ്പരസ്യത്തിലില്ല തന്നെ. എന്നിട്ടും കോഴിക്കോട് പ്ലാനറ്റേറിയം അധികൃതരെ ബോധപൂർവം തെറ്റിദ്ധരിപ്പിച്ച് ഹിലാൽ കമ്മിറ്റിയുടെ പത്രപ്പരസ്യം വാസ്തവ വിരുദ്ധമെന്ന പത്രവാർത്തയിറക്കിയ മാധ്യമത്തിന്റെ നടപടി തികച്ചും പ്രതിഷേധാർഹമാണ്.

കൽക്കത്തയിൽ നിന്നുള്ള വിവരങ്ങളനുസരിച്ച് ജനുവരി 17ന് കോഴിക്കോട്ട് സൂര്യനസ്തമിക്കുന്നതിന് പത്ത് മിനുട്ട് മുമ്പ് ചന്ദ്രൻ അസ്തമിക്കുമെന്ന് കോഴിക്കോട്ടെ പ്ലാനറ്റേറിയം അധികൃതർ വ്യക്തമാക്കിയതായുള്ള (24.1.99ലെ മാധ്യമം റിപ്പോർട്ട് തന്നെ ഹിലാൽകമ്മിറ്റിയുടെ അറിയിപ്പ് പൂർണമായും ശരിവെക്കുന്നതാണ്.

രാജ്യത്തെവിടെയെങ്കിലും ജനുവരി 17ന് ശവ്വാൽ മാസപ്പിറവി കണ്ടതായി ഗോളശാസ്ത്രപ്രകാരം എന്തെങ്കിലും തെളിവ് ഹാജരാക്കിയാൽ സ്വീകരിക്കാമെന്ന പ്രസ്താവന ഹിലാൽ കമ്മിറ്റി വീണ്ടും ആവർത്തിക്കുകയാണ്.

വിശ്വാസികൾക്കിടയിൽ ബോധപൂർവം ആശയക്കുഴപ്പം സൃഷ്ടിക്കുന്ന മാധ്യമത്തിന്റെ നീചമായ നടപടി മിതമായ ഭാഷയിൽ പറഞ്ഞാൽ സമുദായ ദ്രോഹമാണെന്ന് ഹിലാൽ കമ്മിറ്റി വ്യക്തമാക്കുന്നു.

( ൽ നിന്ന്)

ളിലെ സമയവ്യത്യാസം (മിനുട്ടിൽ) ക്രമത്തിൽ താഴെ കൊടുക്കുന്നു. '–' ചിഹ്നം സൂചിപ്പിക്കുന്നത് സൂര്യാസ്തമയത്തിന് മുമ്പ് ചന്ദ്രൻ അസ്തമിക്കുന്നുവെന്ന്:

17നു സൂര്യാസ്തമയത്തിന്ശേഷം ചന്ദ്രനെ കാണുകയില്ല. സൂര്യാസ്തമയത്തിന് മുമ്പ് തന്നെ ചന്ദ്രൻ അസ്തമിച്ച് പോകുന്നു.

**ചന്ദ്രൻ നമ്മുടേത് മാത്രമോ?**

വർഷത്തിൽ മൂന്നോ നാലോ ദിവസങ്ങളിൽ മാത്രമാണ് നാം ച

ര്യനും ചന്ദ്രനും ഗ്രഹങ്ങളും സമയം തെറ്റി ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്തിരുന്നെങ്കിൽ അത് വാനനിരീക്ഷണ കേന്ദ്രങ്ങൾ കണ്ട് പിടിക്കുമായിരുന്നു. പത്രമാധ്യമങ്ങളിൽ ഇത് വലിയ വാർത്തയാകുമായിരുന്നു. പക്ഷെ അതൊന്നും സംഭവിച്ച് കാണുന്നില്ല. ●



*കുവൈറ്റ് കേരള ഇസ്‌ലാഹി സെന്റർ സംഘടിപ്പിച്ച ഈദ് സുഹൃദ് സമ്മേളനം കുവൈറ്റിലെ ഇന്ത്യൻ സ്ഥാനപതി പ്രഭുദയാൽ ഉദ്ഘാടനം ചെയ്തു. പി എൻ അബ്ദുൽ ലത്തീഫ് മദനി തുടങ്ങിയവർ സമീപം*

# അക്രമ പ്രവണതക്കെതിരെ ഐക്യപ്പെടുക – ഐ എസ് എം

കോഴിക്കോട്: സമാധാനപരമായ ബോധവത്ക്കരണ യത്നങ്ങൾ നിർവഹിക്കുന്നവരെ അക്രമത്തിലൂടെ നേരിടുന്ന പ്രവണതയ്ക്കെതിരെ ഐ എസ് എം സംസ്ഥാന സെക്രട്ടറിയേറ്റ് ശക്തിയായി പ്രതിഷേധിച്ചു.

മണ്ണാർക്കാടിന്നടുത്ത ചങ്ങലീരിയിൽ രണ്ടുപേർ മരിക്കാനിടയായ ദാരുണ സംഭവം മാസപ്പിറവിയുടെ പേരിൽ വെച്ചുകെട്ടുന്നത് ശരിയല്ല. പ്രസംഗം തുടരുന്നതിനു മുമ്പുതന്നെ ആക്രമണം തുടങ്ങിയിരുന്നുവെന്നതാണ് വസ്തുത എന്നിരിക്കെ, പ്രകോപന പരമായ പ്രസംഗമാണ് സംഭവത്തിനു കാരണമെന്ന് വരുത്തിത്തീർക്കുന്നത് കടുത്ത അപരാധമാണ്. പ്രസംഗം പ്രകോപനപരമായിരുന്നുവെന്ന് കുറ്റപ്പെടുത്തുന്നവർ കല്ലെറിഞ്ഞും സ്റ്റേജും വീടും തകർത്തും അക്രമം അഴിച്ചുവിട്ടവരെപ്പറ്റി ഒന്നും പറയുന്നില്ലെന്നത് ഒരു അവിശുദ്ധ ബാന്ധവത്തിന്റെ ദയനീയമുഖമാണ് പ്രകടിപ്പിക്കുന്നത്. മുജാഹിദുകൾ ഭൂരിപക്ഷത്തിന്റെ വികാരം മാനിക്കണമെന്ന് ഒരു സംഘടനയുടേതായി വന്ന പ്രസ്താവന ധിക്കാരപരമാണ്. അതൊരു ഫാസിസ്റ്റു രീതിയാണ്. ആശയാദർശങ്ങൾ സമാധാനപരമായി പ്രചരിപ്പിക്കാനുള്ള ജനാധിപത്യ പരമായ അവകാശം വിനിയോഗിക്കാൻ മുജാഹിദുകൾക്ക് ഏതെങ്കിലും യാഥാസ്ഥിതിക ഗ്രൂപ്പിന്റെ തിട്ടൂരം ആവശ്യമില്ലെന്ന് സെക്രട്ടറിയേറ്റ് ബന്ധപ്പെട്ടവരെ ഓർമിപ്പിച്ചു. സമാധാനവും സംയമനവും മുജാഹിദുകളുടെ ദൗർബല്യമാണെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല.

അക്രമപ്രവർത്തനങ്ങൾക്കെതിരെ എല്ലാവരും ഐക്യപ്പെടണമെന്ന് സെക്രട്ടറിയേറ്റ് അഭ്യർഥിച്ചു.

പ്രസിഡന്റ് അബൂബക്കർ കാരക്കുന്ന് അധ്യക്ഷത വഹിച്ചു. എ അസ്ഗറലി, പി ടി വീരാൻകുട്ടി സുല്ലമി, സി പി സഈദ് ഫാറൂഖി, എം ഹാറൂൻ, കെ എ അബ്ദുൽ ഹസീബ് മദനി, പി പി ഖാലിദ്, പി എൻ അബ്ദുൽ അഹദ്, കെ പി സകരിയ്യ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# ഖുർആൻ ക്വിസ് ഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: പുതുമയും വ്യത്യസ്തതയും പുലർത്തി തികച്ചും നവ്യമായ അന്വേഷണങ്ങളുമായി റമദാനിലെ നാലു ലക്കങ്ങളിൽ ശബാബ് പ്രസിദ്ധീകരിച്ച 'ഖുർആൻ ക്വിസ് റമദാൻ-98'ന്റെ ആദ്യ രണ്ടു ലക്കങ്ങളിലെ ഫലം പ്രസിദ്ധീകരിച്ചു. ഖുർആനിന്റെ അകത്തും പുറത്തും നിന്നുള്ള ചോദ്യങ്ങൾ വിജ്ഞാനത്തിന്റെ പുതിയ ഉറവകൾ തേടിയുള്ള അന്വേഷണങ്ങളായിരുന്നു. ഓരോ ലക്കങ്ങളുടേയും ആയിരത്തോളം വീതം എൻട്രികളാണ് ലഭിച്ചത്. ഖുർആനിക വിജ്ഞാനങ്ങളിൽ ഇനിയും ഗവേഷണം അനിവാര്യമാണെന്ന് തെര്യപ്പെടുത്തും വിധമുള്ളവയായിരുന്നു ചോദ്യങ്ങളത്രയും. അക്ഷരങ്ങളിൽ നിന്നു തുടങ്ങി ബൗദ്ധികന്വേഷണങ്ങളിലേക്കിറങ്ങിച്ചെന്ന് ക്രോഡീകരണ ചരിത്രങ്ങളിലവസാനിച്ച ചോദ്യങ്ങൾ ഖുർആൻ പഠനത്തിലേക്ക് പുതുവെളിച്ചം പകർന്നു നൽകുന്നവയായിരുന്നു. തുടർലക്കങ്ങളിലെ ഫലങ്ങൾ വഴിയെ പ്രഖ്യാപിക്കും. വിജയികൾ.

**സെക്ഷൻ ഒന്ന്:**

1. സി മുഹമ്മദ് ബാലുശ്ശേരി
2. കെ പി അബ്ദുർറഹ്മാൻ, കക്കോവ്
3. ശൗക്കത്ത് അലി ടി കെ, ഇരിവേറ്റി

**സെക്ഷൻ രണ്ട്:**

1. എം സി അബൂബക്കർ, പുത്തൂർ
2. ഹമീദ് അലി കെ, പാലക്കാട്
3. സൈദലവി യു കൊട്ടപ്പുറം

പ്രസ്തുത ലക്കങ്ങളിലെ ഉത്തരങ്ങൾ താഴെ: (സെക്ഷൻ ഒന്ന്)

1. ഭൂരിപക്ഷം പറഞ്ഞ അർഥം ഇതും ഇതുപോലുള്ള അക്ഷരങ്ങളും ഖുർആനിന്റെ സാഹിത്യ വെല്ലുവിളിയാണെന്നാണ്.
2. സൂറത്തുന്നജ്മിൽ.
3. മക്കയിൽ നിന്നും രണ്ടുമാസത്തെ വഴിദൂരമുള്ള ബയ്തുൽമുഖദ്ദസിൽ ഒരു രാത്രികൊണ്ട് പോയിവരിക അസാധ്യമാണെന്നതും മുഹമ്മദ് (സ) മുമ്പൊരിക്കലും അവിടെ സന്ദർശിച്ചിട്ടില്ലെന്നതും അവിടെയുള്ള മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും അറിയാവുന്നതാണ്. അതേ ബയ്തുൽമുഖദ്ദസിൽ ഒരു രാത്രി കൊണ്ട് പോയി വന്നുവെന്നത്, അവിടം പല തവണ നേരിൽകണ്ടിട്ടുള്ള അവർക്ക് അദ്ദേഹത്തെ ചോദ്യം ചെയ്ത് പരീക്ഷിക്കാനും അവസരമൊരുക്കുകയാണ് ചെയ്തത്. അങ്ങനെ ഈ അത്ഭുതം വിശ്വസിക്കുന്നതിലൂടെ ആകാശാരോഹണമെന്ന മഹാത്ഭുതത്തെയും വിശ്വസിക്കാൻ വേണ്ടിയാണ് മിഅ്റാജ് മക്കയിൽ നിന്നാക്കിയത്.
4. ഇല്ല
5. ഇല്ലിയ്യൂൻ.
6. നാല് തോട്ടങ്ങൾ
7. എത്രകാലം അനുഭവിച്ചാലും എത്രയേറെ ആസ്വദിച്ചാലും മടുപ്പുളവാക്കാത്ത ഭൂമിയുടെ സൗന്ദര്യമാണ് പ്രകൃതിയുടെ വർണങ്ങളായ പച്ചയും നീലയും ചാലിച്ച ആരാമങ്ങൾക്കും ആറുകൾക്കുമുള്ളത്. മനുഷ്യൻ മനസ്സമാധാനത്തിന് എവിടെ കഴിയാനാഗ്രഹിക്കുന്നുവോ ആ ആസ്വാദനത്തിന്റെ അത്യുന്നതിയാണ് സ്വർഗമെന്ന് ഉണർത്താനാണ് ഇങ്ങനെ പരാമർശിച്ചിരിക്കുന്നത്.
8. സ്വഹാബത്തിനപ്പറ്റി 48:29ൽ റുഹമാഅ് എന്ന് പ്രയോഗിച്ചിട്ടുണ്ട്.
9. ഖുർആൻ പറയുന്നത് യാത്രാസംഘം എടുത്തു കൊണ്ടു പോകാനെന്നാണ്.
10. തപിച്ച (ചുട്ടുപഴുത്ത) കല്ല്.

(സെക്ഷൻ രണ്ട്)

1. ആലുഇംറാൻ : 154, അൽഫത്ഹ്: 29
2. ഫുർഖാൻ, അൽകിതാബ്, അദ്ദിക്റ്, അൽവഹ്യ്, അർറൂഹ്
3. ആറ്.
4. ഹഫ്സ്വ(റ)
5 അൽബഖറ
6. അൽബഖറ, ആലുഇംറാൻ
7. അൽബഖറ:219, അന്നിസാഅ്:43, അൽ മാഇദ: 90,91
8. മുസ്അബ്ബ്നു ഉമൈർ, സാലിം മൗല അബൂഹുദൈഫ
9. മുഹമ്മദ് നബി(സ)
10. രണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയെട്ട്.

Edited Printed and Published by Cheriyamundam Abdurrazak for SHABAB Publishers on behalf of Ithihadu Shubbanil Mujahideen State Committee
Printed at MCM Offset Press (a unit of Mangalam Publications) Kallai for I.S.M. Press, Kozhikode. Typesetting:Microprint, Calicut,Ph:701812